

ഗിരിദീപം
ഡിസംബർ 2023
ക്രിസ്തുമസ് ആശംസകൾ



ഡിസംബർ 03 നു
ജന്മദിനം ആഘോഷിക്കുന്ന
തലശ്ശേരി അതിരൂപതയുടെ
ഇടയൻ

## മാർ ജോസഫ് പാംപ്ലാനി

പിതാവിന്
അതിരൂപതകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

*Happy Birthday*

CONGRATULATIONS...






## Golden Jubilerians



Rev. Fr. Joseph
**Karakunnel**



Rev. Fr. George
**Pulickal**

ഡിസംബർ 2023

വാല്യം 06
ലക്കം 12

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 614 /2023, Circular No.10/2023 ........ 05
2. കെ.സി.ബി.സി. സർക്കുലർ - ബൈബിൾ ഞായർ ........ 08
3. കച്ചേരിക്കാര്യം ........ 12
4. അതിരൂപതാ കലോത്സവം - 'കൊയ്നോണിയ 2023' ........ 26
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 34
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 41
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 45
   - തിരുബാലസഖ്യം ........ 51
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 55
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 60
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 66
    - നിർമ്മലഗിരി കോളേജ് ........ 70
    - വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 73
    - സാൻജോസ് അക്കാദമി ........ 75
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് ........ 76
    - കുടുംബക്കൂട്ടായ്മ ........ 79
    - ADAM ........ 81
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 83
    - ഇൻഫാം ........ 86
    - ബയോ മൗണ്ടൻ ഫാർമേഴ്സ് ........ 87
    - എയ്ഞ്ചൽ ട്രസ്റ്റ് ........ 88
13. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 89
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 90
15. Engagements - December (Archbishop Mar Joseph Pamplany) ........ 92
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 94
17. Engagements - December (Archbishop Mar George Njaralakatt) ........ 96
18 വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 97
19. Engagements - December (Archbishop Mar George Valiamattam)........ 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 614 /2023, Circular No.10/2023

## ക്രിസ്തുമസ്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ ജനനത്തിനൊരുക്കമായ മംഗളവാർത്താക്കാലത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. രക്ഷകന്റെ ജനനത്തിനുവേണ്ടി ഏദേൻ തോട്ടത്തിന്റെ പടിവാതിൽ മുതൽ കാത്തിരുന്ന ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കുത്തരമായി ദൈവദൂതൻ മംഗളവാർത്തയുമായി വരുന്നതാണ് ഈ കാലഘട്ടത്തിൽ നാം ധ്യാനിക്കുന്നത്. ദൈവത്തിന്റെ ഇടപെടലുകൾക്കുവേണ്ടിയുള്ള നമ്മുടെയും പല കാത്തിരിപ്പുകളും അനന്തമായി നീണ്ടു പോകാറുണ്ട്. എന്നാൽ ദൈവം നിശ്ചയിച്ച നാളിൽ, സമയത്തിന്റെ പൂർത്തീകരണത്തിൽ, എല്ലാം കൃത്യമായി സംഭവിക്കും. ദൈവത്തിനായുള്ള കാത്തിരിപ്പുകൾക്കും ദൈവിക ഇടപെടലിനായുള്ള പ്രാർത്ഥനകൾക്കും സത്യമായും ഉത്തരം ലഭിക്കും എന്ന പ്രത്യാശയുടെ സന്ദേശമാണ് മംഗളവാർത്തക്കാലം പകർന്നു നല്കുന്നത്.

ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന സന്ദേശം മംഗളവാർത്തക്കാലത്തിൽ നാം ആവർത്തിച്ചു ശ്രവിക്കുന്നുണ്ട്. വന്ധ്യരും വൃദ്ധരുമായിരുന്ന സഖറിയായ്ക്കും എലിസബത്തിനും കുഞ്ഞിനെ നല്കികൊണ്ട് ഏതു പ്രതികൂല സാഹചര്യങ്ങളെയും അനുകൂലമാക്കാനുള്ള ദൈവത്തിന്റെ അപരിമേയമായ ശക്തിയാണ് അവിടുന്ന് വെളിപ്പെടുത്തുന്നത്. കന്യക ഗർഭം ധരിച്ച് പുത്രനെ പ്രസവിക്കുമെന്ന മംഗളവാർത്തയും ദൈവശക്തിയുടെ അനന്ത സാധ്യതയെയാണ് വെളിപ്പെടുത്തുന്നത്. സർവ്വശക്തനായ ദൈവം നിസ്സഹായനായ പിഞ്ചുകുഞ്ഞായി

പിറന്നു വീഴുന്നതും ദൈവത്തിനൊന്നും അസാധ്യമല്ല എന്നതിന്റെ സാക്ഷ്യമാണ്. പലപ്പോഴും അവിശ്വാസത്തിന്റെ അന്ധകാരത്തിൽ തപ്പിത്തടയുന്ന നാം ദൈവികശക്തിയെ തിരിച്ചറിയുന്നതിൽ പരാജയപ്പെടാറുണ്ട്. "നിന്നെ രക്ഷിക്കാനാകാത്തവിധം എന്റെ കരം കുറുകിപ്പോയിട്ടില്ല. നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം തരാനാകാത്തവിധം എന്റെ കാതുകൾക്ക് മാന്ദ്യം സംഭിവിച്ചിട്ടില്ല" ഏശയ്യ (59:1) എന്ന പ്രവാചകവചനം ഈ മംഗളവാർത്താക്കാലത്ത് നമ്മുടെ സങ്കടങ്ങളിൽ പ്രത്യാശ പകരട്ടെ.

കുടുംബങ്ങളിലാണ് ദൈവം മംഗളവാർത്ത അറിയിക്കുന്നത് എന്ന സത്യം നാം ശ്രദ്ധയോടെ മനസ്സിലാക്കേണ്ടത്. സഖറിയായുടെയും എലിസബത്തിന്റെയും കുടുംബത്തിലേക്കാണ് ദൈവത്തിന്റെ സന്തോഷവാർത്ത കടന്നുവരുന്നത്. യൗസേപ്പിതാവിന്റെയും മറിയത്തിന്റെയും കുടുംബത്തിലേക്കാണ് ദൈവിക സദ്‌വാർത്ത നല്കപ്പെടുന്നത്. ഈ കുടുംബാംഗങ്ങളുടെ നീതിനിഷ്ഠയും പ്രാർത്ഥനാ ചൈതന്യവും ദൈവഭയമുള്ള ജീവിതവുമാണ് മംഗളവാർത്ത ശ്രവിക്കാൻ അവരെ ഒരുക്കിയത്. നമ്മുടെ കുടുംബാംഗങ്ങളെയും അനേകം മംഗളവാർത്തകളുമായി ദൈവം സമീപിക്കുന്നുണ്ട്. ദൈവസാന്നിദ്ധ്യം തിരിച്ചറിയാനും അവിടുത്തെ സ്വരം ശ്രവിക്കാനും തക്കവിധത്തിൽ നാം ദൈവാനുഭവത്തിൽ ജീവിച്ചെങ്കിൽ മാത്രമേ അവിടുന്നു നല്കുന്ന മംഗളവാർത്തകളോട് ആമ്മേൻ പറയാൻ നമുക്കു കഴിയുകയുള്ളൂ. അതിനാൽ ഈശോയുടെ ജനനത്തിനൊരുക്കമായ ഇരുപത്തിയഞ്ചു നോമ്പുകാലം നമ്മുടെ കുടുംബങ്ങളെ കൂടുതൽ ആഴമേറിയ പ്രാർത്ഥനാ ചൈതന്യത്തിലും ദൈവാനുഭവത്തിലും വളർത്താൻ നമുക്കു പരിശ്രമിക്കാം. അനുദിനം നാം ചൊല്ലുന്ന ജപമാല പ്രാർത്ഥന മംഗളവാർത്തയിലെ ദൈവദൂതന്റെ വാക്കുകളുടെ ആവർത്തനമാണെന്ന സത്യം ഗ്രഹിച്ച് കൂടുതൽ തീക്ഷ്ണതയോടെ കൊന്ത ചൊല്ലാം. ഈ പ്രാർത്ഥനാവേളയിൽ പരിശുദ്ധ മറിയത്തിനെന്നതുപോലെ നമുക്കും ദൈവികമായ മംഗളവാർത്തകൾ ശ്രവിക്കാനാവും. സഖറിയാ കർത്താവിന്റെ ബലിപീഠത്തിൽ ധൂപം അർപ്പിക്കുമ്പോഴാണ് തന്റെ കുടുംബത്തിനുള്ള മംഗളവാർത്ത ശ്രവിക്കുന്നത്. അതിനാൽ ഇരുപത്തിയഞ്ചു നോമ്പു കാലം മുഴുവൻ കുടുംബാംഗങ്ങൾ ഒരുമിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് മംഗളവാർത്തകൾക്കായി പ്രാർത്ഥിക്കണം. ഈ ഇരുപത്തിയഞ്ചു നോമ്പുകാലം മുഴുവൻ അനുദിനം വിശുദ്ധ ബലിപീഠത്തിനു മുന്നിലെത്തുന്നവർക്കായി മംഗളവാർത്തയുമായി ദൈവദൂതൻ കാത്തിരിക്കുന്നുണ്ട് എന്ന വിശ്വാസം നമ്മെ പ്രത്യാശയുള്ളവരാക്കട്ടെ.

ഉണ്ണീശോയ്ക്കായി സുകൃതമഞ്ജരിയൊരുക്കാൻ കുഞ്ഞുങ്ങളെ

മാതാപിതാക്കളും മതാദ്ധ്യാപകരും പരിശീലിപ്പിക്കണം. സുകൃത ജപങ്ങൾ ചൊല്ലിയും ചെറിയ പരിത്യാഗങ്ങൾ അനുഷ്ഠിച്ചും, മാതാ പിതാക്കളെയും ഗുരുജനങ്ങളെയും അനുസരിച്ചും അനുദിനം ദിവ്യ കാരുണ്യത്തിൽ ഈശോയെ സ്വീകരിച്ചും കൂടുതൽ ജപമാലകൾ ചൊല്ലിയും ഈ സുകൃത മഞ്ജരിയൊരുക്കാൻ നമ്മുടെ മക്കളെ പ്രാപ്തരാക്കാം.

പിറക്കാൻ വീടില്ലാതെപോയ ദൈവപുത്രന്റെ ജന്മദിനമാണ് ക്രിസ്തുമസ്. ക്രിസ്തുമസിന്റെ പരിത്യാഗങ്ങളെ ചേർത്തുവച്ച് നമ്മുടെ ഇടവകയിലെ ഭവനരഹിതരായ ഒരു കുടുംബത്തെയെങ്കിലും സഹായിക്കാൻ കഴിഞ്ഞാൽ നമ്മുടെ ക്രിസ്തുമസ് ആഘോഷം അർത്ഥ പൂർണ്ണമാകും. മത്സ്യമാംസാദികൾ വർജിച്ചുകൊണ്ട് നാം നോമ്പാ ചരിക്കുമ്പോൾ പ്രസ്തുത പരിത്യാഗം പാവപ്പെട്ട ഒരു കുടുംബത്തി നുള്ള കരുതലാക്കി നമുക്ക് മാറ്റാം. നമ്മുടെ ഈ പങ്കുവയ്ക്കലിലൂടെ പുൽക്കൂട്ടിലെ ഉണ്ണിക്കു നാം പ്രിയപ്പെട്ടവരാകും.

സമാഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. പുൽക്കൂട്ടിൽ പിറന്ന ഉണ്ണിമിശിഹാ തന്റെ കുഞ്ഞിളം കൈകൾ ഉയർത്തി നമ്മെ എല്ലാവ രെയും ആശീർവദിക്കട്ടെ പിതാവിന്റെയും + പുത്രന്റെയും + പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 നവംബർ 26 ന് ഈശോയുടെ രാജത്വത്തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 ഡിസംബർ 03-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നട ക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

No. 3964/K-5/KCBC/OL/DS 17.10.2023

## ബൈബിൾ പാരായണ മാസവും ബൈബിൾ ഞായറാചര ണവും സംബന്ധിച്ച് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**പ്രിയമുള്ളവരേ,**

വചനം മാംസം ധരിച്ച യേശുവിന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഡിസംബർ, ബൈബിൾ പാരായണമാസമായും, ഈ വർഷം ഡിസം ബർ 17 “ബൈബിൾ ഞായറായും” കേരള കത്തോലിക്കാ സഭ ആചരി ക്കുകയാണ്. സിനഡാത്മകതയെക്കുറിച്ചുള്ള മെത്രാന്മാരുടെ പൊതു സിനഡിന്റെയും കേരളസഭാനവീകരണ വർഷങ്ങളുടെയും (2022–2025) ഭാഗമായി ഇപ്പോൾ നമ്മുടെ രൂപതകളിൽ ദിവ്യകാരുണ്യ ആഘോഷ ങ്ങളും പരിചിന്തനങ്ങളും നടന്നുവരികയാണല്ലോ. യോഹന്നാന്റെ സുവിശേഷം 6–ാം അധ്യായം അടിസ്ഥാനമാക്കി “ജീവന്റെ അപ്പം: വചനവും വിരുന്നും” (6,27–69) പരിചിന്തനം ചെയ്യുന്നത് ഉചിതമാ ണെന്ന് കരുതുന്നു.

I. യോഹന്നാൻ 6:35 “ഞാനാണ് ജീവന്റെ അപ്പം എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല”. യേശുവുമായുള്ള സമ്പർക്കത്തിന്റെ രണ്ട് തല ങ്ങളായോ ചലനങ്ങളായോ മേലുദ്ധരിച്ച വാക്യത്തിലെ “വരുക”, “വിശ്വ സിക്കുക” എന്ന ആഹ്വാനത്തെ നമുക്ക് മനസിലാക്കാം. സമാന്തരപദ ങ്ങളായിട്ടാണല്ലോ അവ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. തന്റെ അടു ത്തുവരുന്ന ആളുമായി യേശു സംവദിക്കും; യേശുവുമായുള്ള സംഭാ ഷണം വഴി അയാൾ തൃപ്തിയടയും. മനുഷ്യന്റെ എല്ലാ അന്വേഷണ ങ്ങളുടെയും അഭിലാഷങ്ങളുടെയും സഫലത യേശുവിലാണ്, അവി ടുത്തെ വചനത്തിലാണ്. അതുകൊണ്ടാണ് യേശു സ്വയം ജീവന്റെ അപ്പമെന്ന് വിശേഷിപ്പിക്കുന്നത്. ഫരിസേയപ്രമാണിയായ നിക്കൊ ദേമോസും, (യോഹ 3) ദാഹാർത്ഥയായ സമരിയാക്കാരി സ്ത്രീയും (യോഹ 4) ക്രിസ്തുവാകുന്ന ജീവജലത്തിന്റെ ഉറവയിലാണല്ലോ തങ്ങ ളുടെ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്തുന്നത്. ക്രിസ്തുവിന്റെ അടുത്ത് വരുന്നതിന്റെയും വിശ്വസിക്കുന്നതിന്റെയും ചിത്രങ്ങളാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്. വചനങ്ങൾ ശ്രവിച്ച് തൃപ്തിയടഞ്ഞവരാണവർ.

II. യോഹന്നാൻ 6,51: “സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ

എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ മാംസമാകുന്നു". ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാംഭാഗത്ത് "ജീവന്റെ അപ്പ"മെന്നത് ദിവ്യകാരുണ്യം തന്നെയാണെന്നുള്ള ബോധ്യത്തിലേക്കു നാം ആനയിക്കപ്പെടുന്നു. ആദ്യഭാഗത്ത് "ജീവന്റെ അപ്പം" എന്നത് യേശുവിന്റെ വചനമാണെങ്കിൽ, രണ്ടാംഭാഗത്ത് അത് ദിവ്യകാരുണ്യത്തെ സൂചിപ്പിക്കുന്നു. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന പോഷണത്തിന്റെ ഉൽകൃഷ്ടരൂപമാണ് ദിവ്യകാരുണ്യം. എന്നാൽ ജീവന്റെ വചനത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ജീവന്റെ അപ്പത്തിന്റെ അതിശ്രേഷ്ഠരൂപമായ ദിവ്യകാരുണ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ എന്നതാണ് വാസ്തവം. അതുകൊണ്ടാണ് അവന്റെ ശിഷ്യരിൽ പലരും "ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?" (6,60) എന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയത് (6,66). യേശുവിന്റെ വചനത്തിൽ വിശ്വസിക്കാത്തവർക്ക്, ദിവ്യകാരുണ്യത്തിലൂടെ ക്രിസ്തുവിനെ അനുഭവിക്കാത്തവർക്ക്, ക്രിസ്തു രഹസ്യത്തിന്റെ അർഥത്തിലേക്ക് പ്രവേശിക്കാനാവില്ല. ക്രൈസ്തവ വിശ്വാസത്തിന്റെയും ആരാധനയുടെയും ഉച്ചകോടിയും ഉറവിടവുമായി സഭ ദിവ്യകാരുണ്യത്തെ വീക്ഷിക്കുന്നത് മറ്റൊന്നുകൊണ്ടല്ല. വിശ്വാസികളായ നമുക്ക് ദൈവം സ്വയം സംലഭ്യനാകുന്നത് പരമപരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ ഇരുമേശകളായ വചനപീഠത്തിന്റെയും ബലിപീഠത്തിന്റെയും വേദിയിലാണ്.

III. **"കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണു ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6,68.69).** തന്റെ വാക്കുകൾ ആത്മാവും ജീവനുമാണെന്ന് യേശു പഠിപ്പിച്ചു (6,63). താൻ ജീവന്റെ അപ്പമാണെന്നും തന്റെ വചനം ശ്രവിക്കുകയും ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ടെന്ന ക്രിസ്തു പ്രഖ്യാപനത്തിനുള്ള വിശ്വാസപൂർണവും യുക്തവുമായ പ്രത്യുത്തരമാണ് മേൽ സൂചിപ്പിച്ച പത്രോസിന്റെ വാക്കുകൾ. ദിവ്യകാരുണ്യകൂദാശയിലൂടെ ക്രിസ്തുവിനെ വചനമായും അപ്പമായും സ്വീകരിക്കുന്ന വിശ്വാസി ദൈവപുത്രന്റെതന്നെ പരിശുദ്ധിയിലും ജീവനിലുമാണ് പങ്കുചേരുന്നത്. ലോകത്തിന്റെ ജീവനുവേണ്ടി യേശു നല്കുന്ന അപ്പം തന്റെ വചനവും മാംസവുമാണ്. വചനനിറവുള്ളവർക്കേ ദിവ്യകാരുണ്യരഹസ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ.

ഒഴിഞ്ഞകുടവുമായി ജലംതേടിവന്ന സമരിയാക്കാരി സ്ത്രീ, യേശു വചനത്താൽ നിറഞ്ഞ് കുടമുപേക്ഷിച്ച് (യോഹ 4,28.29) ഓടിയത് തന്റെ

ദാഹം ശമിച്ച വിവരം സന്തോഷപൂർവം തന്റെ നാട്ടുകാരോട് പങ്കുവയ്ക്കാനാണ്. ക്രിസ്തുവിന്റെ വാക്ക് അവളുടെ ജീവിതത്തിൽ ഇതിനകം ജീവന്റെ അപ്പമായിക്കഴിഞ്ഞിരുന്നു. വചനത്തിന്റെ പോഷണത്താൽ സംതൃപ്തരാകുന്നവർക്ക് പ്രേഷിതരാകാതിരിക്കാനാകില്ലെന്നും, അവരോരോരുത്തരും പ്രേഷിതരായി ഭവിക്കുന്നുവെന്ന് ഫ്രാൻസിസ് പാപ്പ പറയുന്നതിന്റെ പൊരുൾ സമരിയാക്കാരിയുടെ ജീവിതകഥ നമുക്ക് വ്യക്തമാക്കിത്തരുന്നു. (സുവിശേഷത്തിന്റെ സന്തോഷം *EG. 120*).

**കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും**

വചനനിറവിലേക്ക് കേരളസഭയെ ഈ നവീകരണ കാലയളവിൽ നയിക്കുന്നതിനായി കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് നിർവഹിക്കാനുള്ളത്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും സൈൻ ബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ പ്രസിദ്ധീകരണത്തിനായി തയ്യാറായി വരുന്നു. ഈ പരിഷ്ക്കരിച്ച പതിപ്പിന്റെ പുതിയ നിയമ പഠനബൈബിൾ 2021-ൽ പ്രസിദ്ധീകരിച്ചു. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും ബധിര-ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ലോഗോസ് പരീക്ഷയും ശ്രദ്ധയാകർഷിച്ചുവരുന്നു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ആഴത്തിൽ അറിവുപകരുന്ന വിജ്ഞാനരീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ബൈബിളിലെ പല പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ അദ്ധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടന്നുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യം വയ്ക്കേണ്ടത്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

**ബൈബിൾ പാരായണവും ബൈബിൾ ഞായറും**

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർഥനാപൂർവകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബകൂട്ടായ്മ

യിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനയ്ക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻബൈബിളും വായിച്ചുതീർക്കാൻ നമുക്കു സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണ മാസം സമുചിതമായി നടത്താൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾപ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ ആഹ്വാനം ചെയ്യുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലി മധ്യേയുള്ള സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾക്കാകട്ടെ. ദൈവവചനത്തിലധിഷ്ഠിതമായ നവീകരണയജ്ഞത്തിൽ കേരളസഭയോടൊപ്പം നമുക്കോരോരുത്തർക്കും പങ്കുചേരാം.

ദൈവവചനത്തിന്റെ നിറവിൽ അനുഗൃഹീതരാകാനും "പ്രേഷിത ശിഷ്യരാകാനും" നിങ്ങളേവരോടും ആഹ്വാനം ചെയ്തുകൊണ്ടും മനുഷ്യാവതാര തിരുനാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും

സ്നേഹാദരങ്ങളോടെ,

**+ ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

**+ ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

---

NB: 2023 ഡിസംബർ 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025

# കച്ചേരിക്കാര്യം
ഡിസംബർ 2023

## 1. പുതിയ നിയമനങ്ങൾ

i) റവ. ഫാ. ജോസ് വെട്ടിക്കൽ - ജുഡീഷ്യൽ വികാർ
(അധിക ചുമതല, 07.11.2023 മുതൽ)

ii) റവ. ഫാ. ജോസ് കാഞ്ഞിരത്തിങ്കൽ OFM Cap. - വികാരി,
കുറ്റിക്കോൽ (26.11.2023 മുതൽ)

iii)) റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളി - വികാരി വാണിയപ്പാറ
(02.12.2023 മുതൽ)

## 2. അഭിനന്ദനങ്ങൾ

a) **റവ. ഫാ. തോമസ് തടത്തിൽപുത്തൻവീട്ടിൽ**

ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകനായി ബഹു. തോമസ് തടത്തിൽപുത്തൻവീട്ടിൽ അച്ചൻ നിയമിതനായി. ബഹു. തോമസ് അച്ചന് അനുമോദനങ്ങളും ആശംസകളും നേരുന്നു.

b) **റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളി**

റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും സഭാചരിത്രത്തിൽ പ്രശംസനീയമാംവിധം ഡോക്ടറേറ്റ് പൂർത്തിയാക്കിയ ബഹു. കൊട്ടുകാപ്പള്ളി മാത്യു അച്ചന് അനുമോദനങ്ങൾ നേരുന്നു. റോമിലെ പൊന്തിഫിക്കൽ ആർക്കിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ക്രിസ്റ്റ്യൻ ആർക്കിയോളജിയിൽ ഡിപ്ലോമയും ബഹു. മാത്യു അച്ചൻ കരസ്ഥമാക്കി. ഉപരിപഠനം കഴിഞ്ഞ് 2023 നവംബർ 21 ന് അച്ചൻ അതിരൂപതയിൽ തിരിച്ചെത്തി. വാണിയപ്പാറ പള്ളിയുടെ വികാരിയായും കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ അധ്യാപകനായും ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന ബഹു. മാത്യു കൊട്ടുകാപ്പള്ളി അച്ചന് അനുമോദനങ്ങളും ആശംസകളും നേരുന്നു.
**റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളി : മൊബൈൽ - 73 06 55 56 53.**

c) **റവ. ഫാ. തോമസ് (മനു) മാപ്പിളപ്പറമ്പിൽ**

റോമിലെ പൊന്തിഫിക്കൽ ലാറ്ററൻ യൂണിവേഴ്സിറ്റിയിൽ നിന്നും സഭാനിയമത്തിൽ ഉന്നതമായ രീതിയിൽ ബഹു. തോമസ് മാപ്പിളപ്പറമ്പിലച്ചൻ ഡോക്ടറേറ്റ് നേടി. ബഹു. തോമസ് അച്ചൻ 2023 ഡിസംബർ 6 ന് നമ്മുടെ അതിരൂപതയിൽ തിരിച്ചെത്തും. പഠനം പൂർത്തിയാക്കി ശുശ്രൂഷയ്ക്കായി തിരികെ എത്തുന്ന ബഹു. മനു അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

d) **റവ. ഫാ. സ്കറിയ (ബെന്നി) നിരപ്പേൽ**

തലശ്ശേരി സോഷ്യൽ സർവ്വീസ് അപ്പസ്റ്റോലേറ്റ് ഡറക്ടർ ബഹു. സ്കറിയ നിരപ്പേൽ അച്ചൻ മേരി ഗ്ലോവെറി – ലിലിയൻ ബ്രോക്കൽമാൻസിന്റെ പേരിലുള്ള 2023 ലെ ഏറ്റവും നല്ല സന്നദ്ധസംഘടനയുടെ ഡയറക്ടർക്കുള്ള അവാർഡിന് അർഹനായി. 2023 ഡിസംബർ 6 ന് ഹൈദ്രബാദിൽവച്ച് ബഹു. നിരപ്പേൽ അച്ചൻ അവാർഡ് ഏറ്റുവാങ്ങും. ബഹു. ബെന്നിയച്ചന് അനുമോദനങ്ങൾ നേരുന്നു.

e) **റവ. ഫാ. ജോസഫ് (ജിതിൻ) വയലുങ്കൽ**

സന്യസ്തർക്കും വൈദികർക്കുമായി അഖില കേരളാടിസ്ഥാനത്തിൽ 'ദൈവദൂതർ പാടുന്നു' എന്ന പേരിൽ നടത്തപ്പെട്ട ഗാനാലാപന മത്സരത്തിൽ ബഹു. ജോസഫ് വയലുങ്കൽ അച്ചൻ ഒന്നാംസ്ഥാനത്തനർഹമായി. ബഹു. ജിതിനച്ചന് അനുമോദനങ്ങൾ നേരുന്നു.

### 3. നവ വൈദികർ

ഈ വർഷം തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി 13 മ്ശംശാനാമാരാണ് തിരുപ്പട്ടം സ്വീകരിക്കുന്നത്. കുന്നോത്ത്, ആലുവ, കോട്ടയം, ഉജ്ജൈൻ എന്നീ മേജർ സെമിനാരികളിൽ പരിശീലനം പൂർത്തിയാക്കി തിരുപ്പട്ട സ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കാം. തിരുപ്പട്ട സ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ കൊടുക്കുന്നു.

| പേര് | ഇടവക | തീയതി | സമയം |
|---|---|---|---|
| 1. മുണ്ടക്കൽ പോൾ | പാത്തൻപാറ | ഡിസം. 26 | 09.00 am |
| 2. മൂന്നാനാൽ മാത്യു | തിരുമേനി | ഡിസം. 27 | 09.00 am |
| 3. മുള്ളംകുഴി ജോൺ | പടുപ്പ് | ഡിസം. 27 | 09.00 am |
| 4. കരിങ്ങാലിക്കാട്ടിൽ ജോസഫ് | ചെറുപുഴ | ഡിസം. 28 | 09.00 am |
| 5. ആനിക്കുഴിക്കാട്ടിൽ മാത്യു | ബളാൽ | ഡിസം. 28 | 09.00 am |
| 6. ചെമ്പ്ളായിൽ മാത്യു | ചെമ്പേരി | ഡിസം. 29 | 09.00 am |
| 7. ചെമ്പകശ്ശേരിൽ ചെറിയാൻ | പാലത്തുംകടവ് | ഡിസം. 30 | 09.00 am |
| 8. തൈപ്പറമ്പിൽ സെബാസ്റ്റ്യൻ | മണിപ്പാറ | ഡിസം. 30 | 09.00 am |
| 9. ചിന്താർമണിയിൽ തോമസ് | ആനമഞ്ഞൾ | ജനു. 01 | 08.45 am |

| | | | |
|---|---|---|---|
| 10. തുരുത്തേൽ ജോസഫ് | കരിക്കോട്ടക്കരി | ജനു. 02 | 09.00 am |
| 11. ചെല്ലംകോട്ട് ജോസഫ് | കൊന്നക്കാട് | ജനു. 02 | 09.00 am |
| 12. തെങ്ങുംപള്ളിൽ ജോർജ് | കടുമേനി | ജനു. 03 | 08.45 am |
| 13. ചൊള്ളംപുഴ ജോസഫ് | ചുള്ളി | ജനു. 04 | 09.00 am |

**4. മംഗളവാർത്താക്കാലം**

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിനൊരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കമുണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**5. കൂരിയ ട്രൈബ്യൂണൽ അവധി**

ക്രിസ്മസ് പ്രമാണിച്ച് ഡിസംബർ 25 മുതൽ 30 വരെ അതിരൂപതാ കൂരിയായും ട്രൈബ്യൂണലും അവധിയായിരിക്കും.

**6. ബൈബിൾ ഞായർ**

ഡിസംബർ 17-ാം തീയതി ഞായറാഴ്ച കേരളസഭ ബൈബിൾ ഞായറായി ആചരിക്കുന്നു. ഡിസംബർ മാസം ബൈബിൾ പാരായണ മാസമായും ആചരിക്കുന്നു. വി. ഗ്രന്ഥത്തോട് ദൈവജനത്തിനുള്ള ആഭിമുഖ്യം വർദ്ധിക്കും വിധത്തിൽ യുക്തമായ വിധത്തിൽ ബൈബിൾ ഞായറും ബൈബിൾ പാരായണമാസവും ഇടവകകളിൽ ആചരിക്കുമല്ലോ.

**7. പി.പി.എഫ് അംഗങ്ങളുടെ ശ്രദ്ധക്ക്**

എല്ലാ പി.പി.എഫ് അംഗങ്ങളും തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽനിന്നും മരണംമൂലം വേർപിരിഞ്ഞുപോയ ബഹു. ജോർജ് നരിപ്പാറയച്ചനുവേണ്ടി ഒരു വി. കുർബാന അർപ്പിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. പാസ്റ്ററൽ കൗൺസിൽ യോഗം**

തലശ്ശേരി അതിരൂപതയുടെ 19-ാമത് പാസ്റ്ററൽ കൗൺസിലിന്റെ ആദ്യയോഗം 2023 ഡിസംബർ 09ന് ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ചേരുന്നതായിരിക്കും. പുതിയ പാസ്റ്ററൽ കൗൺസിലിനെ രൂപപ്പെടുത്തിക്കൊണ്ടുള്ള അഭിവന്ദ്യ പിതാവിന്റെ ഡിക്രിയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പ്രതിജ്ഞയും വിവിധ കമ്മിറ്റികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പും ഈ യോഗത്തിലാണ് നടക്കുന്നത്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എല്ലാവരും യോഗ ത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**Prot. No. 615 /2023**

## ARCHEPARCHY OF TELLICHERRY

### CONSTITUTION OF THE 19th PASTORAL COUNCIL

I, Archbishop Joseph Pamplany, hereby constitute the 19th Pastoral Council of the Archeparchy of Thalassery consisting of the following members. The duration of this council will be from **December 2023 - December 2026.**

**+ Mar Joseph Pamplany**
*Archbishop of Thalassery*

**EX OFFICIO MEMBERS**

| | |
|---|---|
| 1. Mar Joseph Pamplany | President, Archbishop Thalassery |
| 2. Msgr. Antony Muthukunnel | Vice President (Proto Syncellus) |
| 3. Msgr. Joseph Ottaplackal | Vice President (Syncellus) |
| 4. Msgr. Sebastian Palakuzhy | Vice President (Syncellus) |
| 5. Msgr. Mathew Elamthuruthipadavil | Vice President (Syncellus) |
| 6. Fr. Joseph Muttathukunnel | General Secretary (Chancellor) |
| 7. Fr. Joseph Kakkaramattathil | Finance Officer, Manager, San Jose Metropolitan School |
| 8. Fr. Jose Vettickal | Judicial Vicar |
| 9. Fr. George Karottu | Minor Seminary Rector, Cathedral Vicar |
| 10. Fr. Philip Kaviyil | Director Sandesa Bhavan, Laity Apostolate |
| 11. Fr. Thomas Paimpillil | Director Good Shepherd Pastoral Centre |
| 12. Fr. Mathew Sasthampadavil | Manager Corporate Ed. Agency |
| 13. Fr. Jacob Vennayappillil | Director Catechetical Apostolate |
| 14. Fr.George Kovattu | Director Family Apostolate |
| 15. Fr. Joseph Vadakkeparambil | Director Children Apostolate |
| 16. Fr. Thomas Valiplackal | Director KCYM/ SMYM |
| 17. Fr. Tom Olikarottu | Director Bible Apostolate |
| 18. Fr. Scaria Vadassery | Director Sanjose Academy |
| 19. Fr. Scaria Nirappel | Director Social Service Apostolate |

| | |
|---|---|
| 20. Fr. Kalarimuriyil George | Director ADAM |
| 21. Fr. Mathew Karickal | Director, Pratheeka, KCBC Madyavidudha Samithi, Mukthisree |
| 22. Fr. Vincent Mattathikunnel OFM Cap. | Director SFO |
| 23. Fr. Joseph Vayalumkal | Director FM Radio |
| 24. Fr. John Koovapparayil | Director Media Apostolate |
| 25. Fr.Thomas Amakkattu | Director Priest Home |
| 26. Fr. James Puthennada | Director Mother Home |
| 27. Fr. Abraham Puthussery | Director St. Joseph's Hospital |
| 28. Fr. Mathew Thekkemurry | Bursar Nirmalagiri College |
| 29. Fr. James Chellamkottu | Manager Vimal Jyothi Engineering College |
| 30. Fr. Sebastian Chennoth | Director Karunalayam, Santhwanam |
| 31. Fr. George Asarikunnel | Manager Santhom Estate Kunnoth |
| 32. Fr. Augustine Vadakkan | Manager San Maria Estate, Keezhpally |
| 33. Fr. Sebastian Cheripurath | Director SIFAM, Ponniam |
| 34. Fr. Madassery Lukose | Bio - Mountain |
| 35. Fr. Joseph Pathiyottil | Member Consultors body |
| 36. Fr. Jose Kalarickal | Member Consultors body |
| 37. Fr.Valiapramabil Mathew | Deepika Resident Manager |
| 38. Fr. Thomas Melvettam | Sec. Syro Malabar Commission for Catechism |
| 39. Fr. Pattamana Mathew | Major Seminary Kunnoth |
| 40. Fr. Karintholil Thomas | Major Seminary Vadavathoor |
| 41. Fr. Augustine Chennattu | Major Seminary Mangalaputha |
| 42. Fr. Emmanuel Attel | Proto presbyter: Alakode |
| 43. Fr.Antony Manjalamkunnel | „ Chempanthotty |
| 44. Fr. George Kanjirakkattu | „ Chemperi |
| 45. Fr.Thomas Vadakkemury | „ Edoor |
| 46. Fr. George Vallimala | „ Kasargode |
| 47. Fr. Augustine Pandianmackal | „ Kunnoth |
| 48. Fr. Joseph Thykkunnumpuram | „ Malome |
| 49. Fr. Piuos Padinjaremuriyil | „ Manikkadavu |
| 50. Fr. Abraham Madathimyalil | „ Marygiri |
| 51. Fr. Joseph Kavanady | „ Nellickampoil |

52. Fr. John Onamkulam — Proto presbyter: Paisakary
53. Fr. Joseph Varanath — „ Panathady
54. Fr. Thomas Kochukarottu — „ Peravoor
55. Fr. Mathew Vengakunnel — „ Thaliparamba
56. Fr. Martin Kizhakkethalackal — „ Thomapuram
57. Fr. Thomas Thengumpallil — „ Vayattuparamba
58. Fr. Johnson Anthyamkulam — „ Vellarikkundu

**PRESIDENTS & SECRETARIES**

| | |
|---|---|
| 59. Adv. Tony Joseph Punchakkunnel, Payyannur | President AKCC |
| 60. Mr. Shijo Srayil, Varakkadu | President CML |
| 61. Ms. Baby Plassery, Manikkadavu | CML State President |
| 62. Mr. Akhil C. J. Chalilputhenpurayil, Ulickal | President KCYM |
| 63. Mr. Akhil Dominic Ayilookunnel, Kolakkad | KCYM General Secretary |
| 64. Ms. Anu Joseph Mattathil, Paramba | KCYM Vice President |
| 65. Mrs. Sheeba Thekkedath, Chemperi | President Mathruvedi |
| 66. Mrs. Dimple Jose Koottumkal, Palavayal | Mathruvedi Joint Secretary |
| 67. Mr. Tomy Vettikkattil, Nellickampoil | President Madya Virudha Samithi |
| 68. Mr. Devasia T. D. Thypparambil, Ulickal | Secretary Madya Virudha Samithi |
| 69. Mrs. Shino Sibi Parackal, Chempanthotty | President Mukthisree |
| 70. Mrs. Soly Ramchanattu, Charal | Secretary Mukthisree |
| 71. Mr. Yesudhas Illickal, Iritty | President SFO |
| 72. Mr. Sunny Thomas, Nediyakalayil, Mandapam | President St. Vincent de Paul Society |
| 73. Mr. Benny Mathew Puthennadayil, Pathenpara | President, Teacher's Guild |
| 74. Mr. Baby Nettanany, Paisakkary | AKCC Global Vice President |
| 75. Mr. Chackochan Karamayil, Ulickal | Global Secreary AKCC |
| 76. Dr. M.J. Mathew Mandapathil, Edoor | President Kudumba Koottayma |
| 77. Mr. Biju Kochupoovakkottu, Kalichandaukkom | CML Secretary |
| 78. Ms. Eleykutty Edattu, Velimanam | CML State Executive Member |
| 79. Mrs. Sobbi Munjanatt, Manjalampuram | Marian Singles President |

80. Ms. Mary Maleparambil, Mandapam — Marian Singles State President
81. Mr. Selestin John Vadakkel, Peravoor — President Pro-life
82. Mr. Tomy Kanayankal, Manakkadavu — DFC

**RELIGIOUS SUPERIORS**

83. Sr. Jeseentha Sebastian NS — Superior Nazarath Sisters
84. Fr. Thomas Karingadayil OFM Cap — Provincial Superior OFM (Cap)
85. Sr. Treasa Palackal SH — Provincial Superior SH
86. Sr. Anila Mannoor SABS — Provincial Superior SABS
87. Sr. Anjaly FCC — Provincial Superior FCC
88. Sr. Little Therese CMC — Provincial Superior CMC
89. Sr. Ancy Mathew MSMI — Provincial Superior MSMI
90. Sr. Julia SMS — Provincial Superior SMS
91. Sr. Emily SKD — Regional Superior SKD

**ELECTED MEMBERS**

92. Fr. Mathew Palamattam — Presbyteral Council Representative
93. Fr. Johnson Vengaparambail — Presbyteral Council Representative

**FORANE REPRESENTATIVES**

94. Fr. John Noorammackal — Alakode Forane Representative
95. Mr. George Olikkunnel, Karthikapuram — ,,
96. Mr. Jibin Joseph Pallattu, Udayagiri — ,,
97. Mrs. Maya Johny Kannolil, Alakode — ,,
98. Fr. Thomas Vadakkemulanjanal — Chempanthotty Forane Representative
99. Mr. Jose Panniyammackal, Chempanthotty — ,,
100. Mr. Ebin Isaac, Kanjirathumkal Cheparamba — ,,
101. Mrs. Josepheena Pulickal, Kottoorvayal — ,,
102. Fr. Abraham Kochupurackal — Chemperi Forane Representative
103. Mr. Tenny Vengathadam, Nellikkutty — ,,
104. Mr. Thomas Kollamparambil, Ponamala — ,,
105. Mrs. Shelcy Abraham Kavanadyil, Chemperi — ,,
106. Fr. Thomas Poovanpuzha — Cherupuzha Forane Representative
107. Mr. Nithin CM, Chooranolil, Cherupuzha — ,,
108. Mr. Manoj Vadakkel, Koluvally — ,,
109. Mrs. Sandhya Sinoy Nellilnilkkumthadathil, Pulingome — ,,

| | |
|---|---|
| 110. Fr. George Kalappura | Edoor Forane Representative |
| 111. Mr. Mathewkutty Panthaplackal, Chedikulam | ,, |
| 112. Mr. Ronitt Thomas Palliparambil, Edoor | ,, |
| 113. Mrs. Biji Kalamattam, Edoor | ,, |
| 114. Fr. Louis Menachery | Kanhangad Forane Representative |
| 115. Mr. Victor Kodimattam, Kanhangad | ,, |
| 116. Mr. Jeevan Vathappally, Peria | ,, |
| 117. Mrs. Achamma Vettukattil, Neeleswaram | ,, |
| 118. Fr. Chacko Kudiparambil | Kasargode Forane Representative |
| 119. Mr. Dominic Pettapuzha, Kasargode | ,, |
| 120. Mr. Ajith C.A, Chiriyankadath, Kasargode | ,, |
| 121. Dr. Karmali P.A, Koottunkal, Kasargode | ,, |
| 122. Fr. Jaison Kolakkunnel | Kunnoth Forane Representative |
| 123. Mr. Alphons Kalappura, kilianthara | ,, |
| 124. Mr. Anderson Mecherikkunnel, Vaniyappara | ,, |
| 125. Mrs. Philomina Kakkattil, Kilianthara | ,, |
| 126. Fr. George Vellaringattu | Malome Forane Represenatative |
| 127. Mr. Sani Joseph Vadakkumparambil Malome | ,, |
| 128. Mr. Vipin Arackal, Chully | ,, |
| 129. Mrs. Annamma Mathew Thalappilly, Paramba | ,, |
| 130. Fr. George Elavumkunnel (Roby) | Manikkadavu Forane Representative |
| 131. Mr. Jose Pushpakkunnel, Manikkadavu | ,, |
| 132. Mr. Edwin Thekkemuriyil, Mattara | ,, |
| 133. Mrs. Cicily Pushpakkunnelm, Manikkadavu | ,, |
| 134. Fr. Mani Melvettam | Marygiri Forane Representative |
| 135. Mr. Thomas Kottadikkunnel, Marygiri | ,, |
| 136. Mr. Jibin Juno Kanjirathinkal, Perumpadavu | ,, |
| 137. Mrs. Jalaja Joy Vavolil, Cherupara | ,, |
| 138. Fr. Joseph Koyipuram (Edwin) | Nellickampoil Forane Representative |
| 139. Mr. Augustine Vengakkunnel, Puravayal | ,, |
| 140. Mr. Abin Vadakkekkara, Ulickal | ,, |
| 141. Mrs. Siji Naduthottathil, Kalluvayal | ,, |

| | | |
|---|---|---|
| 142. | Rev. Fr. Dennis Nellithanath | Paisakary Forane Representative |
| 143. | Mr. Thankachan V.M Vadakkekara, Chandanakampara | „ |
| 144. | Mr. Shinto Augustine Tharappil, Chanadanakamapara | „ |
| 145. | Mrs. Mini Rajeev Kottarathil, Ettupara | „ |
| 146. | Rev. Fr. Michael Manjakkunnel | Panathady Forane Representative |
| 147. | Mr. Johny Tholampuzha, Panathur | „ |
| 148. | Mrs. Suma Kuzhipala, Paduppu | „ |
| 149. | Ms. Rose Thottathil, Paduppu | „ |
| 150. | Rev. Fr. Edayadiyil Sebastian | Peravoor Forane Representative |
| 151. | Mr. Babu Jose Kadhaliyil, Perumpunna | „ |
| 152. | Mrs. Chippy Varikkamcakal, Aryaparamba | „ |
| 153. | Ms. Mary Plathanathu, Kolakkad | „ |
| 154. | Fr. Mathew Asariparambil | Thaliparamba Forane Representative |
| 155. | Mr. Tomy Kurisummoottil, Thaliparamba | „ |
| 156. | Mr. Geo Tom Pathaliplavil, Pariyaram | „ |
| 157. | Mrs. Rainy John Kadavankunnel, Kannur | „ |
| 158. | Fr. Isaac Mattathil | Thomapuram Forane Representative |
| 159. | Mr. Raju Mathew Pazhoor, Thomapuram | „ |
| 160. | Mr. Emil Nellamkuzy, Palavayal | „ |
| 161. | Mrs. Rosily Mutholi, Thomapuram | „ |
| 162. | Fr. Kuriakose Kalarickal | Vayattuparamba Forane Representative |
| 163. | Adv. Binoy Thomas Omathadathil, Karuvanchal | „ |
| 164. | Mr. Deepak Joseph Puliyanmackal Vayattuparamba | „ |
| 165. | Mrs. Thankamma Monachan, Kanhiravila | „ |
| 166. | Fr. Scaria Chiranackal | Vellarikundu Forane Representative |
| 167. | Mr. Joshwa Ozhukayil, Vellarikkundu | „ |
| 168. | Mr. Delwin Vatholil, Parappa | „ |
| 169. | Mrs. Molly Thomas Thunduparambil, Attakandam | „ |

**REPRESENTATIVES OF INSTITUTIONS**

| | | |
|---|---|---|
| 170. | Dr. Deepa Mathew Pampadiyil, Nirmalagiri | Nirmalagiri College Staff Rep. |
| 171. | Mr. Vinod J. Thomas, Kurisunkal | Vimal Jyothy Eng. College Staff Rep. |
| 172. | Mr. Sebastian K.V. Koottarappally, Keezhppally | Higher Secondary Principal Peravoor |

| | | |
|---|---|---|
| 173. | Mr. Jose Joseph Paingottu, Chemperi | HM Vayattuparamba High School Section |
| 174. | Mrs. Jaya Mathew, Kizhakkepeedikayil, Velimanam | HM Veerpad, UP Section |
| 175. | Mrs. Sheena Sebastian Panackal, Kanhirangad | HM Nellipara LP Section |

**REPRESENTATIVES OF ORGANIZATIONS**

| | | |
|---|---|---|
| 176. | Mr. Johnson P. J. Pottackal, Peravoor | Sunday School Staff Rep. |
| 177. | Mr. James Chirayil, Kasargode | Sunday School Staff Rep. |
| 178. | Mr. Benny Puthiyampuram, Kunnoth | AKCC |
| 179. | Mr. Jimmy Aithamattam, Kudiyanmala | AKCC |
| 180. | Mr. George Kanatt, Kolayad | DFC |
| 181. | Mr. Arul Parayakunnel, Ottathai | CML |
| 182. | Mr. Thankachan Vazhakalayil, Chemperi | SFO |
| 183. | Mr. Thomas Koyickal, Ummerapoil | SFO |
| 184. | Mrs. Mini Thomas Mangalathil, Kunnoyh | Mathruvedi |
| 185. | Mrs. Reena Maliampurackal, Manikkadavu | Mathruvedi |
| 186. | Mr. Babu Joseph Kottarathil, Kunnoth | St.Vincent De Paul |
| 187. | Mrs. Shyny Jacob Kanjirathumkal, Mandapam | St. Vincent De Paul |
| 188. | Mrs. Jolly Sebastian Karakkunnel, Chemperi | St.Vincent De Paul |
| 189. | Mr. Santhosh Thalachira, Mattannur | Charismatic |
| 190. | Mr. P.T. Jose Pulickal, Pallikkunnu | TSSS |
| 191. | Mr. Shony K. George, Karikkattu | TSSS |
| 192. | Dr. Jino Sebastian Kumplamthanath | Cathedral Parish Council rep |
| 193. | Mrs. Manju Cherian Kadalikkattil | Cathedral Parish Council rep |

**RELIGIOUS REPRESENTATIVES**

| | | |
|---|---|---|
| 194. | Fr. John Kochupurackal CST, Kannikalam | Men Religious, Priests |
| 195. | Fr. George Kochuvelikakath CMI, Thaliparamba | Men Religious, Priests |
| 196. | Fr. Bastin Nellissey SDB, Angadikkadavu | Men Religious, Priests |
| 197. | Fr. Paul Pullan VC, Kodiyeri, Thalassery | Men Religious, Priests |
| 198. | Bro. Regy Scaria CST, Marygiri | Men Religious, Brothers |
| 199. | Sr. Merin Rose DST, Chemperi | Women Religious |
| 200. | Sr. Latha DPM, Perumpunna | Women Religious |
| 201. | Sr. Marykkutty Joseph MMM, Karakundu | Women Religious |

202. Sr. Ancitta Thomas DM, Edattu — Women Religious
203. Sr. Jyothi Mathew MLF, Kannivayal — Women Religious
204. Sr. Evlin SD, Thalassery — Women Religious
205. Sr. Lis Maria CHF, Thalassery — Women Religious

**NOMINATED MEMBERS**

206. Sr. Dr. Reena Mathew SH, Thokkilangadi
207. Sr. Dr. Anjali SABS, Thalassery
208. Mr. George Thayyil, Kannur
209. Mr. Jacob Padinjath CA, Kannur
210. Mr. Thomas Padinjath, Kannur
211. Mr. James Mannoor, Vellad
212. Dr. Sebastian Thattaparambil, Nirmalagiri
213. Dr. P.P. Sajimon Palackal, Kasargod
214. Dr. Joseph Benevan Kanatt, Thaliparamba
215. Dr. Joseph Koyippally, Kasaragod
216. Mr. Benny Vazhapally, Paisakkary
217. Mr. Denny Thomas Vattakunnel, Mandapam
218. Adv. Sunny Augustine Vellakkada, Peravoor
219. Mr. Babu Palattikoonathan, Edoor
220. Mr. Johny Vadakkekara, Peravoor
221. Mr. Siby Arcakal, Crime branch Kanhangad
222. Mr. Baby Pallipadan, Customs Commissioner, Kannur
223. Adv. Sheeja Karukulam, Angadikkadavu
224. Mr. Mathew Plathottam, Alakode
225. Mr. Baby Tholani, Nellickampoil
226. Mr. Binoy Mattel, Karthikapuram
227. Mr. Joby Moolayil, Kannivayal
228. Mr. Varghese Vayalamannil, Chempanthotty
229. Dr. Ousepachan Nalolickal, Iritty
230. Mr. Aji Joseph Poonthottathil, Panathur
231. Adv. John Joseph Thalackal, Thalassery

**SPECIAL INVITEES**

232. Mr. Sunny Joseph MLA, Iritty
233. Dr. K. V. Philomina Vettickal, Sreekandapuram
234. Dr. Jobi K. Jose, Kannur
235. Adv. Sajeev Joseph, Ulickal MLA
236. Adv. Sony Sebastian, Vellad
237. Adv. Martin George, Kannur
238. Mr. Saji Kuttianimattam, Vellad
239. Mr. Mathai V.M. Veetiyankal, Karthikapuram


### 9. നിയമാവലി പരീക്ഷ

തലശ്ശേരി അതിരൂപതയുടെ നിയമാവലി അടിസ്ഥാനമാക്കി ജൂനിയർ വൈദികർക്കുവേണ്ടിയുള്ള പരീക്ഷ 2023 ഡിസം. 05 ചൊവ്വാഴ്ച തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ വച്ച് നടത്തുന്നതാണ്. ഈ വർഷം പരീക്ഷ എഴുതുവാനുള്ള ബഹു. വൈദികർക്ക് കൂരിയായിൽ നിന്നും അറിയിപ്പ് നല്കിയിട്ടുണ്ട്. അന്നേദിവസം രാവിലെ 10 മണിമുതൽ 11 മണിവരെ പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. ആന്റണി മുതുകുന്നേൽ അച്ചൻ ബഹു. വൈദികരോട് സംസാരിക്കും. 11 മണിമുതൽ 12.30 വരെയാണ് പരീക്ഷ നടത്തുന്നത്.

### 10. ഡയറി 2024

2024-ലെ വിശുദ്ധ ഗ്രന്ഥവായനകളും അനുദിനവിശുദ്ധരെക്കുറിച്ചുള്ള കുറിപ്പും അടുത്ത വർഷത്തെ പ്രധാനപ്പെട്ട സംഭവങ്ങളുടെ തീയതികളും ചേർത്തിട്ടുള്ള ഡയറി തയ്യാറായിട്ടുണ്ട്. കൂരിയായിൽനിന്നും ഡയറി ലഭിക്കുന്നതാണ്.

### 11. ആദരാഞ്ജലികൾ



**1. റവ. ഫാ. മാത്യു തകിടിയേൽ (73) :** താമരശ്ശേരി രൂപതാംഗമായ ബഹു. മാത്യു തകിടിയേൽ അച്ചൻ 2023 ഒക്ടോബർ 25ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ താമരശ്ശേരി രൂപതയിലെ ചാപ്പൻതോട്ടം സെന്റ് ജോസഫ് ദൈവാലയ സിമിത്തേരിയിൽ 2023 ഒക്ടോബർ 26 ന് നടന്നു. തലശ്ശേരി അതിരൂപതയിലെ കൊട്ടോടി ഇടവകയിൽ വികാരിയായി ബഹു. മാത്യു അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മലബാറിന്റെ വികസനത്തിൽ കഠിനാദ്ധ്വാനം ചെയ്ത ഒരു വൈദികനായിരുന്നു ബഹു. തകിടിയേലച്ചൻ. അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. പ്രിയപ്പെട്ട മാത്യു അച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**2. ശ്രീമതി സിസിലി ജോസഫ് നടുവിലേക്കൂറ്റ് (70) :** ബഹു. ഫ്രാൻസീസ് മറ്റത്തിലച്ചന്റെ സഹോദരി ശ്രീമതി സിസിലി ജോസഫ് നടുവിലേക്കൂറ്റ് 2023 നവംബർ 2 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 നവംബർ 3 ന് കാഞ്ഞിരപ്പള്ളി രൂപതയിലെ നെറ്റിത്തൊഴു സെന്റ് ഇസിദോർ ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ഫ്രാൻസീസ് അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. ശ്രീമതി ത്രേസ്യാമ്മ അബ്രാഹം വാരണത്ത് (85) :** ബഹു. ജോസഫ് വാരണത്ത് അച്ചന്റെ പ്രിയപ്പട്ട മാതാവ് ശ്രീമതി ത്രേസ്യാമ്മ അബ്രാഹം വാരണത്ത് 2023 നവംബർ 5 ന് നിര്യാതയായി. മൃതസംസ്കാരശുശ്രൂഷകൾ 2023 നവംബർ 6 ന് ഭീമനടി ക്രിസ്തുരാജ പള്ളി സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും കാർമ്മികത്വ ത്തിൽ നടന്നു. പ്രിയപ്പെട്ട അമ്മയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. വാരണത്ത് അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബ ത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**4. റവ. സി. എലിസബത്ത് ഉള്ളോപ്പള്ളിൽ എസ്.എ.ബി.എസ് (74)**



വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസ് അംഗമായിരുന്ന ബഹു. സി. എലിസബത്ത് ഉള്ളോപ്പള്ളിൽ 2023 നവംബർ 12 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 നവംബർ 13 ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. ചേറ്റംകുന്ന്, മുള്ളൻകൊല്ലി, കണിച്ചാർ, നെല്ലിപ്പാറ, പാലാവയൽ, മാലോം, രാജ്കോട്ട് (ഗുജറാത്ത്), മണിക്കടവ്, ബൽത്തങ്ങാടി, കിളിയന്തറ പ്രൊവിൻഷ്യൽ ഹൗസ്, പാണത്തൂർ, എന്നീ മഠങ്ങളിൽ ബഹു. എലിസ ബത്ത് സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട എലിസബത്ത് സിസ്റ്ററിന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. ശ്രീമതി ക്ലാരമ്മ ഡൊമിനിക് എളൂക്കുന്നേൽ (91) :** ബഹു. ജോർജ് എളൂക്കുന്നേലച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി ക്ലാരമ്മ ഡൊമിനിക് എളൂക്കുന്നേൽ 2023 നവംബർ 20ന് നിര്യാതയായി മൃതസംസ്കാര ശുശ്രൂഷകൾ 2023 നവംബർ 21ന് വിമലശ്ശേരി സെന്റ് മേരീസ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോർജച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 12. സ്നേഹസ്മൃതി

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# ചരിത്രമായി അതിരൂപതാ കലോത്സവം

## 'കൊയ്നോണിയ 2023'

2023 ഒക്ടോബർ 23-24 തീയതികളിൽ ചെമ്പേരി വിമൽ ജ്യോതി എഞ്ചീനീയറിംഗ് കോളേജിൽ വച്ച് തലശ്ശേരി അതിരൂപതാ കലോത്സവം നടന്നു. ഉത്തരമലബാറിലെ ഏറ്റവും വലിയ കലാമാമാങ്കമാണ് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ അരങ്ങേറിയത്. സംഘടനാമികവുകൊണ്ടും പ്രഫഷണലിസംകൊണ്ടും ശ്രദ്ധിക്കപ്പെട്ട ഈ കലാമേള കുറ്റമറ്റവിധം പരാതികൾ കൂടാതെ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. 'കൊയ്നോണിയ 2023' എന്ന പേര് അന്വർത്ഥമാകുംവിധം അതിരൂപതയിലെ 204 ഇടവകകളും 19 ഫൊറോനകളും വിവിധ അപ്പൊസ്റ്റൊലേറ്റുകളും ഐക്യത്തോടെ സംഘാതമായി പ്രവർത്തിച്ചതിനാൽ ഈ കലോത്സവം അതിരൂപതയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തേണ്ട സംഭവമായിമാറി. കലോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്ലിക്കേഷൻ ഏറ്റവും കൃത്യതയോടെ മത്സരവിശദാംശങ്ങളും ഫലങ്ങളും മത്സരാർത്ഥികളിലെത്തിക്കുവാൻ സഹായകമായി. ഓൺലൈനായി വിവിധ മത്സരങ്ങൾ പ്രേക്ഷകർക്ക് കാണാനും *Tellarch festival* എന്ന ഈ ആപ്ലിക്കേഷനിലൂടെ സാധിച്ചു. 26 വേദികളിലായി മൂവായിരത്തോളം കലാപ്രതിഭകളാണ് അതിരൂപതാ കലോത്സവത്തിൽ മാറ്റുരച്ചത്. ചെമ്പേരി, വെള്ളരിക്കുണ്ട്, പൈസക്കരി എന്നീ ഫൊറോനകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളുടെ ഓവറോൾ ട്രോഫികൾ കരസ്ഥമാക്കി. വിവിധ അപ്പൊസ്റ്റൊലേറ്റുകളുടെ ഡയറക്ടറച്ചന്മാരും സംഘടനാ ഭാരവാഹികളും ചേർന്നുള്ള കലോത്സവ സംഘാടകസമിതിയുടെ കൺവീനറായി ബഹു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും കോ-ഓഡിനേറ്ററായി ബഹു. ടോം ഓലിക്കരോട്ട് അച്ചനും നേതൃത്വം നൽകി. 2023 ഒക്ടോബർ 22ന് വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കലോത്സവനഗരിയിൽ ബഹു. കേരള ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റ്യൻ കലോത്സവം ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 23 ന് നടന്ന സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് മുഖ്യതിഥിയായി പങ്കെടുക്കുകയും വിജയികൾക്കുള്ള സമ്മാനവും ട്രോഫിയും വിതരണം ചെയ്യുകയും ചെയ്തു. കലോത്സവത്തിന്റെ നടത്തിപ്പിൽ വ്യക്തവും കൃത്യവുമായ നിർദ്ദേശങ്ങൾ നല്കുകയും സംയുക്ത കലോത്സം എന്ന ആശയം ആവിഷ്ക്കരിക്കാൻ പ്രചോദനം നല്കുകയും ചെയ്ത അഭിവന്ദ്യ മാർ പാംപ്ലാനി പിതാവിന്റെ

ദീർഘവീക്ഷണവും നേതൃത്വപാടവവും കലോത്സവത്തെ വിജയിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചു. കൊയ്നോണിയ 2023 – കൂട്ടായ്മയുടെ വിജയമാണ്. നമ്മുടെ അതിരൂപതയുടെ ചരിത്രത്തിലെ പ്രഥമ കലോത്സവം അവിസ്മരണീയമാക്കുന്നതിനായി പ്രയത്നിച്ച എല്ലാവരെയും കൃതജ്ഞതയോടെ അനുസ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

**സംഗീതം – സബ് ജൂനിയർ ബോയ്സ്**

| പേര്, വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| I – ഐവിൻ വടക്കേൽ | മണിക്കടവ് | മണിക്കടവ് |
| II – ജോസഫ് കടവുംകണ്ടത്തിൽ | വെമ്പുവ | പൈസക്കരി |
| III – തോമസ് കൊച്ചുപൂവ്വത്തുമൂട്ടിൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| **സംഗീതം – സബ് ജൂനിയർ ഗേൾസ്** | | |
| I – ജിയന്ന പൂവ്വത്തുംമൂട്ടിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| II – ജീവൽ മരിയ മുണ്ടക്കാട്ട് | ആര്യപ്പറമ്പ് | പേരാവൂർ |
| III– ജിംഷ വരവുകാലായിൽ | നെടുവാലൂർ | ചെമ്പന്തൊട്ടി |
| **സംഗീതം – ജൂനിയർ ബോയ്സ്** | | |
| I – മാത്യു പാറയ്ക്കൽ | എടൂർ | എടൂർ |
| II – ജോസഫ് ചേന്നാട്ട് | വിമലശ്ശേരി | മേരിഗിരി |
| III – ജോസഫ് ഈന്തനാംകുഴി | കോലുവള്ളി | ചെറുപുഴ |
| **സംഗീതം – ജൂനിയർ ഗേൾസ്** | | |
| I – മരിയ കൂട്ടിയാനി | ചെറുപുഴ | ചെറുപുഴ |
| II – എൽന കട്ടക്കയം | അരിവിളഞ്ഞപൊയിൽ | ആലക്കോട് |
| III – എൽസ തുണ്ടിയിൽ | വായാട്ടുപറമ്പ | വായാട്ടുപറമ്പ |
| **സംഗീതം – സീനിയർ ബോയ്സ്** | | |
| I – ജോൺ ഈഴറേട്ട് | നീലേശ്വരം | കാഞ്ഞങ്ങാട് |
| III – ജോസ് വരമ്പുങ്കൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| IIII – സെബാസ്റ്റ്യൻ വരിക്കാംങ്കൽ | ചന്ദനക്കാംപാറ | പൈസക്കരി |
| **സംഗീതം – സീനിയർ ഗേൾസ്** | | |
| I – അബിഗെയ്ൽ ഏർത്തയിൽ | പൈസക്കരി | പൈസക്കരി |
| II – മെറിൻ മേലുക്കുന്നേൽ | വായാട്ടുപറമ്പ | വായാട്ടുപറമ്പ |
| III – സാനിയ നടുവിലേമുറിയിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| **സംഗീതം – സൂപ്പർ സീനിയർ ബോയ്സ്** | | |
| I – ഫ്രാൻസിസ് പറയംകുഴി | ഉദയഗിരി | ആലക്കോട് |
| II – സെബാസ്റ്റ്യൻ പുതുവേലിൽ | മേരിഗിരി | മേരിഗിരി |
| III – ഉലഹന്നാൻ പന്നാരംകുന്നേൽ | കല്ലുമുതിരക്കുന്ന് | പേരാവൂർ |

**സംഗീതം - സൂപ്പർ സീനിയർ ഗേൾസ്**

| | | |
|---|---|---|
| I - മേരി കാരിക്കാട്ടിൽ | മേരിഗിരി | മേരിഗിരി |
| II - സോണിയ നിരപ്പത്ത് | നെല്ലിക്കുറ്റി | ചെമ്പേരി |
| III - ജയ പുളിയനാട്ട് | മണ്ഡപം | തോമാപുരം |

**പ്രസംഗം - സബ് ജൂനിയർ ബോയ്സ്**

| | | |
|---|---|---|
| I - തോമസ് കടൂക്കുന്നേൽ | കീഴ്പ്പള്ളി | എടൂർ |
| II - അമൽ കുരിശുമൂട്ടിൽ | കണ്ണൂർ | തളിപ്പറമ്പ് |
| III - ഷോൾ വള്ളിയറ | വായാട്ടുപറമ്പ | വായാട്ടുപറമ്പ |

**പ്രസംഗം - സബ് ജൂനിയർ ഗേൾസ്**

| | | |
|---|---|---|
| I - ഡയാന മഠത്തിൽ | പാടിയോട്ടുചാൽ | ചെറുപുഴ |
| II - എലിസബത്ത് ഉതിനാപ്പറമ്പിൽ | കനകപ്പള്ളി | വെള്ളരിക്കുണ്ട് |
| III - മരിയ കൊരണ്ടിക്കവേലിൽ | കീഴ്പ്പള്ളി | എടൂർ |

**പ്രസംഗം - ജൂനിയർ ബോയ്സ്**

| | | |
|---|---|---|
| I - സൈമൺ പുതിയകുളങ്ങര | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| II - ആൽഫ്രെണ്ട് മമ്പള്ളിക്കുന്നേൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| III - തോമസ് തടിക്കൽ | പുലിക്കുരുമ്പ | ചെമ്പേരി |

**പ്രസംഗം - ജൂനിയർ ഗേൾസ്**

| | | |
|---|---|---|
| I - സിയാൻ പൂവേലിൽ | ചെമ്പേരി | ചെമ്പേരി |
| II - നെൽഹ ഒറ്റപ്ലാക്കൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| III - സേറ വെട്ടിക്കാട്ടിൽ | എടൂർ | എടൂർ |

**പ്രസംഗം - സീനിയർ ബോയ്സ്**

| | | |
|---|---|---|
| I - സോബിൻ നെടിയകാലായിൽ | ചെറുപുഴ | ചെറുപുഴ |
| II - തോമസ് പൊന്നാട്ട് | ആലക്കോട് | ആലക്കോട് |
| III - ജോർജ് മുണ്ടക്കൽ | പേരാവൂർ | പേരാവൂർ |

**പ്രസംഗം - സീനിയർ ഗേൾസ്**

| | | |
|---|---|---|
| I - മരിയ പുത്തൻപുരയിൽ | അട്ടക്കണ്ടം | വെള്ളരിക്കുണ്ട് |
| II - ത്രേസ്യാമ്മ ഇടക്കരകണ്ടത്തിൽ | മാമ്പോയിൽ | ആലക്കോട് |
| III - ആൻമേരി വെട്ടിക്കാട്ട് | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |

**പ്രസംഗം - സൂപ്പർ സീനിയർ ബോയ്സ്**

| | | |
|---|---|---|
| I - ജോൺ പൂവ്വത്തുമൂട്ടിൽ | കടുമേനി | തോമാപുരം |
| II - ജോഷ് ജോ ഒഴികയിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| III - ആഗസ്തി മുളയന്നൂർ | ആലക്കോട് | ആലക്കോട് |

**പ്രസംഗം - സൂപ്പർ സീനിയർ ഗേൾസ്**

| | | |
|---|---|---|
| I - സാലി മുണ്ടപ്പള്ളി | കുടിയാൻമല | ചെമ്പേരി |

| | | |
|---|---|---|
| II - ഷാനി മേലാട്ട് | മേലെചൊവ്വ | തളിപ്പറമ്പ് |
| III - മിനി അറയ്ക്കൽ | വായാട്ടുപറമ്പ | വായാട്ടുപറമ്പ |
| **ബൈബിൾ വായന - സബ് ജൂനിയർ ബോയ്സ്** | | |
| I - പിയോ ഞള്ളിമാക്കൽ | പടുപ്പ് | പനത്തടി |
| II - ഡാനിൽ വടക്കേമുറി | പൊൻമല | ചെമ്പേരി |
| III - അലൻ മനയാനിക്കൽ | തളിപ്പറമ്പ | തളിപ്പറമ്പ |
| **ബൈബിൾ വായന - സബ് ജൂനിയർ ഗേൾസ്** | | |
| I - അൽന ഈറ്റക്കൽ | പുലിക്കുരുമ്പ | ചെമ്പേരി |
| II - ആൻ തെരേസ മൂത്തേടത്ത് | കാര്യപ്പള്ളി | മേരിഗിരി |
| III - അഞ്ജല വടക്കേക്കര | ചാവറഗിരി | തോമാപുരം |
| **ബൈബിൾ വായന - ജൂനിയർ ബോയ്സ്** | | |
| I - ടോം ജേക്കബ് കുപ്പോഴക്കൽ | ഒറ്റത്തൈ | ആലക്കോട് |
| II - ഇമ്മാനുവേൽ ചിറക്കൽകൂവേലിൽ | പേരാവൂർ | പേരാവൂർ |
| III - ജെസ്റ്റിൻ മൈലാടൂർ | മാലോം | മാലോം |
| **ബൈബിൾ വായന - ജൂനിയർ ഗേൾസ്** | | |
| I - അൽന തലയണക്കുഴി | കൊളക്കാട് | പേരാവൂർ |
| II - അൽഫോൻസ ആനത്തറയ്ക്കൽ | ആനറ | മണിക്കടവ് |
| III - കൊച്ചുത്രേസ്യ തടത്തിൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| **ബൈബിൾ വായന - സീനിയർ ബോയ്സ്** | | |
| I - ഫ്രാൻസീസ് കുന്നത്ത് | പടുപ്പ് | പനത്തടി |
| II - മാത്യു താഴത്തുവടക്കേൽ | ചെമ്പേരി | ചെമ്പേരി |
| III - സാവിയോ മൂന്നുപീടികയിൽ | തോമാപുരം | തോമാപുരം |
| **ബൈബിൾ വായന - സീനിയർ ഗേൾസ്** | | |
| I - ഡയാന ആയന്തിക്കൽ | മാനടുക്കം | പടുപ്പ് |
| II - സോണിയ തെറ്റയിൽ | പേരാവൂർ | പേരാവൂർ |
| III - ജോമോൾ അറയ്ക്കൽ | മാങ്ങോട് | എടൂർ |
| **ബൈബിൾ വായന - സൂപ്പർ സീനിയർ ബോയ്സ്** | | |
| I - വർക്കി മണപ്പാട്ട് | കടുമേനി | തോമാപുരം |
| II - ജോർജ്ജ് തെക്കേമുറിയിൽ | കാലാങ്കി | മണിക്കടവ് |
| III - സാജു വെട്ടുകല്ലാംകുഴിയിൽ | ബളാൽ | വെള്ളരിക്കുണ്ട് |
| **ബൈബിൾ വായന - സൂപ്പർ സീനിയർ ഗേൾസ്** | | |
| I - ഷർമിള പരിയാനിക്കൽ | പുഞ്ച | മാലോം |
| II - ബിന്ദു ആലാനിക്കൽ | കച്ചേരിക്കടവ് | കുന്നോത്ത് |
| III - ജെസ്സി പാഴുക്കുന്നേൽ | പച്ചാണി | മേരിഗിരി |

| | | |
|---|---|---|
| **ഫോട്ടോഗ്രാഫി - ബോയ്സ്** | | |
| I - അഖിൽ കുന്നുംപറമ്പിൽ | പേരാവൂർ | പേരാവൂർ |
| II - സെബാസ്റ്റ്യൻ എടാട്ട് | മാലോം | മാലോം |
| III - സെബാസ്റ്റ്യൻ മുരിയൻവേലിൽ | മണ്ഡപം | തോമാപുരം |
| **ഫോട്ടോഗ്രഫി - ഗേൾസ്** | | |
| I - ജെയ്സി ഇടശ്ശേരിൽ | ബളാൽ | വെള്ളരിക്കുണ്ട് |
| II - ഫിന റോസ് ഇളംതുരുത്തിയിൽ | എടത്തൊട്ടി | പേരാവൂർ |
| III - എലിസബത്ത് കൂനംമാക്കൽ | മണിപ്പാറ | മണിക്കടവ് |
| **മിമിക്രി - ബോയ്സ്** | | |
| I - അഷിൻ പാത്തിക്കൽ | ഏറ്റുപ്പാറ | പൈസക്കരി |
| II - തോമസ് പുതുവേലിൽ | മണിപ്പാറ | മണിക്കടവ് |
| III - നിഖിൽ ആനിത്തോട്ടത്തിൽ | ബദിയടുക്ക | കാസർഗോഡ് |
| **മിമിക്രി - ഗേൾസ്** | | |
| I - ഒലീവിയ വെട്ടിക്കാട്ടിൽ | നാട്ടക്കൽ | മാലോം |
| II - ആൻമരിയ മുണ്ടമാക്കൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| III - റോസ് മേരി കോവൂർപുത്തൻപുരയിൽ | കോടോപ്പള്ളി | മേരിഗിരി |
| **കഥാപ്രസംഗം - സബ് ജൂനിയർ** | | |
| I - ആനി ജോ തടത്തിൽപ്പുരയടത്തിൽ | പൈസക്കരി | പൈസക്കരി |
| II - അൽഫോൻസ മാൻക്കുഴിചാലിൽ | ഭീമനടി | വെള്ളരിക്കുണ്ട് |
| III - ഇസ മരിയ കണ്ടംപ്പറമ്പിൽ | പേരാവൂർ | പേരാവൂർ |
| **കഥാപ്രസംഗം - ജൂനിയർ** | | |
| I - അൽഫോൻസ ജേക്കബ് ചേറാടിക്കൽ | ആനറ | മണിക്കടവ് |
| II - സാനിയ മുപ്പാത്തിയിൽ | കൊട്ടോടി | പനത്തടി |
| III - അബിൻ വട്ടക്കുഴി | ഒറ്റത്തൈ | ആലക്കോട് |
| **കഥാപ്രസംഗം സീനിയർ** | | |
| I - അൽഫോൻസ നെടുമരുത്തുംചാലിൽ | പറമ്പ | മാലോം |
| II - ആൻമരിയ തോമസ് മാരൻക്കുഴക്കേൽ | മണിപ്പാറ | മണിക്കടവ് |
| III - മെറ്റിൽഡ കൂട്ടിയാനിക്കൽ | പൈസക്കരി | പൈസക്കരി |
| **കഥാപ്രസംഗം - സൂപ്പർ സീനിയർ** | | |
| I - മരിയ തടത്തിലാങ്കൽ | മാലോം | മാലോം |
| II - മറിയം വരമ്പുങ്കൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| III - നിഷ പുത്തൻപുരയിൽ | ജോസ്മൗണ്ട് | പൈസക്കരി |
| **നാടോടിനൃത്തം - സബ് ജൂനിയർ** | | |
| I - അൽഫോൻസ മംഗലശ്ശേരി | കണ്ണൂർ | തളിപ്പറമ്പ |

| | | |
|---|---|---|
| II - അനിറ്റ വട്ടക്കുളം | ബിരിക്കുളം | വെള്ളരിക്കുണ്ട് |
| III - ഇവാനിയ അന്ന പുതുവാക്കര | പുറവയൽ | നെല്ലിക്കാംപൊയിൽ |
| **നാടോടിനൃത്തം - ജൂനിയർ** | | |
| I - മരിയ പണ്ടാരിക്കുന്നേൽ | കണ്ണൂർ | തളിപ്പറമ്പ |
| II - ആൽഫി മരിയ കിഴക്കേപട്ടത്താനത്ത് | പേരാവൂർ | പേരാവൂർ |
| III - ആൻമരിയ റോസ്‌വില്ല | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| **നാടോടിനൃത്തം - സീനിയർ** | | |
| I - അലീന സുനിൽ കളപ്പുരക്കൽ | അങ്ങാടിക്കടവ് | കുന്നോത്ത് |
| II - അൽന മഠത്തിപുരേട്ട് | മേലെ ചൊവ്വ | തളിപ്പറമ്പ |
| III - കാതറിൻ വരമ്പുങ്കൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| **നാടോടിനൃത്തം - സൂപ്പർ സീനിയർ** | | |
| I - ജോസ്ന എട്ടാണിയിൽ | വിളമന | നെല്ലിക്കാംപൊയിൽ |
| II - ത്രേസ്യാമ്മ മേച്ചേരിൽ | മണ്ടപം | തോമാപുരം |
| III - കാതറിൻ മുതുപ്ലാക്കൽ | പൈസക്കരി | പൈസക്കരി |
| **മോണോആക്ട് സീനിയർ ബോയ്സ്** | | |
| I - ജോമറ്റ് അറക്കൽ | ചുള്ളി | മാലോം |
| II - ജോസഫ് കൊള്ളന്നൂർ | കണ്ണൂർ | തളിപ്പറമ്പ |
| III - തോമസ് മാന്തോട്ടത്തിൽ | നെല്ലിക്കുറ്റി | ചെമ്പേരി |
| **മോണോആക്ട് സൂപ്പർ സീനിയർ ബോയ്സ്** | | |
| I - ജോസഫ് മുളന്താനം | മാട്ടറ | മണിക്കടവ് |
| II - ജോസഫ് ഞള്ളിമാക്കൽ | പേരാവൂർ | പേരാവൂർ |
| III - പ്രവീൺ പടിഞ്ഞാറ്റുമുറി | കണ്ണൂർ | തളിപ്പറമ്പ |
| **മോണോആക്ട് സീനിയർ ഗേൾസ്** | | |
| I - ജോബിറ്റ് വലിയകുളം | എടത്തൊട്ടി | പേരാവൂർ |
| II - ബ്രിജത്ത പ്ലാക്കുഴിയിൽ | അട്ടക്കണ്ടം | വെള്ളരിക്കുണ്ട് |
| III - എലിസബത്ത് കാരാമയിൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| **മോണോആക്ട് സൂപ്പർ സീനിയർ ഗേൾസ്** | | |
| I - കത്രീന കീച്ചേരിക്കുൽേ | പൊയ്നാച്ചി | കാസർഗോഡ് |
| II - മോളി കുന്നുംപുറത്ത് | കുടിയാൻമല | ചെമ്പേരി |
| III - വത്സമ്മ മേലെ ചൊവ്വപയാട്ടിൽ | ചെറുപുഴ | ചെറുപുഴ |
| **മാർഗ്ഗം കളി** | | |
| I - പടിയോട്ടുചാൽ | ചെറുപുഴ | |
| II - മുണ്ടാനൂർ | മണിക്കടവ് | |
| III - പനത്തടി | പനത്തടി | |

| | |
|---|---|
| **സംഘഗാനം** | |
| I - നെല്ലിക്കുറ്റി | ചെമ്പേരി |
| II - മേരിഗിരി | മേരിഗിരി |
| III - ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| **പരിചമുട്ടുകളി** | |
| I - പൈസക്കരി | പൈസക്കരി |
| II - ആലക്കോട് | ആലക്കോട് |
| III - വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| **ഡിബേറ്റ്** | |
| I - ചുള്ളി | മാലോം |
| II - ബളാൽ | വെള്ളരിക്കുണ്ട് |
| III - വായാട്ടുപ്പറമ്പ് | വായാട്ടുപ്പറമ്പ് |
| **ബൈബിൾ ദൃശ്യാവതരണം** | |
| I - പൈസക്കരി | പൈസക്കരി |
| II - മാനടുക്കം | പനത്തടി |
| III - നെല്ലിക്കുറ്റി | ചെമ്പേരി |
| **സംഘനൃത്തം** | |
| I - അങ്ങാടിക്കടവ് | കുന്നോത്ത് |
| II - പൈസക്കരി | പൈസക്കരി |
| III - ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| **ബൈബിൾ ഏകാങ്കനാടകം** | |
| II - പേരാവൂർ | പേരാവൂർ |
| II - ആനപ്പന്തി | കുന്നോത്ത് |
| IIII - പൈസക്കരി | പൈസക്കരി |
| **നാടൻപ്പാട്ട്** | |
| I - നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |
| II - കിളിയന്തറ | കുന്നോത്ത് |
| III - ചെമ്പേരി | ചെമ്പേരി |
| **ചവിട്ടുനാടകം** | |
| I - പയ്യാവൂർ | പൈസക്കരി |
| II - കോട്ടൂർ | ചെമ്പന്തൊട്ടി |
| III - പുന്നക്കുന്ന് | വെള്ളരിക്കുണ്ട് |
| **മൈം** | |
| I - ബളാൽ | വെള്ളരിക്കുണ്ട് |

| | |
|---|---|
| II - അങ്ങാടിക്കടവ് | കുന്നോത്ത് |
| III - പേരാവൂർ | പേരാവൂർ |
| **തെരുവുനാടകം** | |
| I - അങ്ങാടിക്കടവ് | കുന്നോത്ത് |
| II - വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| III - നെല്ലിക്കുറ്റി | ചെമ്പേരി |
| **ഗാനമേള** | |
| I - ചെറുപുഴ | ചെറുപുഴ |
| II - ആലക്കോട് | ആലക്കോട് |
| III - പറമ്പ | മാലോം |
| **ആന്തം സി.എം.എൽ** | |
| I - മേരിഗിരി | മേരിഗിരി |
| II - ഭീമനടി | വെള്ളരിക്കുണ്ട് |
| III - ചെറുപുഴ | ചെറുപുഴ |
| **ആന്തം കെ.സി.വൈ.എം** | |
| I - ചെറുപുഴ | ചെറുപുഴ |
| II - മേരിഗിരി | മേരിഗിരി |
| III - ബളാൽ | വെള്ളരിക്കുണ്ട് |
| **ആന്തം മാതൃവേദി** | |
| I - കരുവഞ്ചാൽ | വായാട്ടുപറമ്പ |
| II - മേലെ ചൊവ്വ | തളിപ്പറമ്പ |
| III - പൈസക്കരി | പൈസക്കരി |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു" (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ - തിരുപ്പിറവിയുടെ ഓർമകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്തുമസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

### 1. റീജൻസി ബ്രദറിന് നന്ദി

ഏപ്രിൽ 22 മുതൽ ഒക്ടോബർ 29 വരെ വിശ്വാസപരിശീലന കേന്ദ്രത്തിൽ റീജൻസി ചെയ്ത ബ്രദർ അഖിൽ ഇല്ലിക്കൽ ശാന്തിഭവനിലേക്ക് തുടർപരിശീലനത്തിനായി പോയി. വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബ്രദർ അഖിൽ നൽകിയ എല്ലാ സേവനങ്ങൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു. റീജൻസിക്കായി പുതുതായി കടന്നുവന്നിരിക്കുന്ന ബ്രദർ ആൽബർട്ട് വാളുവെട്ടിക്കലിന് ഹൃദ്യമായ സ്വാഗതം.

### 2. മതാധ്യാപകദിനം നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് (നവംബർ 4) എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 5-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനാഘോഷം നടത്തി. വിശ്വാസപരിശീലകരെ ആദരിച്ച ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും കുട്ടികൾക്കും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

### 3. ക്രിസ്മസ് പരീക്ഷ ഡിസംബർ 10

ക്രിസ്മസ് പരീക്ഷ ഡിസംബർ 10 ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>5–8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5–8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>6–10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1–5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5–8 അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25–47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 4. ജനറൽ ചോദ്യങ്ങൾ

ക്രിസ്തുമസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ പ്രധാനാധ്യാപകരുടെ വാട്സ് ആപ്പ് ഗ്രൂപ്പുവഴി നൽകിയിരുന്നല്ലോ. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

### 5. ഡിപ്ലോമ രജിസ്ട്രേഷൻ

ഡിപ്ലോമ രജിസ്ട്രേഷൻ ഫോമുകൾ നിശ്ചയിച്ച സമയത്തുതന്നെ ഓഫീസിലെത്തിച്ച എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

### 6. ഡിപ്ലോമ പരീക്ഷ (ക്ലാസ് XII)

പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഡിപ്ലോമ പരീക്ഷ 2024 ജനുവരി 26 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണിവരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**7. അസൈൻമെന്റ് - ക്ലാസ്സ് XII**

പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഈ അധ്യായനവർഷത്തെ അസൈൻമെന്റ് ഓഫീസിൽ ഇതുവരെയും എത്തിക്കാത്തവർ **ഡിസംബർ 10-നുള്ളിൽ** എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അസൈൻ മെന്റുകൾ പരിഗണിക്കുന്നതല്ല.

**8. "സോൾട്ട് 2023"**

ഒക്ടോബർ 29 മുതൽ പ്ലസ്ടു കുട്ടികളുടെ റീജിയണൽ സംഗമങ്ങൾ **"സോൾട്ട് 2023"** ആരംഭിച്ചു. സംഗമം ഞായറാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും. ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകളാണ് സംഗമ ത്തിൽ നൽകുന്നത്. കുട്ടികളോടൊപ്പം ക്ലാസ്സധ്യാപകരും സംഗമത്തിൽ പങ്കെടുക്കുന്നു. രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടി നൽകേണ്ടത് 150 രൂപ യാണ്.

| തീയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ഡിസംബർ 03 | ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |
| ജനുവരി 07 | ഉളിക്കൽ | കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ |

**9. സോൾട്ട് 2023 - ആലക്കോട്, ചെറുപുഴ, എടൂർ**

തലശ്ശേരി അതിരൂപതയിൽ 2023-24 പ്രവർത്തനവർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ആലക്കോട്, ചെറുപുഴ, എടൂർ എന്നീ മൂന്ന് സെന്ററുകളിൽവച്ച് പത്ത് ഫൊറോനകളിലെ കുട്ടി കൾക്കായി സോൾട്ട് 2023 എന്ന പേരിൽ സംഗമം നടത്തി. റവ. ഫാ. റോയ് കണ്ണൻചിറയിൽ, റവ. ഡോ. ടോം ഓലിക്കരോട്ട്, റവ. ഫാ. അഖിൽ മുക്കു ഴി, ശ്രീ. ഷോണിറ്റ് പാറത്താഴെ, ശ്രീ. ജോബി ജോൺ മൂലയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**10. മതബോധന മണിക്കൂർ**

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. കുടുംബ മാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാ പകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യു കയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരി ശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠി

ക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 11. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 12. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 13. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2023-2024 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### ഡിസംബർ മാസത്തിലെ അതിരൂപത വിസിറ്റ്

**03-12-2023:** രാജമുടി, പുന്നക്കുന്ന്, അറബി, പൈസക്കരി, കുന്നോത്ത്, ചൂരപ്പടവ്, പെരിയ, വിമലശ്ശേരി, കുളിനീർ, അമ്മംകുളം, ചീക്കാട്, പുലിക്കുരുമ്പ, കാലാങ്കി **10-12-2023:** നെല്ലിക്കാംപൊയിൽ, പെരിങ്കരി, കമ്പല്ലൂർ, ഉദയഗിരി **17-12-2023:** ഓടംതോട്, വെള്ളരിക്കുണ്ട്, തിരൂർ, വരക്കാട്, ബാലേശുഗിരി, രത്നഗിരി **31-12-2023:** പെരുമ്പുന്ന, എടക്കാനം, മുളപ്ര, നീലേശ്വരം, പാലാവയൽ, ജയഗിരി, പൊട്ടൻപ്ലാവ്.

### 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറി

യുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

### 15. ആസ്പെക്ട് 2023-2024

2023-2024 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം"** എന്ന പുസ്തകമാണ്. ആദ്യത്തെ പത്ത് അധ്യായങ്ങളാണ് പഠിക്കേണ്ടത്. ഒന്നു മുതൽ ഏഴുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി മൂന്ന് ഓൺലൈൻ പരീക്ഷകളും എട്ടു മുതൽ പത്തുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി ഒരു എഴുത്തുപരീക്ഷയും നടത്തുന്നതാണ്. മൂന്ന് നാല് അധ്യായങ്ങളെ ആസ്പദമാക്കിയുള്ള എഴുത്തുപരീക്ഷ ഡിസംബർ 4 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നതാണ്.

**നിർദ്ദേശങ്ങൾ**

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 38 മുതൽ 99 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡ്മാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

### 16. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 17. രാജത്വത്തിരുനാൾ - നവംബർ 26

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 26-ാം തീയതി എല്ലാ സൺഡേസ്കൂളുകളിലും സമുചിതമായി ആഘോഷിച്ചു. റാലിയും കലാപരിപാടികളും നടത്തിയ സൺഡേസ്കൂളുകൾക്ക് അഭിനന്ദനങ്ങൾ.

**18. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

ഒക്ടോബർ 13, 25, നവംബർ 2, 9, 21 എന്നീ തിയതികളിൽ നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനധ്യാപകർക്കും നന്ദി.

**19. EduSpark**

കുട്ടികളെ അനുധാവനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി അതിരൂപത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് EduSpark. യുവജനങ്ങളോടൊപ്പം സഞ്ചരിക്കുക, അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള പ്രൊഫൈൽ ഉണ്ടാക്കാൻ സഹായിക്കുക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ-കോഴ്സുകൾ പരിചയപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ എന്നിവയെപ്പറ്റി അറിവ് നൽകുക, വിദ്യാഭ്യാസ-തൊഴിൽ മേഖലകളെക്കുറിച്ചുള്ള അറിവ് നൽകുക തുടങ്ങി വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് EduSpark-ന് ഉള്ളത്. തുടക്കത്തിൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ ചേർത്തുകൊണ്ടാണ് ഈ പ്രോഗ്രാം ആരംഭിക്കുന്നത്.

**20. EduSpark Training**

നവംബർ 11 ശനിയാഴ്ച ചെമ്പേരി വിമൽജ്യോതി എൻജിനിയറിംഗ് കോളേജിൽവച്ച് എഡ്യൂസ്പാർക്ക് വർക്കിങ്ങ് അഡ്മിൻസായ സിസ്റ്റേഴ്സിനുവേണ്ടി ട്രെയിനിംഗ് നടത്തി. മോൺ. ആന്റണി മുതുകുന്നേൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. റവ. ഫാ. സോണി വടശ്ശേരിൽ, ശ്രീമതി ലിൻസി എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. 55 സിസ്റ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു.

**21. Mission Quest 2023 - നന്ദി**

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കുംവേണ്ടി നടത്തിയ മിഷൻ ക്വിസ്സിൽ അതിരൂപതയിൽ നിന്നും ആയിരത്തിലധികം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**22. Mission Quest 2023 - വിജയികൾ**

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കുവേണ്ടി നടത്തിയ മിഷൻ ക്വിസ്സിൽ ബെൻ ജോസഫ് ബോബി ഇല്ലിമൂട്ടിൽ, ചെട്ടിയാംപറമ്പ് ഒന്നാം റാങ്കിനും, ക്ലെയർ മരിയ ആനാനിഉറുമ്പേൽ, മാലോം രണ്ടാം റാങ്കിനും, എയ്ഞ്ചൽ ഫിലിപ്പ് ചെറുകരക്കുന്നേൽ മൂന്നാം റാങ്കിനും അർഹരായി. മുതിർന്നവർക്കുവേണ്ടി നടത്തിയ മത്സരത്തിൽ സി. വിക്ടോറിയ എസ്എബിഎസ്, നിർമ്മലഗിരി, ശ്രീമതി മോളി കാരക്കടയിൽ, ജയഗിരി, ശ്രമീതി അനിത വടക്കൻ, ശ്രീകണ്ഠാപു

രം, ശ്രീമതി ബീന ഇല്ലിമൂട്ടിൽ, ചെട്ടിയാംപറമ്പ്, ശ്രീ. ജെയിംസ് ആക്കപ്പള്ളിൽ, മാവുംചാൽ എന്നിവർ യഥാക്രമം ഒന്ന് മുതൽ അഞ്ചുവരെയുള്ള റാങ്കുകൾക്ക് അർഹരായി. മാലോം ഇടവകയിൽ നിന്നുള്ള ആനാനിഉറുമ്പേൽ കുടുംബം (ഡൊമിനിക്, പുഷ്പ, ക്ലെയർ) അതിരൂപതതലത്തിൽ Category of Family വിഭാഗത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരായി.

### 23. വിശ്വാസോത്സവം 2024

ഈ അധ്യയനവർഷത്തെ വിശ്വാസോത്സവത്തിനാവശ്യമായ വർക്കുബുക്കുകളുടെ ഓർഡർഫോം ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 30-നകം ഓഫീസിൽ എത്തിക്കുമല്ലോ.

### 24. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2023-2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

### 25. ആദരാഞ്ജലികൾ

ചരൾ സൺഡേസ്കൂളിൽ രണ്ടാം ക്ലാസ്സ് അധ്യാപികയായിരുന്ന ശ്രീമതി ജെസ്സി സണ്ണി പുതുപ്പറമ്പിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പരേത കഴിഞ്ഞ ഇരുപത് വർഷമായി വിശ്വാസപരിശീലകയായിരുന്നു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും**

ഈ വർഷത്തെ ബൈബിൾ ഞായറാചരണം ഡിസംബർ 17 ഞായറാഴ്ച, പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ വച്ച് നടത്തുന്നു. അതിരൂപതാ ബൈബിൾ, ഫാമിലി അപ്പൊസ്റ്റോലേറ്റുകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഈ വർഷം ബൈബിൾ ഞായറാചരണം സംഘടിപ്പിക്കുന്നത്. ആഘോഷകരമായ ബൈബിൾ റാലി, ബൈബിൾ പ്രതിഷ്ഠ, വിശുദ്ധ കുർബാന, വചനസന്ദേശം, ബൈബിൾ അധിഷ്ഠിത കലാപരിപാടികൾ എന്നിങ്ങനെ വിപുലമായ പരിപാടികളാണ് ബൈബിൾ ഞായറാചരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ചിരിക്കുന്നത്. അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ആർച്ച് പ്രീസ്റ്റ് ഫാ. തോമസ് കൊച്ചുകരോട്ട്, ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട്, ബൈബിൾ അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ഫാ. ടോം ഓലിക്കരോട്ട് തുടങ്ങിയവർ നേതൃത്വം നൽകും.

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർത്ഥനാപൂർവ്വകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബക്കൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനക്കായി മാറ്റി വച്ചാൽ ഒരു മാസംകൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമുക്ക് സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കുവാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

**2. സഭാനവീകരണ വർഷധ്യാനം**

കേരളസഭാ നവീകരണ വർഷാചരണത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ നടത്തി വരുന്ന സഭാനവീകരണ ധ്യാനങ്ങൾ വിജയ

കരമായി നടന്നു വരുന്നു. 2023 ഡിസംബർ മാസം 7-10 തീയതികളിൽ കുന്നോത്തു ഫൊറോനയിലെ 13 ഇടവകകളിലും 14-17 തീയതികളിൽ എടൂർ ഫൊറോനയിലെ 8 ഇടവകകളിലും ധ്യാനം നടത്തുന്നു. ധ്യാനദിവസങ്ങളിൽ അഭിവന്ദ്യ പാംപ്ലാനി പിതാവ് ധ്യാനം നടക്കുന്ന ഇടവകകളിൽ സന്ദർശനം നടത്തുന്നതായിരിക്കും. ധ്യാനസമാപനദിവസം എല്ലാ ഇടവകകളിലും അതിരൂപതാകേന്ദ്രത്തിലെ ബഹു. വൈദികർ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുന്നതാണ്. ധ്യാന വിജയത്തിനായി എല്ലാവരുടെയും സവിശേഷ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചന്മാരുടെ നിർദേശമനുസരിച്ച് ഇടവകകളിൽ ഹോംമിഷൻ നടത്തിയ ബഹു. സമർപ്പിതർക്കും ഹോംമിഷന്റെ വിജയത്തിനായി പരിശ്രമിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവർക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു. വീടുവെഞ്ചരിപ്പ്, ധ്യാനത്തിനൊരുക്കമായുള്ള പ്രാർത്ഥന, കുമ്പസാരം തുടങ്ങിയവയ്ക്കുള്ള ഒരുക്കങ്ങൾ നടത്താൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 3. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് ഡിസംബർ 16 ശനിയാഴ്ച

2020 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം, തലശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ, 2023 ഡിസംബർ 16 ന് ശനിയാഴ്ച തലശ്ശേരി സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ കൃത്യം 9.30 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 750 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേണ്ടത്.

### 4. ലോഗോസ് ക്വിസ് സെമിഫൈനൽ മത്സരവിജയികൾ

നവം. 5 ന് കോഴിക്കോടു വച്ചു നടന്ന സെമിഫൈനൽ മത്സരത്തിൽ പങ്കെടുത്ത 9 പേരിൽ ട്രീസ കളത്തിങ്കൽ, അന്ന ഇടപ്പാട്ട് എന്നിവർ സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടി.

**സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തവർ**

1. ട്രീസ കളത്തിങ്കൽ - സി ഗ്രൂപ്പ് - എടൂർ
2. അന്ന ഇടപ്പാട്ട് - എഫ് ഗ്രൂപ്പ് - മേലെചൊവ്വ.

**ലോഗോസ് ഫമീലിയ ക്വിസ്**

ഷൈല കളപ്പുരയ്ക്കൽ ആന്റ് ഫാമിലി - മുള്ളേരിയ.

**ഭിന്നശേഷി വിഭാഗം**

1. നിമ്മി ഏലിയാസ് തേൻപള്ളിയിൽ
2. ആന്റണി വെട്ടിക്കാട്ടിൽ
3. ഏലിക്കുട്ടി വെട്ടിക്കാട്ടിൽ

**സംസ്ഥാന തല മത്സരം**

നവം. 18 ന് എറണാകുളം പി.ഒ.സി.യിൽ വച്ചു നടന്ന ഫൈനൽ മത്സരത്തിൽ ഭിന്നശേഷി വിഭാഗത്തിലെ നിമ്മി ഏലിയാസ് മൂന്നാം പ്രാവശ്യവും **സംസ്ഥാന തലത്തിൽ ഒന്നാം റാങ്ക്** സ്വന്തമാക്കി. പങ്കെടുത്ത മറ്റെല്ലാവർക്കും സംസ്ഥാന തലത്തിൽ നാലാം റാങ്ക് ലഭിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**നിമ്മി ഏലിയാസിനും ബഹു. പ്രീയേഷ് കളരുമുറിയിലച്ചനും അഭിനനന്ദനങ്ങൾ**

ഭിന്നശേഷി വിഭാഗത്തിൽ നടന്ന ലോഗോസ് ക്വിസ് മത്സരത്തിൽ ഒന്നാം റാങ്കു നേടിയ ചെറുപുഴ സ്വദേശിനിയായ നിമ്മി ഏലിയാസ് തേൻപള്ളിക്ക് തലശ്ശേരി അതിരൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുന്ന ബധിരരും മൂകരുമായ വ്യക്തികളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി തന്റെ ജീവിതം മാറ്റിവച്ചുകൊണ്ട്, പൗരോഹിത്യ ജീവിതവഴിയിൽ വേറിട്ട സേവനമാതൃകയായി പ്രശോഭിക്കുന്ന സമുന്നത വ്യക്തിത്വമാണ് ബഹു. പ്രിയേഷ് കളരുമുറിയച്ചൻ. ഭിന്നശേഷി വിഭാഗത്തിൽ ലേഗോസ് ക്വിസിൽ സംസ്ഥാനതല ജേതാവായ നിമ്മി എന്ന പെൺകുട്ടിയുടെ വിജയത്തിന്റെ പിന്നിലെ പ്രചോദക ശക്തിയായ് നിലകൊണ്ട ബഹു. പ്രിയേഷച്ചന് ഹൃദയം നിറഞ്ഞ നന്ദി, അഭിനന്ദനങ്ങൾ.

## 5. ലോഗോസ് ക്വിസ് സർട്ടിഫിക്കറ്റ്

ഓരോ ഇടവകകളിലേക്കുള്ള സർട്ടിഫിക്കറ്റുകൾ താമസിയാതെ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്.

**ലോഗോസ് ക്വിസ് 2023 അതിരൂപതാതല വിജയികൾക്കുള്ള അനുമോദനം**

2023 ഡിസം.16 ശനിയാഴ്ച, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്ന ബിരുദദാനചടങ്ങിൽ വച്ച് എല്ലാ ഗ്രൂപ്പുകളിലും നിന്ന് അതിരൂപതാതലത്തിൽ ഒന്നാംസ്ഥാനം നേടിയ ജേതാക്കളെ അനുമോദിക്കുന്നതാണ്. എല്ലാവരും രാവിലെ 9 മണിക്കു തന്നെ തലശ്ശേരി സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ എത്തിച്ചേരുമല്ലോ.

## അതിരൂപതയിൽ ഒന്നാം സ്ഥാനം നേടിയവർ

1. ജുവീത നെടുങ്കല്ലേൽ - മഞ്ഞളാംപുറം (എ ഗ്രൂപ്പ്)
2. ഫിലമിൻ മ്ലാക്കുഴിതെക്കേയത്ത് - പടുപ്പ് (ബി ഗ്രൂപ്പ്)
3. സാലു മാത്യു കുളത്തിങ്കൽ - എടൂർ (സി ഗ്രൂപ്പ്)
4. സനീഷ മുകളേക്കാലായിൽ - തേർമല(ഡി ഗ്രൂപ്പ്)
5. മോളി കാരക്കടയിൽ - ജയഗിരി (ഇ ഗ്രൂപ്പ്)
6. അന്ന ഇടപ്പാട്ട് - മേലെചൊവ്വ (എഫ് ഗ്രൂപ്പ്)
7. ഷീല കളപ്പുരയ്ക്കൽ & ഫാമിലി - മുള്ളേരിയ (ഫാമിലി ക്വിസ്)
8. ക്രിസ്റ്റീന കളപ്പുരയ്ക്കൽ - മുള്ളേരിയ (ഫാമിലി ക്വിസ്)

9. മർട്ടീന കളപ്പുരയ്ക്കൽ - മുള്ളേരിയ (ഫാമിലി ക്വിസ്)
10. നിമ്മി ഏലിയാസ് തേൻപള്ളി (സ്പെഷ്യൽ വിഭാഗം - ചെറുപുഴ)

### 6. അഖില അഖിലകേരള ബൈബിൾ കലോത്സവം

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട്ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

### 7. നന്ദി, സ്വാഗതം

2023 ഏപ്രിൽ 8 മുതൽ 2023 നവം. 4 വരെ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിലും ബൈബിൾ അപ്പൊസ്റ്റോലേറ്റിലും ത്യാഗോജ്ജ്വലമായ സേവനം കാഴ്ച വച്ച ബ്രദർ ജീവൻ അമ്പലത്തുങ്കലിന് ഹൃദയം നിറഞ്ഞ നന്ദി. ബെൽത്തങ്ങാടിയിലെ തുടർ റീജൻസി കാലഘട്ടം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. പുതുതായി ആൽഫയിലേക്കു റീജൻസിക്കായി വന്നിരിക്കുന്ന ബ്രദർ തോമസ് ഐക്കരയ്ക്ക് ഹൃദ്യമായ സ്വാഗതം. നന്മ നിറഞ്ഞ റീജൻസി കാലഘട്ടം ആശംസിക്കുന്നു.

### 8. ബൈബിൾ പാരായണ മാസാചരണം - 2023

| പഴയനിയമം | | | പുതിയനിയമം | | |
|---|---|---|---|---|---|
| 1 | - | ഉത്പ 1-3 | 16 | - | മത്താ 1-3 |
| 2 | - | ഉത്പ 12-17 | 17 | - | മത്താ 5-7 |
| 3 | - | ഉത്പ 41-47 | 18 | - | മർക്കോ 11-12 Bible Sunday |
| 4 | - | പുറ 12-14 | 19 | - | ലൂക്കാ 10-12 |
| 5 | - | സംഖ്യ 22-24 | 20 | - | ലൂക്കാ 18-20 |
| 6 | - | നിയമാ 32-34 | 21 | - | യോഹ 1; 10-13 |
| 7 | - | ജോഷ്വാ 3-6 | 22 | - | യോഹ 18-20 |
| 8 | - | 2 സാമു 6-7 | 23 | - | അപ്പ 2-7 |
| 9 | - | 2 രാജാ 22-23 | 24 | - | റോമാ 8-10 |
| 10 | - | നെഹെ 8-10 | 25 | - | 1 കോറി 12-14 Christmas |
| 11 | - | സങ്കീ 119 | 26 | - | ഗലാ 5-6 |
| 12 | - | സുഭാ 8-16 | 27 | - | ഫിലി 1-4 |
| 13 | - | ഏശ 7-11; 52-55 | 28 | - | കൊളോ 1-4 |
| 14 | - | ജറെ 29-33 | 29 | - | ഹെബ്രാ 6-10 |
| 15 | - | മിക്കാ 4-7 | 30 | - | വെളി 12-15 Final day |

**ഏവർക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാർത്ഥനാനിർഭരമായ ക്രിസ്തുമസ് ആശംസകൾ...**

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റോലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ് പ്രിയ മിഷനറിമാരെ,

സമാധാനത്തിന്റെയും ശാന്തിയുടെയും പുത്തൻ സന്ദേശവുമായി ഇതാ ക്രിസ്തുമസ്സ് വരവായി... കാലം കാതോർത്തിരുന്ന മാനവരാശിയുടെ വലിയ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും തിരുനാളാണല്ലോ ക്രിസ്തുമസ്സ്. കവിയും ചിന്തകനുമായ അലക്സാണ്ടർപോപ്പ് പറഞ്ഞു വയ്ക്കുന്നു, ആയിരം പുൽക്കൂടുകളിൽ ഉണ്ണി പിറന്നാലും മനുഷ്യഹൃദയമാകുന്ന പുൽക്കൂട്ടിൽ ഉണ്ണി പിറന്നില്ലെങ്കിൽ ആ ക്രിസ്മസ് ആഘോഷം നിഷ്ഫലമാണ് എന്ന്. അതേ, ക്രിസ്മസ് അർത്ഥവത്താകുന്നത് നമ്മുടെ ഹൃദയമാകുന്ന പുൽത്തൊട്ടിയിൽ ഉണ്ണിയേശു പിറക്കുമ്പോൾ മാത്രമാണ്. ഉണ്ണിയേശുവിനു വന്നു പിറക്കാൻ നമ്മുടെ ഹൃദയത്തെ നമുക്ക് ഒരുക്കാം... കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിത്തിരുനാളിന്റെ മംഗളങ്ങൾ...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഈശോയുടെ തിരുപ്പിറവി |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം | : | ഈ വർഷം തിരുപ്പട്ടവും സന്യാസവും സ്വീകരിക്കുന്നവർക്കുവേണ്ടി |
| സുകൃതജപം | : | ഉണ്ണീശോയെ അങ്ങ് എന്റെ ഹൃദയത്തിൽ വസിക്കണമെ. |
| വചനാമൃതം | : | 2 കൊറിന്തോസ് 1 അദ്ധ്യായം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വെള്ളി : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക. സുകൃതമഞ്ജരി കാർഡ് നൽകുന്നു.

3 ഞായർ : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യസ്വീകണം, മാർ ജോസഫ് പാംപ്ലാനി പാതാവിന്റെ ജന്മദിനം

8 വെള്ളി : അമലോത്ഭവമാതാവിന്റെ തിരുനാൾ
10 ഞായർ : ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക.
23 ശനി : ക്രിസ്കാർഡ് മത്സരം റീജിയണൽ തലത്തിൽ
25 തിങ്കൾ : പിറവിത്തിരുനാൾ
27 ബുധൻ : തിരുകുടുംബത്തിന്റെ തിരുനാൾ
28 വ്യാഴം : കുഞ്ഞിപൈതങ്ങളുടെ തിരുനാൾ
31 ഞായർ : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

### 2. മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, ക്രിസ്കാർഡ് മത്സരം റീജിയണൽ തലങ്ങളിൽ, അൾത്താരബാലൻമാരുടെ സെമിനാർ, ടീം ക്വിസ്സ് മത്സരം, കരോൾഗാന മത്സരം, അഗതിമന്ദിര സന്ദർശനം, എം. ടി.സി ക്ലാസ്സുകൾ.

### 3. ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്തുമസ് ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം റീജിയണൽ തലത്തിൽ നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബർ 23-ാം തീയതി റീജിയണൽ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. (കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസം ഗിരിദീപം പേജ് 54-55, മാർഗ്ഗരേഖ പേജ് 58 എന്നിവ കാണുക).

### 4. കൈയ്യെഴുത്ത് മാസിക

മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26-ാം തീയതി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 57-58, നവംബർ മാസം ഗിരിദീപം പേജ് 53 എന്നിവ കാണുക.)

### 5. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2024 ജനുവരി 26 ന് നടത്തപ്പെടും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതിരൂപതാ മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന ടീമാണ് അതിരൂപതയിൽ മത്സരിക്കേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 56, നവംബർ മാസം ഗിരിദീപം പേജ് 53 കാണുക.)

### 6. അതിരൂപതാതല ക്രിസ്തുമസ് ആഘോഷം

അതിരൂപതാതല ക്രിസ്തുമസ് ആഘോഷം വായാട്ടുപറമ്പ് - ആലക്കോട് മേഖലകളുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽ വച്ച് ഡിസംബർ 23 ന് നടത്തുന്നതായിരിക്കും.

**7. നക്ഷത്ര ദൂത് :** 19 മേഖലകളുടെയും സഹകരണത്തോടെ അതിരൂപത യുടെ നേതൃത്വത്തിൽ കുട്ടികളുടെ ക്രിസ്മസ് വചനസന്ദേശം ഡിസംബർ 1 മുതൽ അയക്കുന്നതായിരിക്കും.

**8. പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടത്തിന് പേര് രജിസ്റ്റർ ചെയ്തവർ പ്രവർത്തനഘട്ട ആരംഭം മുതലുള്ള ഫോട്ടോകൾ cmltly01@gmail.com എന്ന ഈ - മെയിൽ അഡ്രസിലേക്ക് നിർബന്ധമായും അയക്കേണ്ടതാണ് എന്നകാര്യം സ്നേഹ പൂർവ്വം ഓർമ്മിപ്പിക്കുന്നു.

**9. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം** എന്ന പേരിൽ സുകൃ തമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ് ഡയറക്ടേഴ്സ് ഓരോ ദിവ സത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**10. വചനമരം :** ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ക്രിസ്തുമസിനോട നുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠി ക്കാൻ ശ്രദ്ധിക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായ ത്തോടെ വീടിനുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദ മായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളി മുറ്റത്തും വചനമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊ ണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരിക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

**11. ഉണ്ണീശോയ്ക്കൊരു കട്ടിൽ : പഞ്ചാബ് മിഷനിലേക്ക്**

എല്ലാവർഷവും ക്രിസ്തുമസ്സിനോടനുബന്ധിച്ച് മിഷൻപ്രദേശത്തേയ്ക്ക് എല്ലാ ശാഖകളുടെയും സഹകരണത്തോടെ നാം തുക ശേഖരിച്ച് നൽകാ റുണ്ടല്ലോ. ഈ വർഷം നാം സമാഹരിക്കുന്ന തുക തലശ്ശേരി അതിരൂപത യുടെ മിഷൻപ്രദേശമായ പഞ്ചാബ് മിഷനാണ് നൽകുന്നത്. അവിടെയുള്ള അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കിടക്കുവാനുള്ള കട്ടിലുകളും അനുബ ന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഇപ്രാവശ്യത്തെ മുഴുവൻ തുകയും ഉപയോഗപ്പെടുത്തുക. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഒന്നോ അതിൽ കൂടുതൽ

കട്ടിലുകൾക്കുള്ള തുകയോ, ഒരു കട്ടിലിനുള്ള ഭാഗികതുകകളോ നൽക ണമെന്ന് ഏവരേയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ മിഷനായ പഞ്ചാബ് മിഷനെ സഹായിക്കാൻ നമുക്ക് പൂർണ്ണമനസ്സോടെ സഹകരിക്കാം... പഞ്ചാബ് മിഷ നുവേണ്ടി പ്രാർത്ഥിക്കാം.

**12. അഭിവന്ദ്യപിതാക്കൻമ്മാർക്ക് ആശംസകൾ നേരാം**

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാ ക്കൻമാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻ ഗ്രാമങ്ങൾക്കും ക്രിസ്തുമസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മി പ്പിക്കുമല്ലോ.

**13. ശാഖാ സന്ദർശനങ്ങൾ :** അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം പനത്തടി (ഡിസംബർ -3), കാഞ്ഞങ്ങാട് (ഡിസംബർ - 17), കാസർഗോഡ് (ഡിസംബർ - 17) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറ ക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**14. വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ഈ വർഷത്തെ മിഷൻ പിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ 2023-2024 വർഷത്തെ വാർഷിക വിഹിതം, (500 രൂപ)അംഗത്വ ഫീസ് (ഒരുകുട്ടിക്ക് 5 രൂപ വീതം) എന്നിവ ഇനിയും അടച്ചുതീർക്കാനുള്ള വർ എത്രയുംവേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**15. ബൈബിൾ ഞായർ**

ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറിനോടനുബന്ധിച്ച് എല്ലാ ശാഖകളിലും ബൈബിൾ ദിനാചരണം നടത്തുമല്ലോ. അന്നേദിവസം ബൈബിൾ പ്രതിഷ്ഠ, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം എന്നിവ നടത്തുമല്ലോ.

**16. ഹൃദയം നിറഞ്ഞ നന്ദി :** വ്യത്യസ്ഥങ്ങളായ ആശയങ്ങളും പ്രവർത്തന ശൈലിയും കൊണ്ട് മാലോം മേഖലയെ നയിച്ച് പുതിയ സ്ഥലത്തേക്ക് പോകുന്ന ജോസഫ് കളപ്പുര അച്ചന് ഹൃദയം നിറഞ്ഞ നന്ദി.

**17. ഹൃദ്യമായ സ്വാഗതം**

മാലോം മേഖലയുടെ ഡയറക്ടറായി ചുമതലയേറ്റ തോമസ് മരശ്ശേരി അച്ചന് അതിരൂപത മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

**18. ടെലി ക്വിസ് :** അതിരൂപതയുടെ നേതൃത്വത്തിൽ ജൂലൈമാസം മുതൽ നടത്തപ്പെട്ട ടെലിക്വിസ് മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായ വർക്കും അതിന് നേതൃത്വംകൊടുത്തവർക്കും അഭിനന്ദനങ്ങൾ. ഈ

വർഷത്തെ ടെലികിസ് മത്സരം നവംബർ മാസത്തോടെ സമാപിച്ചു എന്ന കാര്യം സ്നേഹപൂർവ്വം അറിയിക്കട്ടെ.

**ഒക്ടോബർ മാസത്തെ വിജയികൾ**

| | |
|---|---|
| അമല കാഞ്ഞിരത്തിനാൽ, വിജയഗിരി | - ആലക്കോട് റീജിയൺ |
| ഇവാൻ തെള്ളിക്കുന്നേൽ, പുലിക്കുരുമ്പ | - ചെമ്പേരി റീജിയൺ |
| ക്രിസ് പോൾ കുന്തറ, കാഞ്ഞിരടുക്കം | - കാഞ്ഞങ്ങാട് റീജിയൺ |
| ഇനേഷ് ഒരവനംതടത്തിൽ, ആനപ്പന്തി | - ഇരിട്ട് റീജിയൺ |

**19. മേഖലാ സന്ദർശനം**

ജനുവരി മാസത്തിൽ അതിരൂപതാ ഭാരവാഹികൾ മേഖലാ സന്ദർശനം നടത്തുന്നതായിരിക്കും എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. മേഖലകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**20. മേഖലാ കൗൺസിൽ വാർഷികം**

14.10.2023 ന് മണിക്കടവ് മേഖല മാട്ടറ ശാഖയിൽ വച്ച് മേഖലാ കൗൺസിൽ വാർഷികം നടത്തി.

**21. സംസ്ഥാന കലോത്സവം - തലശ്ശേരി അതിരൂപത ഓവറോൾ കരസ്ഥമാക്കി**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2023-2024 വർഷത്തെ സംസ്ഥാന മിഷൻകലോത്സവത്തിൽ ഒന്നാം സ്ഥാനവും, സാഹിത്യ മത്സരത്തിൽ മൂന്നാം സ്ഥാനവും, സൂപ്പർ സീനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനവും, കരസ്ഥമാക്കി. കോതമഗലം വിശ്വജ്യോതി കോളേജിൽ വച്ച് നടന്ന കലോത്സവത്തിൽ അതിരൂപതയിൽ നിന്നും 100 ഓളം കലാ പ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്തവർക്കും അവരെ ഒരുക്കിയ ഡയറക്ടർ അച്ചൻമാർക്കും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും ചെറുപുഷ്പ മിഷൻലീഗ് ശാഖാ - മേഖല - രൂപത ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

**22. സംസ്ഥാന കലാമത്സര വിജയികൾ**

| ഗ്രേഡ് | പേര് വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| **ബൈബിൾ വായന - സബ് ജൂനിയർ (Boys)** | | | |
| II A | - ഡാനിൽ വടക്കേമുറിയിൽ | പൊന്മല | ചെമ്പേരി |
| **സംഗീതം - സബ്ജൂനിയർ (Girls)** | | | |
| III A | - ജിയന്ന പൂവത്തുംമൂട്ടിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് |
| **കഥാ പ്രസംഗം - സബ് ജൂനിയർ** | | | |
| III A | - ആനി ജോ തടത്തിൽപുരയിടത്തിൽ | പൈസക്കരി | പൈസക്കരി |
| **പ്രസംഗം - സബ്ജൂനിയർ (Girls)** | | | |
| III A | - ഡയാന മഠത്തിൽ | പാടിച്ചാൽ | ചെറുപുഴ |
| **പ്രസംഗം - ജൂനിയർ (Boys)** | | | |
| III A | ജോജിസ് പുതിയകുളങ്ങര | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ |

**സംഗീതം - ജൂനിയർ (Boys)**

| | | |
|---|---|---|
| II A - മാത്യു പാറയ്ക്കൽ | എടൂർ | എടൂർ |

**ക്വിസ് - ജൂനിയർ (Boys)**

| | | |
|---|---|---|
| I A - പവൽ പോൾ കലശ്ശിയിൽ | പരിയാരം | തളിപ്പറമ്പ് |

**സംഗീതം - ജൂനിയർ (Girls)**

| | | |
|---|---|---|
| II A - മരിയ കൂട്ടിയാനി | ചെറുപുഴ | ചെറുപുഴ |

**സംഗീതം - സീനിയർ (Boys)**

| | | |
|---|---|---|
| II A - റയാൻ കാനാട്ട് | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |

**ക്വിസ് - സീനിയർ (Boys)**

| | | |
|---|---|---|
| III A - ഗോഡ്‌വിൻ പൂന്തോട്ടാൽ | കരിക്കോട്ടക്കരി | എടൂർ |

**പ്രസംഗം - സീനിയർ (Girls)**

| | | |
|---|---|---|
| III A - ഷാരോൺ കാക്കനാട്ടിൽ | നിർമ്മലഗിരി | പേരാവൂർ |

**ക്വിസ് - സീനിയർ (Girls)**

| | | |
|---|---|---|
| I A വിക്ടോറിയ തുണ്ടത്തിൽ | മണിപ്പാറ | മണിക്കടവ് |

**പ്രസംഗം - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| I A - സോബിൻ നെടിയകാലായിൽ | ചെറുപുഴ | ചെറുപുഴ |
| III A - ജിജോ പൂവ്വത്തുമൂട്ടിൽ | കടുമേനി | തോമാപുരം |

**സംഗീതം - സൂപ്പർ സീനിയർ (Boys)**

| | | |
|---|---|---|
| I A - അഭിഷേക് ഈഴറേട്ട് | നീലേശ്വരം | കാഞ്ഞങ്ങാട് |

**സംഗീതം - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| II A - അബിഗെയ്ൽ ഏർത്തയിൽ | പൈസക്കരി | പൈസക്കരി |

**പ്രസംഗം - സൂപ്പർ സീനിയർ (Girls)**

| | | |
|---|---|---|
| I A - ആഷ്‌ലി ഇടക്കരക്കണ്ടത്തിൽ | മാമ്പോയിൽ | ആലക്കോട് |

| **മിഷൻ ആന്തം,** | **സംഘഗാനം** | **ദൃശ്യാവതരണം** |
|---|---|---|
| III A നെല്ലിക്കുറ്റി ടീം, | II A നെല്ലിക്കുറ്റി ടീം | III A പൈസക്കരി ടീം |

## 23. സെമിനാറുകൾ, ക്ലാസ്സുകൾ

- 29.10.2023 ന് കാര്യപ്പള്ളി ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.

## 24. ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ സെക്രട്ടറി ശ്രീ. ബിജു കൊച്ചുപൂവ്വക്കോട്ടിന്റെ പിതാവ് ജേക്കബ് ജോൺ കൊച്ചുപൂവ്വക്കോട്ടിന് അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ദൈവപുത്രനായ മിശിഹായുടെ തിരുപ്പിറവിയുടെ പുണ്യദിനത്തിന്റെ ഓർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ കൊച്ചുകൊച്ചു ത്യാഗങ്ങളും സുകൃതങ്ങളും നന്മപ്രവർത്തികളും കോർത്തിണക്കി നമ്മുടെ കൊച്ചുഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂട് നിർമ്മിക്കാം. ഉണ്ണീശോയുടെ എല്ലാ കൊച്ചു കൂട്ടുകാർക്കും ഒരായിരം ക്രിസ്തുമസ് ആശംസകൾ...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഈശോയുടെ തിരുപ്പിറവി |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം | : കുഞ്ഞിപ്പൈതങ്ങൾക്കുവേണ്ടി |
| സുകൃതംജപം | : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമേ. |
| വചനം | : കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45). |
| പ്രവൃത്തി | : ക്രിസ്തുമസിനൊരുക്കമായി ഓരോ ദിവസവും ഒരു സുകൃതജപം വീതം കുട്ടികളെ ചൊല്ലാൻ പഠിപ്പിക്കുക. 25 ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : അതിരൂപതാതലം ക്രിസ്കാർഡ് മത്സരം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വെള്ളി : 25 നോമ്പ് ആരംഭം. വചനമരം നിർമ്മാണം. എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുക.

3 ഞായർ : വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ, മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ജന്മദിനം

8 വെള്ളി : അമലോത്ഭവമാതാവിന്റെ തിരുനാൾ

10 ഞായർ : ശാഖകളിൽ ക്രിസ്കാർഡ് മത്സരം നടത്തുക.

25 തിങ്കൾ : പിറവിത്തിരുനാൾ

28 വ്യാഴം : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ
31 ഞായർ : വർഷാവസാനം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയാം.

**2. ക്രിസ്കാർഡ് മത്സരം :** ക്രിതുമസ് ആഘോഷഭാഗമായി തിരുബാല സഖ്യം അംഗങ്ങൾക്കായി ക്രിസ്കാർഡ് മത്സരം നടത്തുന്നു.

**നിബന്ധനകൾ**

- ആൺ പെൺ വിത്യാസം ഇല്ല.
- ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായിരിക്കും മത്സരം.
- ശാഖയിൽ ക്രിസ്കാർഡ് മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കാർഡ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്.
- നിർമ്മാണസമയം രണ്ടര മണിക്കൂർ.
- 15 സെ. മീ വീതിയും 21 സെ.മീ. നീളവുമുള്ള ചാർട്ടു പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുട ങ്ങിയവ ഉപയോഗിക്കാം.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന ദിവസം ഡിസംബർ 20 ന്.

**3. ഉണ്ണീശോയ്ക്ക് സ്നേഹസമ്മാനം**

ഡിസംബർ 1-ാം തീയതി മുതൽ 25-ാം തീയതി വരെ കുഞ്ഞുമക്കൾ അവരുടെ ഹൃദയത്തിൽ സുകൃതങ്ങളാകുന്ന പൂമെത്തയൊരുക്കി ഉണ്ണീ ശോയെ വരവേൽക്കാനായി **ഉണ്ണീശോയ്ക്ക് സ്നേഹ സമ്മാനം** എന്ന പേരിൽ സുകൃതമഞ്ജരികൾ തയ്യാറാക്കി നൽകുന്നു. വൈസ്ഡയറ ക്ടേഴ്സ് ഓരോ ദിവസത്തെയും സുകൃതങ്ങൾ കുട്ടികൾക്ക് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

**4. വചനമരം**

തിരുബാലസഖ്യം കുഞ്ഞുമക്കൾ ക്രിസ്തുമസിനോടനുബന്ധിച്ച് ആത്മീയമായി വളരുന്നതിന് ധാരാളം ദൈവവചനങ്ങൾ പഠിക്കാൻ ശ്രദ്ധി ക്കുമല്ലോ. പഠിച്ചവചനങ്ങൾ ആകർഷകമായ കാർഡുകളിൽ എഴുതി മറ്റ് അലങ്കാര വസ്തുക്കളോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ വീടി നുള്ളിലോ, പുറത്തോ, വലിയ ചെടികളിലോ, സൗകര്യപ്രദമായ മരത്തിലോ തൂക്കി അലങ്കരിക്കുമല്ലോ. ശാഖാ തലത്തിൽ ഇടവക പള്ളിമുറ്റത്തും വച നമരങ്ങൾ ഒരുക്കുവാനും കുട്ടികൾക്ക് വചനങ്ങൾ എഴുതികൊണ്ടുവന്ന് തൂക്കുവാനുമുള്ള ക്രമീകരണം ഒരുക്കുമല്ലോ. ഏറ്റവും നന്നായി അലങ്കരി ക്കുന്ന വചനമരത്തിന് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുവാൻ ശാഖാ ഡയറക്ടേഴ്സും, വൈസ്ഡയറക്ടേഴ്സും ശ്രദ്ധിക്കുമല്ലോ.

### 5. ഉണ്ണീശോയ്ക്കൊരു കട്ടിൽ : പഞ്ചാബ് മിഷനിലേക്ക്

എല്ലാവർഷവും ക്രിസ്തുമസ്സിനോടനുബന്ധിച്ച് മിഷൻപ്രദേശത്തേയ്ക്ക് എല്ലാ ശാഖകളുടെയും സഹകരണത്തോടെ നാം തുക ശേഖരിച്ച് നൽകാറുണ്ടല്ലോ. ഈ വർഷം നാം സമാഹരിക്കുന്ന തുക തലശ്ശേരി അതിരൂപതയുടെ മിഷൻപ്രദേശമായ പഞ്ചാബ് മിഷനാണ് നൽകുന്നത്. അവിടെയുള്ള അനാഥമന്ദിരത്തിലെ കുട്ടികൾക്ക് കിടക്കുവാനുള്ള കട്ടിലുകളും അനുബന്ധസൗകര്യങ്ങളും ഒരുക്കുവാനാണ് ഇപ്രാവശ്യത്തെ മുഴുവൻ തുകയും ഉപയോഗപ്പെടുത്തുക. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് **5000** രൂപയാണ്. ഒന്നോ അതിൽ കൂടുതൽ കട്ടിലുകൾക്കുള്ള തുകയോ, ഒരു കട്ടിലിനുള്ള ഭാഗികതുകകളോ നൽകണമെന്ന് ഏവരേയും ഓർമ്മിപ്പിക്കുന്നു. നമ്മുടെ മിഷനായ പഞ്ചാബ് മിഷനെ സഹായിക്കാൻ നമുക്ക് പൂർണ്ണ മനസ്സോടെ സഹകരിക്കാം... പഞ്ചാബ് മിഷനുവേണ്ടി പ്രാർത്ഥിക്കാം.

### 6. അഭിവന്ദ്യപിതാക്കൻമാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാർക്ക് ക്രിസ്മസ് - പുതുവത്സരാശംസാ കാർഡുകൾ അയക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

### 7. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഡിസംബർ മാസം പനത്തടി (ഡിസംബർ -3), കാഞ്ഞങ്ങാട് (ഡിസംബർ - 17), കാസർഗോഡ് (ഡിസംബർ 31) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

### 8. ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം...

ഈ മാസം നമുക്ക് ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം എന്ന അഞ്ചാം അധ്യായം പഠിക്കാം. ഈശോ ജീവിതത്തിലുണ്ടായ സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിച്ച് സംതൃപ്തിയോടെയാണ് മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചത്. പ്രിയ കൂട്ടുകാരേ നമുക്കും ഈശോയെപ്പോലെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളും, ദു:ഖങ്ങളും എല്ലാം സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് സംതൃപ്തിയോടെ ജീവിക്കാം.

### 9. നിറം കൊടുക്കാമോ?

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 29 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച്

മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**10. വഴി കാട്ടാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സംതൃപ്തിയുള്ളവരാകാം എന്ന അഞ്ചാം അധ്യായത്തിലെ പേജ് 30 ലെ വഴി കാട്ടാമോ?എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം ഡിസംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**11. എയ്ഞ്ചൽസ് ഫെസ്റ്റ് 2023-24 (കലോത്സവം)**

ഈ വർഷം തിരുബാലസഖ്യ കലോത്സവത്തിന് പ്രസംഗം, സംഗീതം, ഗ്രൂപ്പ് ഡാൻസ് എന്നീ ഇനങ്ങൾ മാത്രമേ മത്സരം ഉണ്ടായിരിക്കുകയുള്ളൂ എന്ന് നേരത്തെ അറിയിച്ചിരുന്നത് തിരുബാലസഖ്യം ശാഖാ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ നവംബർ മാസത്തെ ഗിരിദീപം നോക്കി മനസിലാക്കുമല്ലോ. മുകളിൽ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കുട്ടിയുടെ വീഡിയോ പെൻഡ്രൈവിൽ ആക്കി ജനുവരി 14-ാം തീയതി അതിരൂപതയിൽ എത്തിക്കുക. മേഖലകളിൽ മത്സരങ്ങൾ നടത്തപ്പെടുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ മേഖലകളിൽ നിന്ന് അറിയിക്കുന്നതായിരിക്കും.

**12. മതാദ്ധ്യാപകദിനം - അതിരൂപതാതല ആഘോഷം**

നവംബർ 5-ാം തീയതി ഞായറാഴ്ച പുളിങ്ങോം ശാഖയിൽ വച്ച് മിഷൻലീഗ്, തിരുബാലസഖ്യം എന്നീ സംഘടനകൾ സംയുക്തമായി മതാദ്ധ്യാപകരെ ആദരിച്ചു. ശാഖാ ഡയറക്ടർ ഫാ. ഇമ്മാനുവേൽ പൂവ്വത്തിങ്കൽ മതാദ്ധ്യാപക ദിനത്തിന് നേതൃത്വം നൽകി. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ എല്ലാ മതാദ്ധ്യാപകരെയും ഷാൾ അണിയിക്കുകയും പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു.

**14. നിറംകൊടുക്കാമോ? നവംബർ മാസത്തെ വിജയികൾ**

I ആദിൽ ഓതറയിൽ - കനകക്കുന്ന്

II ഐവിൻ പല്ലുക്കാട്ട് - പെരിങ്ങാല

III അന്ന റോസ് അമ്പലത്തിങ്കൽ - കടുമേനി

**15. വഴികാട്ടാമോ? നവംബർ മാസത്തെ വിജയികൾ**

I ഫെമിയ വാഴപ്പള്ളി - കുട്ടാപ്പറമ്പ

II വർഗ്ഗീസ് വളയംപള്ളി - വെള്ളാട്

III അജോയൽ കാഞ്ഞിരത്തിങ്കൽ - കരിക്കോട്ടക്കരി

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"പ്രിയപ്പെട്ട യുവജനസുഹൃത്തുക്കളെ ദൈവം നിങ്ങൾക്ക്
നൽകിയ ദാനങ്ങളും കഴിവുകളും ചെറുതായി കാണരുത്"
*(ഫ്രാൻസീസ് പാപ്പ).*

പ്രിയപ്പെട്ട ഡയറകറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ഡിസംബർ മാസത്തിലേയ്ക്ക് പ്രവേശിക്കുകയാണല്ലോ. ഉണ്ണീശോയെ ഹൃദയത്തിലും ജീവിതത്തിലും സ്വീകരിക്കാൻ ഒരുങ്ങാം. ഇടവകാ ദൈവാലയത്തിൽ പുൽക്കൂട് നിർമ്മാണം കെസിവൈഎം ഏറ്റെടുത്ത് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**വനിതാ വിംഗ് (VOW) ന്റെ ഉദ്ഘാടനവും കേശദാന യജ്ഞവും**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ വനിതാ വിഭാഗമായ വനിതാ വിംഗ് (VOW) ന്റെ ഉദ്ഘാടനവും കേശദാനയജ്ഞവും ഡിസംബർ 3-ാം തീയതി വെള്ളരിക്കുണ്ട് ഫൊറോനയിൽ വെച്ച് നടത്തപ്പെടുന്നു. അന്നേ ദിവസം അതിരൂപതയിലെ നിരവധി യുവതികൾ കേശദാനം നടത്തുന്നു. കഴിഞ്ഞ വർഷത്തെ (2022-23) എല്ലാ ഫൊറോന വൈസ് പ്രസിഡന്റ്മാരെയും ആദരിക്കുന്നു.

**ക്രിസ്തുമസ് സന്ദേശ റാലി (ബോൺനത്താലെ)**

ക്രിസ്തുമസിനോടനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഇരട്ടിയിൽ വച്ച് ക്രിസ്തുമസ് സന്ദേശറാലി നടത്തുന്നു.

എടൂർ, കുന്നോത്ത്, നെല്ലിക്കംപൊയിൽ, മണിക്കടവ്, പേരാവൂർ, ഫൊറോനകളുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സന്ദേശയാത്ര നടക്കുന്നത്. ഡിസംബർ 23 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ഇരിട്ടി പള്ളിയുടെ പരിസരത്തിൽനിന്നും സന്ദേശറാലി ആരംഭിക്കും. ഇരിട്ടി മുനിസിപ്പൽ സ്റ്റേഡിയത്തിൽ അവസാനിക്കും. തലശ്ശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി ക്രിസ്മസ് സന്ദേശം നൽകും. കരോൾ ഗാനങ്ങളും നൃത്താവിഷ്കാരങ്ങളും പ്ലോട്ടുകളും സന്ദേശ റാലിയിൽ അണിനിരക്കും.

**ടൗൺ കരോൾ**

കെസിവൈഎം-ന്റെ നേതൃത്വത്തിൽ 19 ഫൊറോനകളിലും ടൗൺ കരോളുകൾ സംഘടിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഗ്ലോറിയ യാത്ര**

അതിരൂപതാ കെസിവൈഎം-ന്റെ നേതൃത്വത്തിൽ അഗതിമന്ദിരങ്ങളിലൂടെയുള്ള ക്രിസ്തുമസ് കരോൾ യാത്ര **'ഗ്ലോറിയ'** യാത്ര നടത്തപ്പെടുന്നു.

**കരോൾ ഗാന മത്സരം**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ക്രിസ്മസ് കരോൾ ഗാനം മത്സരം നടത്തുന്നു. 19 ഫൊറോനയിൽ നിന്നും ഓരോ ടീമുകൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുക. ഡിസംബർ 17 ചെമ്പൻതൊട്ടിയിൽ വച്ച് മത്സരം നടത്തപ്പെടും.

**കൊയ്നോണിയ അതിരൂപത കലോത്സവം**

കെസിവൈഎം അതിരൂപത കലോത്സവം മാതൃവേദി, മിഷ്യൻലീഗ് സംഘടനകൾ സംയുക്തമായി നടത്തി. വിജയികളായവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

ഒന്നാം സ്ഥാനം - മാലോം ഫൊറോന
രണ്ടാംസ്ഥാനം - വെള്ളരിക്കുണ്ട് ഫൊറോന
മൂന്നാം സ്ഥാനം - ചെമ്പേരി ഫൊറോന

കെസിവൈഎം വിഭാഗത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**സകല മരിച്ചവരുടെയും തിരുനാൾ**

സകല മരിച്ചവരുടെയും ഓർമ്മദിനമായി ആചരിക്കുന്ന നവംബർ രണ്ടാം തീയതി തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ, കെസിവൈഎം തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ, ബാലേശുഗിരി ഉണ്ണിമിശിഹാ പള്ളിയിൽ, യുവജനങ്ങൾ സിമിത്തേരിയും പരിസരവും വൃത്തിയാക്കികയും ചെയ്തു. കെസിവൈഎം അതിരൂപത പ്രസിഡണ്ട് ശ്രി. അഖിൽ സി. ജെ., അതിരൂപത ഡയറക്ടർ ഫാ. ജിൻസ്, തളിപ്പറമ്പ് ഫൊറോന പ്രസിഡണ്ട് അബിൻ ജോർജ്, ഡയറക്ടർ ഫാ. ലിജോ മറ്റപ്പള്ളി, അതിരൂപത ഭാരവാഹികൾ, ബാലേശുഗിരി പ്രസിഡണ്ട് ഷിജിൻ, ഫൊറോന ഭാരവാഹികൾ, ബാലേശുഗിരി യൂണിറ്റിലെ ഭാരവാഹികൾ, എന്നിവർ പങ്കെടുത്തു. നവംബർ രണ്ട് സകല മരിച്ചവരുടെയും തിരുനാൾ ദിനത്തോടനുബന്ധിച്ച് കെസിവൈഎം 19 ഫൊറോനകളുടെയും നേതൃത്വത്തിൽ വിവിധ ഇടവകകളിൽ സിമിത്തേരി ക്ലീനിങ്ങും മരിച്ചവർക്കുവേണ്ടി പ്രാർത്ഥനയും നടത്തി.

**പഠിപ്പു സമരം**

വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതിനെതിരെ പഠിപ്പു സമരം, തലശ്ശേരി അതിരൂപത കെസിവൈഎം-ന്റെ നേതൃത്വത്തിൽ പൈസക്കരി ഫൊറോനയുടെ സഹകരണത്തോടെ, പയ്യാവൂർ കെഎസ്ഇബി ഓഫീസിനു മുമ്പിൽ മണ്ണെണ്ണ വിളക്ക് കത്തിച്ച് യുവജനങ്ങൾ പഠിപ്പു സമരം നടത്തിയത്. കെ

എസ്ഇബി ഓഫീസിനു മുമ്പിൽ നിന്ന് ആരംഭിച്ച പ്രതിഷേധറാലി പയ്യാവൂർ ബസ്റ്റാന്റിൽ അവസാനിച്ചു. അതിരൂപത പ്രസിഡണ്ട് ശ്രീ. അഖിൽ സി. ജെ.യുടെ അധ്യക്ഷതയിൽ അതിരൂപത ഡയറക്ടർ ഫാ. ജിൻസ് ഉദ്ഘാടനം ചെയ്തു. 100 ഓളം യുവജനങ്ങൾ പങ്കെടുത്തു.

### മതാധ്യാപകദിനം

വി. ചാൻസ് ബറോമിയായുടെ തിരുനാളിനോടനുബന്ധിച്ചു കെസിവൈഎം എല്ലാ ഫൊറോനകളിലും മതാധ്യാപകരെ ആദരിച്ചു.

### എന്റെ അമ്മയിലൂടെ ഈശോയിലേക്ക്

അതിരൂപതയിലെ 19 ഫൊറോനയിലെയും പ്രസിഡന്റുമാർ മാതൃ അനുഭവങ്ങൾ പങ്കുവച്ചു. കെസിവൈഎം മീഡിയായിലൂടെ പ്രക്ഷേപണം നടത്തി. എല്ലാ ഫൊറോന പ്രസിഡണ്ടുമാർക്കും അഭിനന്ദനങ്ങൾ.

### മരിയൻ ക്വിസ്

കെസിവൈഎം പനത്തടി ഫൊറോനയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി അതിരൂപതയിലെ മുഴുവൻ അംഗങ്ങൾക്കുമായി മരിയൻ ക്വിസ് സംഘടപ്പിച്ചു.

### സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം

കെസിവൈഎം തലശേരി അതിരൂപത സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം 11-11-2023 തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രസിഡന്റ് ശ്രീ. അഖിൽ സി. ജെ.യുടെ അധ്യക്ഷതയിൽ ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സംഘടനയുടെ വരും വർഷത്തേക്കുള്ള പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച നടത്തുകയും 19 പ്രവർത്തനങ്ങൾ വ്യത്യസ്ത ഫൊറോനകളെ ചുമതലപ്പെടത്തുകയും ചെയ്തു.

### അല്മായ ആനിമേറ്റർ

കെസിവൈഎം വെള്ളരിക്കുണ്ട് ഫൊറോനയെ ധീരമായി നയിച്ചിരുന്ന ടോണി ചേപ്പുകാലായിൽ അതിരൂപതാ സിൻഡിക്കേറ്റിൽ അല്മായ ആനിമേറ്റർമാരുടെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. ടോണി സാറിന് സ്വാഗതവും സ്നേഹാദരങ്ങളും അറിയിക്കുന്നു.

### പള്ളിമുറ്റം ഇടവക യുവജന സംഗമം ഉദ്ഘാടനം

കെസിവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ ഏറ്റവും പ്രധാനപ്പെട്ടതും യൂണിറ്റ് തലത്തിൽ ക്രമപ്പെടുത്തുന്നതുമായ പള്ളിമുറ്റം എന്ന ഇടവക യുവജന സംഗമം നടത്തി. 10 മണിക്ക് വി. കുർബാനയോടുകൂടി സംഗമത്തിന് തുടക്കം കുറിച്ചു. തുടർന്ന് പതാക ഉയർത്തി. കാസർഗോഡ് ഫൊറോനയിൽ പൊയ്നാച്ചി ഇടവകയിൽ വച്ച് നടന്ന സംഗമം പ്രസിഡന്റ് ശ്രീ. അഖിൽ സി.ജെ.യുടെ അധ്യക്ഷതയിൽ

ഫൊറോന വികാരി ബഹു. ജോർജ് വള്ളിമലയച്ചൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കാസർഗോഡ് ഫൊറോനയിൽ വ്യത്യസ്ത സ്ഥലങ്ങളിൽ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചവരെ ആദരിച്ചു. പള്ളിമുറ്റം പ്രോഗ്രാമിന്റെ ഭാഗമായി യുവജനങ്ങൾ പള്ളിയുടെ മുറ്റത്ത് പൂന്തോട്ടം നിർമ്മിക്കുകയും വാഴ തൈകൾ, പച്ചക്കറി തൈകൾ നട്ട് ഇടവക കൂട്ടായ്മയിൽ പങ്കുചേർന്നു. തുടർന്നു നടന്ന സംഘടന ചർച്ചയിൽ വിവിധ വിഷയങ്ങളെക്കുറിച്ച് യുവജനങ്ങൾ ചർച്ച നടത്തി. ഗെയിംസും സംഗീതവും മറ്റു പ്രോഗ്രാമുകളുമായി കാസർഗോഡ് ഫൊറോനയിലെ 7 ഇടവകയിലെയും യുവജനങ്ങൾ പങ്കുചേർന്നു. പള്ളിമുറ്റം ഇടവക യുവജനസംഗമം ഉദ്ഘാടനം ഭംഗിയായി ക്രമീകരിച്ച കാസർഗോഡ് ഫൊറോന പ്രസിഡന്റ് ഫെബിൻ, ഡയറക്ടർ ഫാ. ഷിൻസ്, ഫൊറോന സമിതി അംഗങ്ങൾ, യുവജനസുഹൃത്തുക്കൾ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി

## ലോകസമാധാനത്തിന് പ്രാർത്ഥനായജ്ഞം

ഇസ്രായേൽ - പലസ്തീൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ തളിപ്പറമ്പ് ഫൊറോനയുടെ നേതൃത്വത്തിൽ ലോകസമാധാനത്തിനുവേണ്ടി കണ്ണൂർ യൂണിറ്റിൽ വച്ച് പ്രാർത്ഥനായജ്ഞം നടത്തി.

## കർഷക മരണത്തിൽ പ്രതിഷേധാഗ്നി

കടവായ്പയുടെ പേരിൽ ജീവനൊടുക്കിയ കർഷകൻ പ്രസാദിന്റെ മരണത്തിൽ പ്രതിഷേധവുമായി കെസിവൈഎം തലശ്ശേരി അതിരൂപത. കാസർഗോഡ് ഫൊറോനയുടെ ആതിഥേയത്വത്തിൽ പൊയിനാച്ചിയിൽ നടന്ന പ്രതിഷേധ സമരം പ്രസിഡന്റ് അഖിൽ സി.ജെ.യുടെ അധ്യക്ഷതയിൽ ഡയറക്ടർ ഫാ. ജിൻസ് നിർവഹിച്ചു. സർക്കാരിന്റെ കഠിനമായ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം അറിയിച്ചു.

## ശിശുദിനാഘോഷം

നവംബർ 14 ശിശുദിനാഘോഷം വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ചെമ്പന്തൊട്ടി, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, മണിക്കടവ്, പൈസക്കരി ഫെറോനകളുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ കുഞ്ഞുങ്ങളെ ആദരിച്ച് മധുര പലഹാരങ്ങൾ വിതരണം ചെയ്തു. ശിശുദിനാഘോഷം ഭംഗിയാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

## ബിരിയാണി ചലഞ്ച്

കെസിവൈഎം തോമാപുരം ഫൊറോനയുടെ നേതൃത്വത്തിൽ അഗതികൾക്കായി ഒരുക്കുന്ന സഹായഹസ്തം പദ്ധതിയുടെ ഭാഗമായി ബിരിയാണി ചലഞ്ച് നടത്തി. കെസിവൈഎം തോമാപുരം ഫൊറോനയ്ക്ക് അഭിനന്ദനങ്ങൾ.

### നൈറ്റ് വിജിൽ

കെസിവൈഎം പൈസക്കരി ഫൊറോനയുടെ നേതൃത്വത്തിൽ ചന്ദനക്കാംപാറ പള്ളിയിൽ വച്ച് നൈറ്റ് വിജിൽ സംഘടിപ്പിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നായി നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

### ഞായറാഴ്ച പ്രവൃത്തി ദിനം - പ്രതിഷേധം

സർക്കാരിന്റെ നവകേരള യാത്രയുമായി ബന്ധപ്പെട്ട ഞായറാഴ്ച ദിവസം പ്രവൃത്തിദിനമാക്കിയ ഉത്തരവിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. മതേതര രാജ്യത്തിൽ വിശ്വാസികളുടെ വികാരങ്ങൾ സംരക്ഷിക്കാൻ തീരുമാനം പുനർ പരിശോധിക്കണമെന്ന് കെസിവൈഎം ആവശ്യപ്പെട്ടു.

### ഷട്ടിൽ ടൂർണമെന്റ്

കെസിവൈഎം കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ ഷട്ടിൽ ടൂർണമെന്റ് നടത്തപ്പെടുന്നു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്സ്തോലേറ്റ്

വിവാഹം ഏറ്റവും സവിശേഷമായ ഒരു ബന്ധമാണ്. കാരണം ഒരു സ്ത്രീയും പുരുഷനും ഈ സ്നേഹത്തിന്റെ കൂദാശയിലൂടെ ഒന്നാകുമ്പോൾ ദൈവം അവരിൽ പ്രതിബിംബിക്കുന്നത് പോലെയാകുന്നു. തന്റെ സ്നേഹത്തിന്റെ മായാത്ത മുദ്രയും തനതായ സവിശേഷതകളും ദൈവം അവരിൽ പതിപ്പിക്കുന്നതുമൂലം ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയിലേക്ക് കുടുംബത്തിലൂടെ ദൈവം അവരെ പങ്കുചേർക്കുന്നു. തിരുപ്പിറവിയെ ധ്യാനിക്കുന്ന ഈ ദിനങ്ങളിൽ ദൈവം കൂടെ വസിക്കുന്ന ഇടങ്ങളായി കുടുംബങ്ങളെ രൂപപ്പെടുത്താൻ ഒത്തൊരുമിച്ച് പരിശ്രമിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

നവംബർ 16-18 തീയതികളിലായി പടന്നക്കാട് വച്ചു നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 105 പേർ സംബന്ധിച്ചു.

### MPC 2023

| | |
|---|---|
| December 14-16 | (Thursday - Saturday) Thalassery |

**Time Schedule :**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- 2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് പുനഃരാരംഭിക്കുന്നതാണ്.
- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ തീയതികൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| January | 02-04 | (Tuesday, Thursday) | Thalassery |
| January | 23-25 | (Tuesday, Thursday) | Thalassery |
| February | 15-17 | (Thursday, Saturday) | Padannakkad |
| March | 14-16 | (Thursday, Saturday) | Thalassery |
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

**a)** അതിരൂപതാ ഭാരവാഹികളുടെ മീറ്റിംഗ് നവംബർ 14ന് Online ആയി നടത്തി. വിവിധവിഷയങ്ങൾ ചർച്ച ചെയ്തു.

മതാധ്യാപകദിനത്തിൽ എല്ലാ മതാധ്യാപകരെയും യൂണിറ്റ് തലത്തിൽ പൊന്നാടയണിയിച്ചും ബൊക്ക നല്കിയും, സമ്മാനങ്ങൾ കൊടുത്തും വ്യത്യസ്തമായ രീതിയിൽ ആദരിച്ചു.

ശിശുദിനത്തിൽ ഇടവകയിലെ കുഞ്ഞുങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് സമ്മാനങ്ങൾ കൊടുത്തു.

**b) പ്രബന്ധമത്സരം**

വി. ജോൺപോൾ രണ്ടാമന്റെ തിരുനാൾ ദിനത്തിൽ അമ്മമാർക്കായി കുടുംബബന്ധങ്ങളുടെ ശാക്തീകരണം വി. ജോൺ പോൾ രണ്ടാമന്റെ വീക്ഷണത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധ മത്സരം നടത്തി. 60 പേർ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സമ്മാനർഹരായവർ**

ഒന്നാം സമ്മാനം : റാണി മേനോനിക്കൽ - മേരിഗിരി
രണ്ടാം സമ്മാനം : ആതിര സാഗർ തുണ്ടത്തിൽ - എടൂർ
മൂന്നാം സമ്മാനം : ട്രീസ തോമസ് ഒറ്റപ്ലാക്കൽ - കല്ലുവയൽ

## c) ജപമാല വീഡിയോ നിർമ്മാണ മത്സരം

ജപമാലയുടെ അർത്ഥവും പ്രാധാന്യവും വ്യക്തമാക്കുന്ന 3 മിനിറ്റ് ദൈർഘ്യമുള്ള ജപമാല വീഡിയോ മത്സരം അമ്മമാർക്കായി നടത്തി. ഏറ്റവും ആകർഷകവും അർത്ഥവത്തും ആയ രീതിയിൽ ജപമാലയുടെ മാഹാത്മ്യം വ്യക്തമാക്കുന്ന തരത്തിലുള്ള 50 ഓളം വീഡിയോകൾ ലഭിച്ചു. അതിൽ മികച്ചതിന് 500, 300, 100 എന്നീ വിധത്തിൽ സമ്മാനങ്ങൾ ലഭിച്ചു.

**സമ്മാനർഹരായവർ**

ഒന്നാം സമ്മാനം : സബിത ടോണി കണ്ണംപാടത്തിൽ - കരുവൻചാൽ
രണ്ടാം സമ്മാനം : സോളി ജോസ് - കണിച്ചാർ
മൂന്നാം സമ്മാനം : ഉഷ ജോസ് മാളിയേക്കൽ - വിളക്കന്നൂർ

## ഡിസംബർ മാസത്തെ മാർഗ്ഗരേഖ

ഡിസം. 1 : 25 നോമ്പാരംഭം 25 ദിവസവും സാധിക്കുന്നിടത്തോളം അമ്മമാർ വി. കുർബ്ബാനയിൽ സംബന്ധിക്കുക. നോമ്പെടുത്ത് പ്രത്യേക നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുക. ഓരോ മേഖലയിൽ നിന്നും എല്ലാ യൂണിറ്റുകളെയും ഉൾപ്പെടുത്തി ഓരോ ദിവസവും അമ്മമാരുടെ ക്രിസ്തുമസ് ഒരുക്ക വീഡിയോ സന്ദേശങ്ങൾ തയ്യാറാക്കുക.

: ലോക എയ്ഡ്സ് ദിനത്തിൽ എല്ലാ എയ്ഡ്സ് രോഗികൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

ഡിസം. 2 : അതിരൂപതാ ജനറൽബോഡി, തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ 2 pm ന് അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മേഖലാ ഭാരവാഹികൾ എല്ലാ യൂണിറ്റുകളുടേയും പ്രസിഡന്റ് എന്നിവർ നിർബന്ധമായും പങ്കെടുക്കുക. യൂണിഫോം ധരിച്ച്, ബാഡ്ജ് കുത്തി വരിക.

ലോക കമ്പ്യൂട്ടർ സാക്ഷരതാദിനത്തിൽ അമ്മമാരുടെ കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ നടപ്പിലാക്കുക.

ഡിസം. 3 : ഓരോ യൂണിറ്റിലുമുള്ള വികലാംഗർ, Differently abled ആയിട്ടുള്ള ആളുകളെ സന്ദർശിച്ച് അവർക്ക് സമ്മാനങ്ങൾ നല്കുക. മേഖലാതലത്തിൽ ഇത്തരം ആളുകൾക്കായുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായങ്ങൾ ചെയ്യുക.

ഡിസം. 8 : അമലോത്ഭവ തിരുനാൾ - കാഴ്ചസമർപ്പണം നടത്തി പാവപ്പെട്ട കുടുംബത്തിലെ ഒരു കുഞ്ഞിന് പഠനസഹായം നല്കുക.

ഡിസം. 9 : അഖിലലോക അഴിമതി വിരുദ്ധ ദിനത്തിൽ യൂണിറ്റ് തലത്തിൽ സമൂഹത്തിൽ നടമാടുന്ന അഴിമതിക്കെതിരെ ഉചിതമായ ബോധവത്ക്കരണം നടത്തി അമ്മമാർ അഴിമതി വിരുദ്ധ പ്രതിജ്ഞ ചൊല്ലുക.

ഡിസം. 10 : മനുഷ്യാവകാശദിനത്തിൽ മേഖലാതലത്തിൽ മനുഷ്യാവകാശങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണം നല്കാനുതകുന്ന സെമിനാർ നടത്തുക.

ഡിസം. 18 : ഇന്ത്യയിലെ ന്യൂനപക്ഷാവകാശദിനത്തിൽ ഇന്ന് ന്യൂനപക്ഷങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അതിരൂപത നടത്തുന്ന വെബിനാറിൽ സംബന്ധിക്കുക. യൂണിറ്റ് തലത്തിൽ ഉചിതമായ വിധത്തിൽ ന്യൂനപക്ഷാവകാശദിനം ആചരിക്കുക.

ഡിസം. 24 : ക്രിസ്തുമസിന്റെ തലേന്ന് ഓരോ യൂണിറ്റും തങ്ങളുടെ ഇടവകയിലെ ഏറ്റവും നിർദ്ധനരായ 3 കുടുംബങ്ങൾക്കെങ്കിലും ക്രിസ്തുമസ് കിറ്റ് നല്കുക.

ഡിസം. 26 : വി. സ്തേഫാനോസിന്റെ തിരുനാൾ ദിനത്തിൽ വിവിധ ഇടങ്ങളിൽ രക്തസാക്ഷികളായവർക്ക് വേണ്ടി പ്രാർത്ഥിക്കുക.

ഡിസം. 27 : വി. യോഹന്നാന്റെ തിരുനാൾ ദിനത്തിൽ യോഹന്നാൻ നാമധാരികളെ ആദരിക്കുക. വി. യോഹന്നാൻ സുവിശേഷം 1-ാം അദ്ധ്യായം വായിക്കുകയും സന്ദേശങ്ങൾ നല്കുകയും ചെയ്യുക.

ഡിസം. 28 : കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുക.

ഡിസം. 31 : തിരുക്കുടുംബദിനം - തിരുക്കുടുംബത്തിന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുക. കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് ഏറ്റവും സമുചിതമായി കുടുംബദിനമായി ആചരിക്കുക.

## പൊതുപ്രവർത്തനങ്ങൾ

1. എല്ലാ യൂണിറ്റിലും ക്രിസ്തുമസ് ഫ്രണ്ട് എടുത്ത് പ്രാർത്ഥിക്കുക, സമ്മാനങ്ങൾ നല്കുക. കൂടാതെ മേഖലാ ഭാരവാഹികളും ഇതുപ്രകാരം ചെയ്യുക.
2. ദൈവവചന എഴുത്ത് മത്സരം **ഡിസംബർ 16 ശനി 9.30 am -12.30 pm.** പരമാവധി അമ്മമാർ പങ്കെടുക്കുക.
3. കുടുംബ കരോൾഗാന മത്സരം ഡിസംബർ 23 ശനി 10 am, തലശ്ശേരി. ഒരു കരോൾഗാനമാണ് പാടേണ്ടത്. 3 മുതൽ 7 വരെ അംഗങ്ങൾ ആവാം. പരമാവധി കുടുംബങ്ങളെ പങ്കെടുപ്പിക്കുക.

### III) സമ്മാനവിതരണം

അതിരൂപത സാഹിത്യമത്സര വിജയികൾക്കും അമ്മമാർക്കായി നടത്തിയ മറ്റു മത്സരങ്ങളുടെ വിജയികൾക്കും ഉള്ള സമ്മാനങ്ങൾ ഡിസംബർ 2-ാം തീയതി നടക്കുന്ന ജനറൽ ബോഡിയിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. സമ്മാനർഹരായവർ പങ്കെടുക്കാൻ ശ്രദ്ധിക്കുക.

### IV) സഖറിയാസ് കൺവെൻഷൻ

ഇടവകാ തലത്തിൽ സഖറിയാസ് കൂട്ടായ്മകൾ (60 വയസ്സ് കഴിഞ്ഞവരുടെ സ്നേഹ സംഗമം) നടത്തുന്നതിന് ഒരുക്കമായി സിസ്റ്റേഴ്സ്, വിശ്വാസപരിശീലകർ, അദ്ധ്യാപകർ, ക്രിസ്റ്റീൻ ടീം അംഗങ്ങൾ എന്നിങ്ങനെ കഴിവുള്ള ആളുകളെ ഉൾപ്പെടുത്തി തലശ്ശേരി സന്ദേശഭവനിൽ വെച്ച് നവംബർ 21,22 തീയതികളിൽ റിസോഴ്സ് ടീം പരിശീലനം സംഘടിപ്പിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോബി കോവാട്ട്, അതിരൂപതാ ചാൻസലർ ഫാ. ബിജു മുട്ടത്തുകുന്നേൽ, ഫാ. ജിൻസ് വെട്ടിയാനിക്കൽ, ബ്രദർ. ജോയ്സ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. 60 ഓളം പേർ പരിശീലനത്തിൽ പങ്കുചേർന്നു.

### V) സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
Phone: 9400206974, 8078122191.

### VI) പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191.

### VII) അമല പ്രോലൈഫ്

ജീവോത്സവം 2023-ന്റെ വിജയകരമായ നടത്തിപ്പിനെക്കുറിച്ച് ആലോചിച്ച് പദ്ധതികൾ തയ്യാറാക്കുവാൻ പ്രൊലൈഫ് എക്സിക്യൂട്ടീവ് അംഗങ്ങൾ നവംബർ 12-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 മണി വരെ തലശ്ശേരി സന്ദേശഭവനിൽ ഒത്തു ചേർന്നു. ഓരോ അംഗങ്ങൾക്കും വ്യത്യസ്തങ്ങളായ

ചുമതലകൾ ഏല്പ്പിച്ചു നല്കി. നവംബർ 25ന് തളിപ്പറമ്പ് സെന്റ് മേരീസ് ഓാഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന ജീവോത്സവത്തിന്റെ വിജയത്തിനായി എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രാർത്ഥന, സ്പോൺസേഴ്സിനെ കണ്ടെത്തൽ എന്നിവ വഴി സഹകരിക്കാൻ തീരുമാനിച്ചു.

**പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site: www.prolifemarry.com

**VIII) യാത്രാമംഗളങ്ങൾ, സുസ്വാഗതം**

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുശേഷം അടുത്ത സേവനമേഖലയിലേക്ക് കടന്നുപോയ ബ്രദർ സോബിൻ കാവുകാട്ടിനു ഫാമിലി അപ്പൊസ്റ്റൊലോറ്റ് കുടുംബത്തിന്റെ ഹൃദ്യമായ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദറായി സേവനമനുഷ്ഠിക്കാനായി കടന്നു വന്നിരിക്കുന്ന ബ്രദർ ഡൊമിനിക് തുറയ്ക്കലിന് ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

**IX) ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ**

Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

പ്രിയ പ്രധാനാധ്യാപകരെ, അധ്യാപകരെ, അനധ്യാപകരെ,

സമാഗതമാകുന്ന ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ തീക്ഷണയോടെ പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ലോകം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്കൂളും പഠനസാഹചര്യങ്ങളും മാറ്റത്തിന് വിധേയമാകുന്നു ഒപ്പം മാതാപിതാക്കളുടെയും കുട്ടികളുടെയും സമൂഹത്തിന്റെയും മനോഭാവങ്ങളും. നമ്മുടെ പ്രവർത്തനശൈലിയിലും സമൂലമായ മാറ്റങ്ങൾ അനിവാര്യമാണ്. കുട്ടികളോടുള്ള ഇടപെടലുകളിൽ അധ്യാപകർ വളരെ ജാഗ്രതയും ശ്രദ്ധയും പുലർത്തേണ്ടതുണ്ട്. സമീപകാല അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നതും അതു തന്നെയാണ്. കുട്ടികളെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം ആവശ്യമായ തിരുത്തലുകളും യഥാസമയം നൽകണം. ഉത്തരവാദിത്വപൂർണ്ണമായ സ്വാതന്ത്ര്യം അതാണ് കുട്ടികളിൽ നിന്ന് അധികാരികൾ പ്രതീക്ഷിക്കുന്നത്. മാതാപിതാക്കളോടുള്ള ബന്ധവും ഊഷ്മളമായിരിക്കണം. കുട്ടികളിൽ കാണുന്ന പ്രകടമായ സ്വഭാവവ്യത്യാസങ്ങൾ അതതു സമയങ്ങളിൽ മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തണം. ഓരോ കുട്ടിയെയും സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കരുതലിന്റെ കാവലാളായി മാറിക്കൊണ്ട് ഓരോ അധ്യാപകനും തങ്ങളുടെ ജോലി ഭംഗിയായി നിർവ്വഹിക്കട്ടെ.

**I. സദ്ഗമയ പിടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. എല്ലാ വിദ്യാലയങ്ങളിൽ നിന്നും പങ്കാളിത്തം ഉണ്ടാകണം. എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സരം. ജനുവരി 2 ന് പ്രസംഗ മത്സരം നടത്തുന്നത്. വിശദ വിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്. ഹയർസെ

ക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. എൽ.പി., യു.പി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി എടൂർ ഹൈസ്കൂൾ, വായാട്ടുപറമ്പ് ഹൈസ്കൂൾ, തോമാപുരം ഹൈസ്കൂൾ എന്നീ സെന്ററുകളിലാണ് മത്സരം നടത്തുന്നത്. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

**II. സന്മാർഗ്ഗ - മതബോധന വാർഷിക പരീക്ഷ 2023 - 2024**

ഈ അധ്യയന വർഷത്തെ സന്മാർഗശാസ്ത്രത്തിന്റെയും മതബോധനത്തിന്റെയും വാർഷിക പരീക്ഷ **2024 ജനുവരി 04, 05** വ്യാഴം, വെള്ളി ദിവസങ്ങളിലായാണ് നടത്തുന്നത്.

വാർഷിക പരീക്ഷക്ക് 1 മുതൽ 12 വരെ ക്ലാസുകളിൽ പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

**പരീക്ഷയുടെ സമയം**

**വ്യാഴം :** 1 മുതൽ 12 വരെ ക്ലാസ്സുകൾ

ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.30 വരെ - സന്മാർഗ ശാസ്ത്രം

**വെള്ളി :** 1 മുതൽ 10 വരെ ക്ലാസ്സുകൾ

ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ - മതബോധനം

താഴെ പറയുന്ന സെന്ററുകളിൽ നിന്ന് 28-12-2023 മുതൽ ചോദ്യപേപ്പർ പേക്കറ്റുകൾ എടുക്കാവുന്നതാണ്.

പേരാവൂർ എച്ച്.എസ്, എടൂർ എച്ച്എസ്, കിളിയന്തറ എച്ച്.എസ്., വയത്തൂർ യു.പി., ചെമ്പേരി എച്ച്.എസ്., വായാട്ടുപറമ്പ എച്ച്.എസ്., ചെറുപുഴ എച്ച്.എസ്., വെള്ളരിക്കുണ്ട് എച്ച്.എസ്.

**III. സന്മാർഗപാഠ, മതബോധന, അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ സ്കോളർഷിപ്പ് പരീക്ഷ 2024 ഫെബ്രുവരി 10 ശനിയാഴ്ച വിവിധ സെന്ററുകളിൽ വെച്ച് നടത്തുന്നു**

**പരീക്ഷ സമയം**

**ക്ലാസ് 4, 7, 10, 12**

രാവിലെ 10 മുതൽ 12 വരെ സന്മാർഗ ശാസ്ത്രം **(സംസ്ഥാനതലം)**

**ക്ലാസ് 5, 6, 8, 9, 11**

രാവിലെ 10 മുതൽ 11.30 വരെ സന്മാർഗ ശാസ്ത്രം

**ക്ലാസ് 4, 5, 6, 7, 8, 9**

രാവിലെ 11.45 മുതൽ 1 മണി വരെ മതബോധനം

**ക്ലാസ് 1,2,3,4,5,6,8,9**

ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ അക്കാദമിക്

ഓരോ സ്കൂളിലെയും IV, VII, X, XII - ക്ലാസുകളിൽ വാർഷിക പരീക്ഷയിൽ 60% കൂടുതൽ മാർക്ക് നേടിയവരിൽ 1, 2, 3 സ്ഥാനങ്ങളിൽ എത്തിയവർക്കാണ് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുവാനുള്ള അർഹത. ഓരോ സ്കൂളും തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരും, വാർഷിക പരീക്ഷയിൽ കിട്ടിയ മാർക്കും, ഏത് സെന്ററിലാണോ പരീക്ഷ എഴുതുന്നതെന്നും രേഖപ്പെടുത്തി ഇവിടെ നിന്ന് അയക്കുന്ന ഫോറത്തിൽ ജനുവരി 15 നു മുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയിൽ I, II, III സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 3000/-, 2000/-, 1500/- രൂപ വീതവും X, XII ക്ലാസുകളിൽ ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങൾ കൂടാതെ 90% കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് 1000/- രൂപയും സർട്ടിഫിക്കറ്റും പ്രോത്സാഹന സമ്മാനമായി നൽകുന്നതാണ്.

- സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ മുൻവർഷത്തേതുപോലെ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും.
- IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും. 10 മാർക്കിന്റെ ചോദ്യങ്ങൾ പൊതുചോദ്യങ്ങളായിരിക്കും.
- കോർപ്പറേറ്റ് തല സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ മുൻവർഷങ്ങളുടേതുപോലെ തന്നെ ആയിരിക്കും പ്രധാനാധ്യാപകരുടെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്. പരീക്ഷയ്ക്ക് മുമ്പ് 9.30ന് സെന്ററുകളിൽ റിപ്പോർട്ട് ചെയ്യണം.
- പേരാവൂർ എച്ച്എസ്, എടൂർ എച്ച്എസ്, കിളിയന്തറ എച്ച്എസ്, വയത്തൂർ യുപി, ചെമ്പേരി എച്ച് എസ്, വായാട്ടുപറമ്പ എച്ച്.എസ്, ചെറുപുഴ എച്ച്.എസ്, തോമാപുരം എച്ച്എസ്, കരിവേടകം യുപി, എന്നീ സെന്റുകളിലാണ് മതബോധന, സന്മാർഗശാസ്ത്ര, അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്.
- കോർപ്പറേറ്റ്തല സ്കോളർഷിപ്പ് പരീക്ഷയ്ക്ക് (സന്മാർഗശാസ്ത്രം, മതബോധന, അക്കാദമിക്) പരീക്ഷയ്ക്ക് ഓരോ ക്ലാസിൽ നിന്ന് 2 കുട്ടികൾ വീതം പങ്കെടുക്കാവുന്നതാണ്
- സന്മാർഗശാസ്ത്ര മതബോധന സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന 4, 7, ക്ലാസുകളിലെ വിദ്യാർത്ഥികൾ അക്കാദമിക് പരീക്ഷ അവരവരുടെ സ്കൂളുകളിൽ പോയി എഴുതേണ്ടതാണ്.

## IV. അക്കാദമിക് പരീക്ഷ (10-02-2024 ശനിയാഴ്ച 2pm to 4 pm)

IV, VII ക്ലാസുകളിലെ അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ അതാതു സ്കൂളുകളിൽ വെച്ച് നടത്തുന്നു. IV, VII ക്ലാസുകളിലെ മുഴുവൻ കുട്ടികളും അക്കാദമിക് പരീക്ഷ എഴുതേണ്ടതാണ്. ഓരോ സ്കൂളുകളിലെയും പ്രധാനാധ്യാപകർക്കായിരിക്കും പരീക്ഷ കാര്യക്ഷമമായി നടത്താനുള്ള ചുമതല.

മറ്റ് സ്കൂളുകളിൽ നിന്ന് സൂപ്പർവൈസറായി അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

**പരീക്ഷ സമയം :** ക്ലാസ് IV, VII – ഉച്ചകഴിഞ്ഞ് 1.30 മണി മുതൽ 3.30 മണിവരെ.

**V. മാസ്റ്റർ മൈൻഡ് 2k23**

സ്കൂൾതല പരീക്ഷ ജനുവരി ആദ്യആഴ്ചയിൽ നടത്തുന്നു. അതിൽ 70% ത്തിന് മുകളിൽ മാർക്ക് ലഭിക്കുന്നവരെ കോർപ്പറേറ്റ്തല പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതാണ്. സ്കൂൾതല പരീക്ഷയുടെ ചോദ്യ മാതൃക ഒരു കോപ്പി സ്കൂളിൽ എത്തിക്കുന്നതായിരിക്കും. കോർപ്പറേറ്റ് തലത്തിലുള്ള പരീക്ഷ ജനുവരി അവസാനം നടത്തും.

**VI. കരോൾ ഗാനമത്സരം**

ക്രിസ്തുമസ് കരോൾ ഗാന മത്സരം ഡിസംബർ 16 ന് ചെമ്പേരിയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇരിട്ടി റീജിയൺ 4 ടീം, ചെമ്പേരി റീജിയൺ 3 ടീം, ചെറുപുഴ റീജിയൺ 3 ടീമുകൾക്ക് മത്സരിക്കാവുന്നതാണ്. രജിസ്ട്രേഷൻ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 30 ആണ്.

ഫോൺ നമ്പർ 1) ശ്രീ. അഗസ്റ്റിൻ കെ ജോസഫ് : 9446843322,
2) ശ്രീമതി ശോഭ ഷൈജു : 9562694583

**VII. സ്നേഹത്തണൽ**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗീൽഡിന്റെയും ആഭിമുഖ്യത്തിൽ പണിത് കൊടുക്കുന്ന സ്നേഹവീട് പദ്ധതിയിലെ നാലാമത്തെ വീടിന്റെ ആശീർവാദകർമ്മവും താക്കോൽകൈമാറ്റവും വെള്ളരിക്കുണ്ടിൽ നടന്നു. വെള്ളരിക്കുണ്ട് സ്കൂളിലെ വിദ്യാർത്ഥികളായ അനന്യ വിനീത്, അതുൽ വിനീത് എന്നിവർക്ക് വേണ്ടി പണിത വീടിന്റെ ആശീർവാദകർമ്മം മോൺ. മാത്യു ഇളംതുരുത്തിപടവിൽ നിർവ്വഹിച്ചു. റവ. ഡോ. ജോൺസൺ അന്ത്യാംകുളം താക്കോൽ കൈമാറി. കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ടീച്ചേഴ്സ് ഗിൽഡ് അതിരൂപത പ്രസിഡണ്ട് ശ്രീ ബെന്നി മാത്യു പുത്തൻനട, സെക്രട്ടറി അഗസ്റ്റിൻ കെ ജോസഫ്, ടീച്ചേഴ്സ് ഗീൽഡ് എക്സിക്യൂട്ടീവ് അംഗം ശ്രീമതി. റിൻസി എബ്രാഹം, വെള്ളരിക്കുണ്ട് നിർമ്മലഗിരി എൽ പി സ്കൂൾ ഹെഡ്മിസ്ട്രസ്സ് സി. ടെസ്സി പി.വി എഫ്.സി.സി എന്നിവർ നേതൃത്വം നൽകി. നിർമ്മാണ പ്രവർത്തികൾക്ക് നേതൃത്വം കൊടുത്ത വെള്ളരിക്കുണ്ട് നിർമ്മഗിരി ഹെഡ്മിസ്ട്രസ്സ് സി. ടെസ്സി പി.വി. എഫ്.സി.സി., ശ്രീമതി റിൻസ് അബ്രാഹം, പിറ്റിഎ, സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് നന്ദി അറിയിക്കുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

**ഗവേഷണപ്രബന്ധാവാതരണ മത്സരം സംഘടിപ്പിച്ചു**

**കുത്തുപറമ്പ് :** നിർമലഗിരി കോളേജ് ചരിത്ര വിഭാഗത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് കണ്ണൂർ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഗവേഷണപ്രബന്ധാവാതരണ മത്സരത്തിൽ നിർമലഗിരി കോളേജ് കെമിസ്ട്രി വിദ്യാർത്ഥി സുഹ അഷ്റഫ് ഒന്നാം സ്ഥാനം നേടി. ഗവൺമെന്റ് ബ്രണ്ണൻ കോളേജ് മൂന്നാം വർഷ ചരിത്ര വിദ്യാർത്ഥികളായ അഞ്ജന എം കെ, അനുശ്രീ കെ. വി എന്നിവർ യഥാക്രമം രണ്ടും മുന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. ഫാ. ജോബി ജേക്കബ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ചരിത്ര വകുപ്പ് അധ്യക്ഷ ഡോ. സി. മഞ്ജു ഒ.എസ്സ്., നിർമലഗിരി ആർട്സ് & സയൻസ് അക്കാദമി അധ്യാപിക ഡോ. ടെസ്സി ജോർജ് എന്നിവർ സമ്മാനദാനം നിർവഹിച്ചു. രേഷ്മ ടോം, ദീപക് ജോസഫ് എന്നിവർ സംസാരിച്ചു.

**ചരിത്രം വസ്തുനിഷ്ഠമായി രേഖപ്പെടുത്തപ്പെടണം: മാർ ജോസഫ് പാംബ്ലാനി**

**കുത്തുപറമ്പ് :** നിർമ്മലഗിരി കോളേജ് ചരിത്രവിഭാഗം ഡിഗ്രി കോഴ്സ് ആരംഭിച്ചതിന്റെ 25-ാം വാർഷികാഘോഷത്തോടനുബന്ധിച്ചു നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കവേ ചരിത്ര രചയിതാക്കളുടെയും പഠിതാക്കളുടെയും ഉത്തരവാദിത്വത്തെക്കുറിച്ച് കോളേജ് രക്ഷധികാരി മാർ ജോസഫ് പാംപ്ലാനി ഓർമ്മിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ 1998 മുതൽ ചരിത്രവിഭാഗത്തിൽ നിന്നും പഠിച്ചിറങ്ങിയവരും പൂർവ്വവിദ്യർത്ഥി സംഘടന പ്രതിനിധികളും പങ്കെടുത്തു. വകുപ്പ് അധ്യക്ഷ ഡോ. സി. ഒ. എസ്സ് മഞ്ജു,

പ്രൊ. ജോൺ ജോസഫ്, ഡോ. ഷാജിമോൻ ടി. ജെ., കോളേജ് യൂണിയൻ ചെയർ പേഴ്സൺ അഖില ഫാത്തിമ, പൂർവ്വവിദ്യാർത്ഥി സംഘടന സെക്രട്ടറി സുകേഷ് കെ. സി. എന്നിവർ സംസാരിച്ചു. പൂർവ്വവിദ്യാർത്ഥികളുടെ സഹായത്തോടെ കോളജിൽ ഒരുക്കിയ ചരിത്ര മ്യൂസിയം പൂർവ്വ വിദ്യാർത്ഥി സംഘടന പ്രസിഡന്റ് അഡ്വ. പ്രദീപൻ വട്ടിപ്രം കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറിക്ക് കൈമാറി. ഡിപ്പാർട്ട്മെന്റിന്റെ ഓർമ്മകൾ ചിത്രികരിക്കുന്ന വീഡിയോ പ്രദർശനവും കുട്ടികളുടെ കലാപരിപാടികളും ചടങ്ങിന് മാറ്റ് കൂട്ടി. ചരിത്രവിഭാഗത്തിന്റെ ജൂബിലി ആഘോഷത്തിന്റെ ഓർമ്മക്കായി അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് കോളേജ് പരിസരത്തു വൃക്ഷത്തൈ നട്ടു.

ഗോവയിൽ വച്ചു നടന്ന 37-ാമത് നാഷണൽ ഗെയിംസിൽ വാൾപയറ്റിലും, മെയ് പയറ്റിലും സ്വർണ്ണം നേടിയ എൻ.സി.സി. കേഡെറ്റ് അനശ്വര മുരളീധരൻ. വാൾപയറ്റിൽ സ്വർണ്ണം കരസ്ഥമാക്കിയ കോർപ്പറൽ കീർത്തന കൃഷ്ണ. 2023 സെപ്റ്റംബർ മാസം ഡൽഹിയിൽ വച്ചു നടന്ന എ.സി.സി. ഓൾ ഇന്ത്യ തൽസൈനിക് ക്യാമ്പിൽ 9 കേരള ബറ്റാലിയനെ പ്രതിനിധികരിച്ച് ഒബ്സ്ടക്കിൾ ട്രെയിനിംഗിൽ വെള്ളിയും കീർത്തന കരസ്ഥമാക്കിയിട്ടുണ്ട്. ഭാവിയുടെ സുവർണ്ണ പ്രതീക്ഷകളായ ഈ മിന്നും താരങ്ങൾ കൂത്തുപറമ്പ് നിർമലഗിരി കോളേജ് രണ്ടാം വർഷ സുവോളജി, ഒന്നാം വർഷ ബോട്ടണി ഡിഗ്രി വിദ്യാർത്ഥിനികളാണ്.

### കേരളപ്പിറവി ദിനാഘോഷം

**കൂത്തുപറമ്പ്:** നിർമലഗിരി കോളേജ് മലയാള വിഭാഗത്തിന്റെയും ഐക്യു എസിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളപിറവിദിനാഘോഷവും കൈയ്യെഴുത്ത് മാഗസിൻ പ്രകാശനവും നടന്നു. പ്രമുഖ എഴുത്തുകാരനും നിർമലഗിരി കോളേജ് പൂർവ്വവിദ്യാർഥിയുമായ ശ്രീ. ആൽവിൻ ജോർജ് മലയാളത്തെക്കുറിച്ചും സൈബർ കാലത്തെ മലയാള ഭാഷാവിഷ്ക്കാരങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും സംസാരിച്ചു. കേളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ്, ഐ.ക്യു. എ.സി. കോഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ്, അസോസിയേഷൻ സെക്രട്ടറി മാളവിക വിനോദ് എന്നിവർ സംസാരിച്ചു. വയലാർ കവിതാലാപനത്തിൽ സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി.

ലഹരി വിരുദ്ധ നേതൃത്വ പരിശീലന ക്യാമ്പിന് നിർമലഗിരിയിൽ തുടക്കമായി. നിർമലഗിരി കോളേജ് എൻ.എസ്.എസ്. യൂണിറ്റുകളുടെയും വിമുക്തി മിഷൻ, ഡി.എൽ.എസ്.എ., ഡ്രീംസ് കണ്ണൂർ, ശ്രദ്ധ, നേർക്കൂട്ടം

എന്നിവയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ക്യാമ്പിൽ തെരഞ്ഞെടുക്കപ്പെട്ട മുപ്പത് വിദ്യാർഥികൾക്ക് പരിശീലനം നലകി. കോളേജ് ബർസർ ഫാ. ഷാജി തെക്കേമുറിയിൽ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീ. സുഖേഷ് വണ്ടിച്ചാലിൽ, ശ്രീ. സുജിത്ത് തില്ലങ്കേരി എന്നിവർ ക്ലാസുകൾ നയിച്ചു. ശ്രീമതി ജൂഡിത്ത് (DLSA coordinator), ഡോ. ജയ്സൺ ജോസഫ് (പ്രോഗ്രാം ഓഫീസർ), ശ്രീ. ഷിജോ (ഡ്രീംസ് കണ്ണൂർ) എന്നിവർ വേണ്ട സഹായങ്ങൾ നല്കി.

**വീൽചെയർ നല്കി**

നിർമലഗിരി കോളേജ് എൻ.എസ്.എസ്. വോളണ്ടിയർമാരുടെയും ദേശീയ നീതിവേദി ചാരിറ്റബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ നടക്കാനാവാത്ത ഒരു കുട്ടിക്ക് വീൽ ചെയർ നല്കി. കോളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ വീൽ ചെയർ കൈമാറിയ ചടങ്ങിൽ ദേശീയ നീതിവേദി ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് ശ്രീ. പുതിയാണ്ടി വിജയൻ, മെമ്പേഴ്സ് ശ്രീ.വി.എം. മന്മഥൻ, ശ്രീ. രമേശൻ, പ്രോഗ്രാം ഓഫീസർമാർ ഡോ. ജയ്സൻ ജോസഫ്, ശ്രീമതി. ദീപതിലിസ്ബത്ത് എൻ.എസ്.എസ്. വോളണ്ടിയർമാർ എന്നിവർ പങ്കെടുത്തു. തത്സമയം ചാരിറ്റി സൊസൈറ്റിക്കാർ കൊണ്ടുവന്ന ഇക്കോ ഫ്രണ്ട്ലി ക്യാരി ബാഗുകളും വിതരണം ചെയ്തു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**പ്ലേസ്മെന്റ് വാർത്തകൾ November 2023**

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന **QSPIDERS** നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ വിമൽജ്യോതിയിലെ 28 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. വിദ്യാർത്ഥികളെ സൗജന്യമായി മൂന്നുമാസം ട്രെയിനിംഗ് ചെയ്തശേഷം ഏറ്റവും കുറഞ്ഞത് 3 ലക്ഷം രൂപ വാർഷിക ശമ്പളത്തിൽ അവരുടെ client കമ്പനികളിൽ പ്ലേസ്മെന്റ് നടത്തുന്ന പ്രോഗ്രാമാണിത്.

- പ്രശസ്ത കമ്പനിയായ Poornam Infovision അവസാനവർഷ വിദ്യാർഥികൾക്കായി നവംബർ 1, 3 തീയതികളിലായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 15 വിദ്യാർത്ഥികൾക്ക് ജോബ് ഓഫർ ലഭിച്ചു. പ്രതിവർഷം 4 ലക്ഷത്തോളം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

- ബാങ്ക് കോച്ചിംഗ് റിക്രൂട്ട്മെന്റ് മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖ ട്രെയിനിംഗ് കമ്പനിയായ Transfotalent മായി സഹകരിച്ച് അവസാന വർഷ വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ് Seminar നവംബർ 17 ന് സംഘടിപ്പിച്ചു. ഏകദേശം നൂറ് കുട്ടികൾ പങ്കെടുക്കുകയുണ്ടായി.

- വിദേശ വിദ്യാഭ്യാസം, IELTS എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന EDROOTS INTERNATIONAL ആയി സഹകരിച്ച് അവസാന വർഷ വിദ്യാർഥികൾക്കായി ഒരു ചെറിയ ഗൈഡൻസ് Seminar സംഘടിപ്പിച്ചു. 150 ഓളം കുട്ടികൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.

- നവംബർ ഡിസംബർ മാസങ്ങളിൽ ആയി ESAF Small Finance ബാങ്ക്, 6D- Technologies എന്നീ പ്രമുഖ കമ്പനികൾ അവസാന

വർഷ വിദ്യാർഥികൾക്കായി ക്യാമ്പസിൽ റിക്രൂട്ട്മെന്റ് നടത്തുന്നു. 25 ഓളം കുട്ടികൾക്ക് ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു

- വിദേശ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ ഏജൻസിയായ സാന്റാമോണിക്ക ഡിസംബർ മാസം മൂന്നാം വർഷ, നാലാം വർഷ വിദ്യാർഥികൾക്കായി സെമിനാറും കൗൺസിലിംഗും സംഘടിപ്പിക്കുന്നു.
- **ഇന്റർ കോളേജ് ഷട്ടിൽ ടൂർണ്ണമെന്റിലും, ബാസ്കറ്റ് ബോൾ ടൂർണ്ണമെന്റിലും വിമൽജ്യോതി കോളേജ് ജേതാക്കളായി.**

## എം .ബി. എ വാർത്തകൾ

### വിമൽജ്യോതിയിൽ നാഷണൽ ലെവൽ മാനേജ്മെന്റ് ഫെസ്റ്റ്

വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് ആഭിമുഖ്യത്തിൽ 2023 ഡിസംബർ 7 ന് ദേശീയതല മാനേജ്മെന്റ് ഫെസ്റ്റ് നടക്കുന്നു. 'കർമ്മന്ത 2023' എന്ന പേര് നൽകിയ ഫെസ്റ്റിന്റെ ബ്രോഷർ പ്രകാശനം വിമൽജ്യോതി എംബിഎ കോളേജിന്റെ പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ കോളേജ് ബർസാർ ഫാ. ലാസർ വരമ്പകത്തിന് നൽകി നിർവഹിച്ചു. വിവിധ ഭാഗങ്ങളിൽ നിന്നായി 800 ഓളം വിദ്യാർത്ഥികൾ അവരുടെ മാനേജ്മെന്റ് കഴിവുകൾ മാറ്റുരയ്ക്കാനായി വിവിധ ഇവന്റുകളിൽ പങ്കെടുക്കുന്നു. Best manager, Best Management team, HR event, Finance event, Marketing event, Treasure hunt, Dance competetion, Corporate fashion show തുടങ്ങിയ മത്സരങ്ങളാണ് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

**IELTS, OET, UKVI, PTE**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Ph: 8281750777, 8281730777**. ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക : www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ജർമൻ - ഡിസംബർ ബാച്ച് ആരംഭിക്കുന്നു**

ജർമൻഭാഷയുടെ പുതിയ ബാച്ച് ഡിസംബർ 1 ന് വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ പ്രോഗ്രാമുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സോണി വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**1. കർഷക അതിജീവന യാത്ര**

ഞാൻ തോറ്റുപോയി സഹോദരാ... ഞാൻ ഒരു പരാജയപ്പെട്ട കർഷകനാണ് എന്ന് വിലപിച്ചുകൊണ്ട് ആത്മഹത്യ ചെയ്യേണ്ടിവന്ന സാധാരണക്കാരനായ ഒരു കർഷകന്റെ നിലവിളി സമകാലീന കേരളത്തിന്റെ സാമ്പത്തിക തകർച്ചയെയും സാമൂഹിക ദുഃസ്ഥിതിയേയും തുറന്നു കാണിക്കുന്നതാണ്. കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന തരത്തിൽ അവഗണനാപരമായ സമീപനമാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നതിന് തുടർക്കഥകൾപോലെ നമുക്കിടയിൽ സംഭവിക്കുന്ന കർഷക ആത്മഹത്യകളേക്കാൾ കൂടുതൽ തെളിവുകൾ തേടേണ്ടതില്ല. തകർന്നടിഞ്ഞ സാമ്പത്തിക സ്ഥിതിക്ക് ആക്കം കൂട്ടുന്ന വിധത്തിൽ ധൂർത്തും കെടുകാര്യസ്ഥതയും സർക്കാർ സംവിധാനങ്ങളിൽ കൂടി വരികയാണ്. നാണ്യവിളകൾക്ക് വില തരാത്തതും വന്യജീവി ആക്രമണങ്ങൾ മൂലം മനുഷ്യജീവിതങ്ങൾ പൊലിയുന്നതും ധാർഷ്ഠ്യഭാവമുള്ള അധികാരികൾ നിസ്സാരവൽക്കരിച്ച് അവഗണിക്കുന്നത് ഇനിയും കണ്ടുനിൽക്കാൻ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തിനും സാധിക്കുകയില്ല.

നിരുത്തരവാദിത്തപരമായ നിസംഗതയും നിരാശാജനകമായ നിശബ്ദതയും സാധാരണക്കാരായ കർഷക ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരമല്ല എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. സമൂഹ മനഃസ്സാക്ഷിയെ ഉണർത്തുന്ന ശക്തമായ പ്രതിഷേധങ്ങളും കൂട്ടായ ബോധവത്ക്കരണ പ്രക്രിയകളും അനിവാര്യമാണ്. അതുകൊണ്ട് മേൽപ്പറഞ്ഞ വിഷയങ്ങളിൽ സമുദായിക സംഘടനയായ കത്തോലിക്കാ കോൺഗ്രസ് സമയോചിതമായി ഇടപെടുന്നത് അനിവാര്യമാണ്.

ഈ വരുന്ന ഡിസംബർ 11 മുതൽ 22 വരെ കാസർഗോഡ് ജില്ലയിൽ നിന്നും തിരുവനന്തപുരം സെക്രട്ടറിയേറ്റ് വരെ കാർഷിക രംഗത്തെ തകർച്ചയെക്കുറിച്ചും ക്രൈസ്തവരുടെ ഉന്നമനത്തിനുള്ള

കോശി കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും പൊതുസമൂഹത്തിന് മുമ്പാകെ അവതരിപ്പിക്കുവാനും കർഷകർക്കനുകൂലമായ സത്വരനടപടികൾക്കായി സർക്കാരിനെ പ്രേരിപ്പിക്കുവാനുമായി കത്തോലിക്കാ കോൺഗ്രസ് കർഷക അതിജീവനയാത്ര നടത്തുകയാണ്.

ഡിസംബർ 11ന് ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് ഇരിട്ടിയിൽ വെച്ച് അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഈ യാത്ര ഉദ്ഘാടനം ചെയ്യുന്നതാണ്. കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് അഭിവന്ദ്യ മാർ റെമീജിയൂസ് പിതാവ് ഫ്ളാഗ് ഓഫ് കർമ്മം നിർവഹിക്കുന്നു. ഡിസംബർ 12 ന് രാവിലെ 10 മണിക്ക് വെള്ളരിക്കുണ്ടിലും 11.30 ന് ചെറുപുഴയിലും ഉച്ചകഴിഞ്ഞ് 2.00 ന് കരുവഞ്ചാലിലും 4.00 ന് പയ്യാവൂരിലും സ്വീകരണ യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഈ യാത്രയുടെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം വിനീതമായി അപേക്ഷിക്കുന്നു.

### 2. കർഷക അതിജീവനയാത്ര സ്വീകരണ കമ്മിറ്റികൾ

- വിള നാശത്തിലൂടെയും നാണ്യവിളകളുടെ വില ഇടിവിലൂടെയും കേരളത്തിലെ കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരം ഉണ്ടാക്കുക.
- വന്യജീവികളുടെ ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുക.
- കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടൻ നടപ്പിലാക്കുക.

എന്നീ ആവശ്യങ്ങൾക്കായി കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റു വരെ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡണ്ട് അഡ്വ. ബിജു പറയന്നിലം നയിക്കുന്ന കർഷക അതിജീവന യാത്രയ്ക്ക് സ്വീകരണം നൽകുന്നതിന് വേണ്ടി സംഘാടക സമിതികൾ രൂപീകരിച്ചു.

16-11-2023 ന് നാലു മണിക്ക് ഇരിട്ടി പാരിഷ് ഹാളിൽ ചേർന്ന യോഗത്തിൽ നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ബഹു. ഫാ. ജോസഫ് കാവനാടി അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ലെയിറ്റി അപ്പൊസ്റ്റൊലേറ്റിന്റെ എടൂർ ഫൊറോന ഡയറക്ടർ ബഹു. ഫാ. വിന്റോ ചാക്യാരത്ത്, ബേബി നെട്ടനാനി, ബെന്നി പുതിയാമ്പുറം, ചാക്കോച്ചൻ കാരാമയിൽ, അഡ്വ. ഷീജ സെബാസ്റ്റ്യൻ, അൽഫോൺസ് കളപ്പുര, ബെന്നിച്ചൻ മഠത്തിനാൽ, മാത്യു വള്ളാംകോട്, ടോമി വെട്ടിക്കാട്ട് എന്നിവർ പ്രസംഗിച്ചു.

പയ്യാവൂരിൽ നടക്കുന്ന സ്വീകരണ യോഗത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗം 17-11-2023 ന് വെള്ളിയാഴ്ച നാലു മണിക്ക് പൈസക്കരി പള്ളി പാരിഷ്ഹാളിൽ അതിരൂപത ഡയറക്ടർ ഉദ്ഘാടനം ചെയ്തു.

പൈസക്കരി ഫൊറോന വികാരി ബഹു. ഫാ. നോബിൾ ഓണം കുളം അധ്യക്ഷത വഹിച്ചു. ഫൊറോനാ ഡയറക്ടർ ബഹു. ഫാ. ജയ്സൺ വാഴക്കാട്ട്, ബേബി നെട്ടനാനി, വർഗീസ് പള്ളിച്ചിറ, ഡേവിസ് ആലങ്ങാടൻ, സുരേഷ് ജോർജ് എന്നിവർ പ്രസംഗിച്ചു.

കരുവഞ്ചാലിൽ നടക്കുന്ന സ്വീകരണത്തിനായി സംഘാടക സമിതി രൂപീകരണം 19-11-2023 ന് രണ്ടുമണിക്ക് കരുവഞ്ചാൽ പാരിഷ്ഹാളിൽ ചേർന്നു. വായാട്ടുപറമ്പ് ഫൊറോന വികാരി ബഹു. ഫാ. തോമസ് തെങ്ങുംപള്ളിൽ അധ്യക്ഷത വഹിച്ചു. ഫാ. ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. ലെയിറ്റി അപ്പൊസ്റ്റോലേറ്റിന്റെ വായാട്ടുപറമ്പ് ഫൊറോന ഡയറക്ടർ ബഹു. കുന്നേൽ മത്തായി അച്ചൻ, കരുവഞ്ചാൽ ഇടവക വികാരി ബഹു. ഫാ. ജോസഫ് ഈനാച്ചേരിൽ, അതിരൂപത ട്രഷറർ ഫിലിപ്പ് വെളിയത്ത്, ഫൊറോന പ്രസിഡന്റുമാരായ അഡ്വ. ബിനോയ് തോമസ്, അഡ്വ. കെ.ഡി മാർട്ടിൻ, ജോസ് ഏത്തക്കാട്ട്, ടോമി കണയങ്കൽ, തോമസ് ഒഴുകയിൽ എന്നിവർ പ്രസംഗിച്ചു. വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

19-11-2023 വൈകുന്നേരം അഞ്ചുമണിക്ക് ചെറുപുഴ കാക്കയംചാൽ പാരിഷ് ഹാളിൽ നടന്ന യോഗം ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ചെറുപുഴ ഫൊറോന വികാരി ബഹു. ഫാ. ജോസ് വെട്ടിക്കൽ, ലെയിറ്റി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ ബഹു. ഫാ. തോമസ് പൂവംപുഴ, ഫിലിപ്പ് വെളിയത്ത്, സിബി ജാതികുളം, സാജു പടിഞ്ഞാറയിൽ എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് പൂവംപുഴ, ഫാ. ജോമി തൊട്ടിയിൽ എന്നിവർ ചെയർമാൻമാരായും ഫിലിപ്പ് വെളിയത്ത് ജനറൽ കൺവീനറായും ഉള്ള 51 അംഗ സംഘാടക സമിതി രൂപീകരിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

### 1. സന്തോഷവാർത്ത

കുടുംബ കൂട്ടായ്മകളുടെ റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവും തയ്യാറായിട്ടുണ്ട്. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ കാലാവധിയായ മൂന്ന് വർഷവും പ്രയോജനപ്പെടത്തക്കവിധമാണ് പുതിയ റിപ്പോർട്ട് ബുക്ക് ക്രമീകരിച്ചിരിക്കുന്നത്. 2024 ജനുവരി മാസം മുതൽ പുതിയ റിപ്പോർട്ട് ബുക്കാണ് ഉപയോഗിക്കേണ്ടത്.

കുടുംബ കൂട്ടായ്മയ്ക്കുള്ള പ്രാർത്ഥനാപുസ്തകവും നിർദ്ദേശ പ്രകാരം നവീകരിച്ചിട്ടുണ്ട്. നമ്മുടെ ആരാധന ക്രമവത്സരത്തിന്റെ വെളിച്ചത്തിലും ചൈതന്യത്തിലും ഓരോ മാസവും ഉപകാരപ്പെടത്തക്ക വിധം വ്യത്യസ്ത പ്രാർത്ഥനകളായാണ് പുസ്തകം പുനഃക്രമീകരിച്ചിരിക്കുന്നത്. ബഹു. വികാരിയച്ചനോ സിസ്റ്റേഴ്സിനോ കുടുംബ കൂട്ടായ്മകൾക്ക് തക്കകാരണത്താൽ എത്തിച്ചേരാൻ സാധിക്കാതെ വന്നാൽ പോലും ഭാരവാഹികൾക്ക് പ്രസ്തുത കൂട്ടായ്മകൾ വളരെ നന്നായി നടത്താൻ കഴിയും എന്നത് പുതിയ പുസ്തകത്തിന്റെ സവിശേഷതയാണ്. ഈ പ്രാർത്ഥനാ പുസ്തകമാണ് ജനുവരി മാസം മുതൽ കൂട്ടായ്മകളിൽ ഉപയോഗിക്കേണ്ടത്.

### 2. പ്രത്യേകം ശ്രദ്ധിക്കാൻ

a കുടുംബക്കൂട്ടായ്മകളുടെ റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവും ഇതിനോടകം ഓർഡർ ചെയ്തവർക്ക് താഴെപ്പറയുന്ന തീയതികളിൽ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചു തരുന്നതാണ്. നിർദ്ദിഷ്ട സമയത്ത് ഫൊറോനാ കേന്ദ്രങ്ങളിൽ നിങ്ങൾ നേരിട്ടോ ഭാരവാഹികൾ മുഖേനയോ പ്രസ്തുത ബുക്കുകൾ കൈപ്പറ്റാൻ ശ്രദ്ധിക്കുമല്ലോ. ഇതിനോടകം ഓർഡർ നൽകാത്തവർക്കും പ്രസ്തുത സമയത്ത് ബുക്ക് വാങ്ങാവുന്നതാണ്.

b **സമയക്രമം**

| തീയതി | ദിവസം | സമയം | ഫൊറോന |
|---|---|---|---|
| 12-12-2023 | ചൊവ്വ | 09 am - 11 am | പേരാവൂർ |
| 12-12-2023 | ചൊവ്വ | 11.30 am - 01 pm | എടൂർ |
| 12-12-2023 | ചൊവ്വ | 02 pm - 04 pm | കുന്നോത്ത് |
| 12-12-2023 | ചൊവ്വ | 4.30 pm - 06 pm | നെല്ലിക്കാംപൊയിൽ |
| 12-12-2023 | ചൊവ്വ | 07 pm - 08 pm | മണിക്കടവ് |
| 13-12-2023 | ബുധൻ | 09 am - 11 am | പൈസക്കരി |
| 13-12-2023 | ബുധൻ | 11.30 am - 01 pm | ചെമ്പേരി |
| 13-12-2023 | ബുധൻ | 02 pm - 04 pm | ചെമ്പന്തൊട്ടി |
| 13-12-2023 | ബുധൻ | 06 pm - 08 pm | തളിപ്പറമ്പ |
| 14-12-2023 | വ്യാഴം | 09 am - 11 am | മേരിഗിരി |
| 14-12-2023 | വ്യാഴം | 11.30 am - 01 pm | വായാട്ടുപറമ്പ |
| 14-12-2023 | വ്യാഴം | 02 pm - 04 pm | ആലക്കോട് |
| 14-12-2023 | വ്യാഴം | 05 pm - 6.30 pm | ചെറുപുഴ |
| 14-12-2023 | വ്യാഴം | 07 pm - 8.30 pm | തോമാപുരം |
| 19-12-2023 | ചൊവ്വ | 09 am - 11 am | പനത്തടി |
| 19-12-2023 | ചൊവ്വ | 12 am - 02 pm | മാലോം |
| 19-12-2023 | ചൊവ്വ | 03 pm - 05 pm | വെള്ളരിക്കുണ്ട് |
| 20-12-2023 | ബുധൻ | 09 am - 11 am | കാഞ്ഞങ്ങാട് |
| 20-12-2023 | ബുധൻ | 02 pm - 04 pm | കാസർഗോഡ് |

c റിപ്പോർട്ട് ബുക്കും പ്രാർത്ഥനാപുസ്തകവും എല്ലാ യൂണിറ്റുകൾക്കും നിർബന്ധമായും ഉണ്ടായിരിക്കണം.

d ഇടവകയെ കൂടുതൽ ക്രിയാത്മകവും ദൈവികവുമാക്കാൻ കുടുംബക്കൂട്ടായ്മകൾ ശക്തിപ്പെടുത്തുകയും എല്ലാ യൂണിറ്റുകളിലും റിപ്പോർട്ടു ബുക്കും പ്രാർത്ഥനാ പുസ്തകവും ലഭ്യമാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

e മൂന്ന് വർഷം ഉപയോഗിക്കാവുന്ന റിപ്പോർട്ട്, ഹാജർ ബുക്കിന്റെ വില നൂറ് രൂപയും ഓരോ മാസവും വ്യത്യസ്ത രീതിയിൽ 12 മാസവും പ്രയോജനകരമായ പ്രാർത്ഥനാ പുസ്തകത്തിന് അമ്പതുരൂപയും മാത്രമാണുള്ളത്.

f ഇടവകാ കോഡിനേറ്റർമാരുടെ യോഗം ഡിസംബർ 26 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് ചേരുന്നതാണ്. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം വിളിച്ചു ചേർക്കുന്ന പ്രസ്തുത സമ്മേള നത്തിൽ ഇടവക കോഡിനേറ്റർമാരെ നിർബന്ധമായും ബഹു. വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### മിഷ്പക്ഷ 2023 തൃശ്ശൂർ

### തൃശ്ശൂർ അതിരൂപത ബധിര കുടുംബ സംഗമം

തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ബധിര സമൂഹത്തിലെ മാതാപിതാക്കൾക്കും കുട്ടികൾക്കും ഉള്ള വാർഷിക സമ്മേളനം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ സമൂഹത്തിന് ഭിന്നശേഷിക്കാരോടുള്ള ഐക്യദാർഢ്യവും, അവരുടെ ആത്മീയവും ഭൗതികമായ വളർച്ചയ്ക്കായി അതിരൂപത ഒരുക്കുന്ന സഹായ പ്രവർത്തികളെകുറിച്ചും അദ്ദേഹം വിശദീകരിച്ചു. ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ആംഗ്യ ഭാഷയിൽ ബലി അർപ്പിച്ചു. തുടർന്ന് ഉത്തമമായ കുടുംബ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ക്ലാസുകൾ നൽകി. ഒരു പുതിയ കൃപ നിറഞ്ഞ കുടുംബ ജീവിതത്തിനായി തങ്ങളെതന്നെ സമർപ്പിച്ചുകൊണ്ട് നൂറോളം മാതാപിതാക്കളും, യുവജനങ്ങളും ഇതിൽ പങ്കുചേർന്നു.

### ബാംഗ്ലൂർ മിഷൻ

അഞ്ചാം വാർഷിക ആഘോഷങ്ങൾക്ക് നേതൃത്വം കൊടുത്ത ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ട് പരിശുദ്ധ കുർബാന അർപ്പിച്ചു. ക്രിസ്തുമസ് കാലത്തേക്ക് വേണ്ട ഒരുക്കങ്ങളെ കുറിച്ച് ചർച്ച ചെയ്തു. ക്രിസ്തുമസ് ദിനത്തോട് അനുബന്ധിച്ച് ഏകദിന ധ്യാനവും, കുമ്പസാരവും ഒരുക്കുവാൻ തീരുമാനിച്ചു.

### നിമ്മി ഏലിയാസ് 2023 സ്പെഷ്യൽ ലോഗോസ് ചാമ്പ്യൻ

കെ സി ബി സി ബൈബിൾ കമ്മീഷൻ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സ്പെഷ്യൽ ലോഗോസ് ക്വസ്സിൽ മൂന്നാം വട്ടവും ആദം മിനിസ്ട്രി അംഗമായ നിമ്മി ഏലിയാസ് ചാമ്പ്യൻ പട്ടം കരസ്ഥമാക്കി. അതിരൂപതാ തലത്തിൽ 99 ശതമാനം മാർക്കോടെ വിജയം വരിച്ച്

നിമ്മി കെസിബിസി സ്പെഷ്യൽ ലോഗോസ് മെഗാ ഫൈനലിൽ എല്ലാ ചോദ്യങ്ങൾക്കും കൃത്യമായി ഉത്തരം നൽകിക്കൊണ്ട് കാഴ്ച, കേൾവി എന്നീ തലങ്ങളുള്ള തന്റെ പരിമിതികളെ അതിജീവിച്ചുകൊണ്ട് വചന ത്തോടുള്ള സ്നേഹത്തിന് സാക്ഷ്യം നൽകി. നിമ്മി ഏലിയാസിന് തലശ്ശേരി അതിരൂപതയുടെയും ആദം മിനിസ്ട്രിയുടെയും അഭിനന്ദനങ്ങൾ. സ്പെഷ്യൽ ലോഗോസ് ക്വിസ്സിൽ കേരളത്തിലെ വിവിധ രൂപതകളിൽ നിന്ന് ആളുകൾ പങ്കു ചേർന്നു. ഫാ. ജോർജ് കളരിമുറിയിൽ, ഫാ. ബിജു മൂലക്കര, സി. അഭയ, ഡീക്കൻ ജോസഫ് തേർമഠം എന്നിവർ സ്പെഷ്യൽ ലോഗോസ് മത്സരത്തിന് നേതൃത്വം നൽകി.

## നവജീവന സ്പെഷ്യൽ സ്കൂൾ പെർള

ഭിന്നശേഷിക്കാർക്കായി സ്ഥാപിതമായിരിക്കുന്ന നവജീവന സ്പെഷ്യൽ സ്കൂൾ സന്ദർശിക്കുകയും കുട്ടികളോടും അധ്യാപകരോടും ബഹു. ജോസ് അച്ചനോടും സിസ്റ്റേഴ്സിനേടും ഒപ്പം സ്കൂളിന്റെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുകയും, കുട്ടികളെ ഒരുമിച്ചുകൂടി അവരോട് സംസാരിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. തലശ്ശേരി അതിരൂപത ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ ബഹു. ജോസ് അച്ചനെയും സഹപ്രവർത്തകരെയും സ്വാഗതം ചെയ്തു. അവരുടെ കാരുണ്യപ്രവർത്തികൾക്ക് ആദം മിനിസ്ട്രിയുടെ സഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു.

## വിവാഹ ആശീർവാദം

ആദം മിനിസ്ട്രി അംഗങ്ങളായ ചെമ്പേരി ഇടവകാഗം ഉഷസിന്റെയും ഇരിട്ടി ഇടവകാഗം മെൽബിന്റെയും വിവാഹം ഇരുപത്തിരണ്ടാം തീയതി ബുധനാഴ്ച ഇരിട്ടി ദൈവാലയത്തിൽ വച്ച് ആശീർവദിക്കപ്പെട്ടു. ഇരുവരും താങ്കളുടെ മാതൃഭാഷയായ ആംഗ്യഭാഷയിൽ പരിശുദ്ധ ബലിയിലും വിവാഹ തിരുകർമ്മങ്ങളിലും ആദ്യന്തം ആംഗ്യഭാഷയിൽ പങ്കുചേർന്നു.

### ഡിസംബർ മാസം പോഗ്രാം

3 – ലോകഭിന്നശേഷി ദിന ആഘോഷം കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ

9 – വിശുദ്ധ ദേവസഹായം പിള്ള തീർഥാടനം

10 – ബാംഗ്ലൂർ

27-30 – ധ്യാനം, മദർഹോം, ബധിര കുട്ടികൾക്കുള്ള വിശ്വാസ പരിശീലനം

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

### അഭിനന്ദനങ്ങൾ

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ കത്തോലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI)യുടെ Mary Glowry and Liliane Brekelman's ന്റെ ബെസ്റ്റ് എൻ.ജി.ഒ. ഡയറക്ടർ അവാർഡിന് അർഹനായി. 50,000 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് ഈ അവാർഡ്. ഡിസംബർ 6-ാം തീയതി ഹൈദരാബാദിൽ വച്ച് നടക്കുന്ന മീറ്റിംഗിൽ ബെന്നിയച്ചൻ അവാർഡ് സ്വീകരിക്കും. സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ ദിശാബോധം നൽകി നയിക്കുന്ന ബഹു. ബെന്നി അച്ചന് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

തലശ്ശേരി ഇന്ദിരാജി ലേബർ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്ടർ ബോർഡ് മെമ്പറായി TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ തിരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ ഒന്ന് മുതൽ ബാങ്കിന്റെ ഡയറക്ടറായി പ്രവർത്തിക്കുന്ന ബെന്നിയച്ചന് TSSS കുടുംബത്തിന്റെ പേരിലുള്ള അഭിനന്ദനങ്ങളും ഭാവുകങ്ങളും നേരുന്നു.

### മേഖല സന്ദർശനങ്ങൾ

TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേലും അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്തും പൈസക്കരി, ആലക്കോട്, മേരിഗിരി, രയറോം, എന്നീ റീജിയണുകളും കരുണാപുരം, ബെഡൂർ എന്നീ യൂണിറ്റുകളും സന്ദർശിക്കുകയും കൂടാതെ എടൂർ, നെല്ലിക്കാംപൊയിൽ, ബദിയടുക്ക, കരിക്കോട്ടകരി, പൈസക്കരി എന്നിവിടങ്ങളിലെ വാർഷിക പൊതു യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

### SHG & JLG ലോണുകൾ

കർഷക ആത്മഹത്യകൾ തുടർക്കഥപോലെ അരങ്ങേറികൊണ്ടി രിക്കുന്ന ഈ സമൂഹത്തിൽ ക്രിയാത്മകമായ ഒരു ഇടപെടൽ ഉണ്ടാ കേണ്ടത് അത്യാവശ്യമാണ്. അതിനൊരു പരിഹാരമായി TSSS ന്റെ

നേതൃത്വത്തിൽ SHG ലോണുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ റീജിയണുകളിലും പതിനഞ്ച് SHG ലോണുകൾ വച്ച് നൽകാനുള്ള കാര്യങ്ങൾ ക്രമീകരിക്കുകയും ചെയ്തു.

വെള്ളരിക്കുണ്ട് മേഖലയിൽ JLG ലോണിനു അനുമതി ലഭിക്കുകയും ലോൺ വിതരണം ഭംഗിയായി പൂർത്തീകരിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ നവംബർ 15-ാം തീയതി തോമാപുരം, ചെറുപുഴ മേഖലകളിൽ JLG ലോൺ ഡോക്യുമെന്റ് വെരിഫിക്കേഷൻ നടന്നു. നബാർഡിന്റെ സഹകരണ ത്തോടുകൂടി കാനറാ ബാങ്ക് ചെറുപുഴ ശാഖയിൽ നിന്നും 36 ഗ്രൂപ്പുകൾക്ക് വായ്പകൾ വിതരണം ചെയ്തു. TSSS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് വായ്പാ വിതരണോദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**സജീവം :** പുതുതലമുറയെയും അവരുടെ കുടുംബങ്ങളെയും നശിച്ചിപ്പിച്ചു കൊണ്ടിരിക്കുന്ന ലഹരിക്കെതിരെ ഒരു ബോധവത്ക്കരണ ക്ലാസ് നെടുംപുറംചാലിൽ വച്ച് നടത്തപ്പെട്ടു. TSSS സജീവം കോർഡിനേറ്റർ അലീന സണ്ണിയുടെ നേതൃത്വത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി സഹകരി ച്ചാണ് ക്ലാസ് സംഘടിപ്പിച്ചത്. പേരാവൂർ ഡിവിഷൻ സിവിൽ എക്സൈസ് ഓഫീസർ ശിവദാസൻസാറാണ് ക്ലാസ് നയിച്ചത്.

## ആശാകിരണം ഇൻഷുറൻസ്

TSSS ന്റെ നേതൃത്വത്തിൽ വിവിധ ഇൻഷുറൻസ് കമ്പനികളുമായി ചേർന്നുള്ള ആശാകിരണം ഇൻഷുറൻസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നു. ഇതിനോടകം തന്നെ നിരവധി ആളുകൾ ആരോഗ്യ ഇൻഷുറൻസിൽ മെമ്പർമാരാകുകയും കൂടുതൽ ആളുകൾ താത് പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആളുകൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി 'Care Health' ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചാണ് ആശാകിരണം ഇൻഷുറൻസിന്റെ തുടർ പ്രവർത്തനങ്ങൾ. നവംബർ 3,4,6 തീയതികളിൽ ആശാകിരണം ഇൻഷുറൻസ് പദ്ധതിയിലെ പോളിസികളെക്കുറിച്ച് അറിയുന്നതിനായി മേഖലാടിസ്ഥാന ത്തിൽ ഓൺലൈനായി ക്ലാസുകൾ സംഘടിപ്പിച്ചു.

## ഫാമിലി കൗൺസിലിങ്ങ് സെന്റർ (FCC)

TSSS ഫാമിലി കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ 14-ാം തീയതി നെടുംപുറംചാൽ SHG മെമ്പേഴ്സിനുവേണ്ടി 'കുടുംബപ്രശ്ന ങ്ങളും അടിസ്ഥാന കാരണങ്ങളും' എന്ന വിഷയത്തെ സംബന്ധിച്ച് കൗൺസിലർ റോഷൽ മറിയം ക്രിസ്റ്റഫർ ഒരു ബോധവത്കരണ ക്ലാസ് നടത്തുകയുണ്ടായി.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തെ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധന ക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ അർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. നവംബർ 6-ാം തീയതി ആലക്കോട് വച്ച് ക്യാമ്പ് നടത്തപ്പെട്ടു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലയിലെ TSSS അംഗങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

ടി എസ് എസ് എസ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് നോർത്ത് വെസ്റ്റേൺ സ്വിറ്റ്സർലാണ്ട് യൂണിവേഴ്സിറ്റി നടത്തിയ ലീഡർഷിപ്പ്, സസ്റ്റൈനബിലിറ്റി, സ്റ്റേക്ക്ഹോൾഡർ മാനേജ്മെന്റ് എന്ന കോഴ്സിൽ ഓൺലൈനായി പങ്കെടുക്കുകയുണ്ടായി.

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ഇൻഫാം

നവംബർ എട്ടാം തീയതി കാഞ്ഞിരപ്പള്ളി മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ വച്ച് ഇൻഫാം സ്റ്റേറ്റ് എക്സിക്യൂട്ടിവ് മീറ്റിംഗ് നടത്തപ്പെട്ടു. ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി, TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, ഇൻഫാം കണ്ണൂർ, കാസർഗോഡ് ജില്ലാ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ വച്ച് നമ്മുടെ രൂപതാംഗമായ സ്കറിയ നെല്ലംകുഴിയെ ഇൻഫാം സ്റ്റേറ്റ് വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ശ്രീ. സ്കറിയ നെല്ലംകുഴിക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**ഫാ. ബിബിൻ വരമ്പകത്ത്**
അസി. ഡയറക്ടർ TSSS

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ TSSS

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

കാര്യക്ഷമമായ രീതിയിൽ ഏറെ കൃത്യതയോടുകൂടി കമ്പനിയുടെ പ്രവർത്തനങ്ങൾ മുമ്പോട്ട് നീങ്ങുകയാണ്. ഡിസംബർ മാസത്തോടുകൂടി വിപണിയിൽ സജീവമാകുവാൻ സാധിക്കുന്ന രീതിയിൽ നമ്മുടെ കമ്പനി യുടെ പ്രവർത്തനങ്ങൾ സജ്ജമായിരിക്കുകയാണ്. വരുന്ന മാസങ്ങളിൽ നൂറിലധികം പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ച് കണ്ണൂർ കാസർഗോഡ് ജില്ല കളുടെ വിപണിയിൽ സജീവമാകുന്നതോടൊപ്പം പുതിയ പ്രോഡക്റ്റുകൾ ലോഞ്ച് ചെയ്യുന്നതിനായ നടപടികളുമായി മുമ്പോട്ടു പോകുന്നു.

**പുതിയ ഔട്ട്ലെറ്റ് :** ബയോ മൗണ്ടൻ കമ്പനിയുടെ പുതിയ രണ്ട് യൂണിറ്റുകൾ പച്ചാണിയിലും അരവഞ്ചാലിലും ആരംഭിക്കുകയുണ്ടായി.

**സന്തോഷ വാർത്ത :** കുന്നോത്ത് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ അതിന്റെ അന്തിമഘട്ടത്തിൽ എത്തിയിരിക്കുകയാണ്. ഫാക്ടറിയുടെ പ്രവർത്തന ത്തിന് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിന് ട്രാൻസ്ഫോർമർ കെ. എസ്.ഇ.ബിയുടെ സഹായത്തോടെ ഇൻസ്റ്റലേഷൻ നടത്തി. ഫാക്ടറിയുടെ സുഗമമായ നടത്തിപ്പിന് തൃശൂർ പൈലറ്റ്സ്സ്മിത്ത് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽനിന്നും ട്രെയ്നേഴ്സ് നേരിട്ട് എത്തിച്ചേർന്ന് നമ്മുടെ ജീവനക്കാർക്ക് ട്രെയിനിംഗ് നൽകി.

**നിവേദനം സമർപ്പിച്ചു :** തലശ്ശേരി അതിരൂപതയിലെ നാനാജാതിമത സ്ഥരായ മലയോര കർഷകരുടെ ആവശ്യങ്ങളായ റബ്ബറിന്റെ താങ്ങുവില, വന്യമൃഗങ്ങളുടെ ശല്യം, ഉൽപ്പന്നങ്ങളുടെ വിലയിടിവ്, ആരോഗ്യ മേഖല, കാർഷിക സംരംഭങ്ങൾക്കായുള്ള ഇൻഡസ്ട്രിയൽ പാർക്ക് എന്നീ ഗൗരവ മേറിയ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച് നവകേരള സദസ്സിൽ ബഹു. മുഖ്യ മന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും മുമ്പാകെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ എം.ഡി ഫാ. ബെന്നി നിരപ്പേലിന്റെയും നേതൃത്വത്തിൽ നിവേദനം സമർപ്പിച്ചു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ മാനേജിംഗ്*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

എയ്ഞ്ചൽ ട്രെസ്റ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച കരുവഞ്ചാൽ, ഇരിട്ടി - കടത്തുംകടവ് ഡയാലിസിസ് സെന്ററുകളിൽ വിദഗ്ധ ഡോക്ടർമാരുടെയും ടീം അംഗങ്ങളുടെയും സേവനം ലഭ്യമാണ്. കരുവഞ്ചാലിൽ 34 രോഗികളും കടത്തുംകടവിൽ 29 രോഗികളും ഇപ്പോൾ ദിവസവും ചികിത്സയിലുണ്ട്. ഫൊറോനാ തലങ്ങളിൽ എയ്ഞ്ചൽ ഡയാലിസിസ് പദ്ധതി കൂടുതൽ സജീവമാവുകയും ഇടവകകളുടെ നിർദ്ദിഷ്ട വിഹിതം കൃത്യതയോടെ ഫൊറോനകളിൽ നല്കുകയും ചെയ്യുമല്ലോ.

**3. പ്രത്യേക ശ്രദ്ധക്ക്**

1) 80G ഉള്ളതിനാൽ ലഭിക്കുന്ന സംഭാവനകളുടെ കണക്കുകൾ ഇൻകം ടാക്സിൽ സമർപ്പിക്കുമ്പോൾ തുക നല്കിയ വ്യക്തികളുടെ പാൻനമ്പർ കൂടി കൃത്യമായി സമർപ്പിക്കേണ്ടതിനാൽ പാൻമ്പർ റെസിപ്റ്റിൽ ചേർക്കണം.

2) പണമായോ, ചെക്കായോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പിയും വാങ്ങി കൃത്യതയോടെ സൂക്ഷിക്കണം.

3) ഇടവകാ ഫണ്ടിൽനിന്ന് ഫൊറോനാ വിഹിതം നല്കാൻ സാധിക്കാത്തവർ മറ്റ് പല ഇടവകകൾ ചെയ്യുന്നതുപോലെ സംഘടനകൾ വഴിയോ, ബെനഫാക്ടേഴ്സ് കൂട്ടായ്മയിലൂടെയോ, വിൻസെന്റ് ഡി പോൾ വഴിയോ തുക സംഘടിപ്പിക്കുന്നത് ചില അനുകരണീയ മാതൃകകൾ ആണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2023 ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**ഡിസംബർ** 01-03 : തപസ്സ് ധ്യാനം
03-07 : ആന്തരീക സൗഖ്യ ധ്യാനം
09 : വചനാഗ്നി (09 am - 02 pm, ഏകദിന കൺവെൻഷൻ)
10-13 : കന്നഡ ധ്യാനം
17-21 : ആന്തരീക സൗഖ്യ ധ്യാനം
26-30 : യുവജന ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

**ഡിസംബർ** 02-06 : പരിശുദ്ധാത്മാഭിഷേക ധ്യാനം
02, 23, 30 : ഏകദിന ധ്യാനം
08 : ജാഗരണ പ്രാർത്ഥന
09 : കുട്ടികളുടെ ഏകദിന ധ്യാനം
16-20 : ആന്തരീക സൗഖ്യ ധ്യാനം
21-23 : തപസ്സ് ധ്യാനം (21, 11 am - 23, 08 am)
26-30 : ആന്തരീക സൗഖ്യ ധ്യാനം

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ : 7306859339**

**ഡിസംബർ** 02 : അഖണ്ഡ ജപമാല (Spiritual Sharing, ഏകദിനം)
08 : ജാഗരണ പ്രാർത്ഥന
10-14 : ആന്തരീക സൗഖ്യ ധ്യാനം
26-28 : കുടുംബ നവീകരണ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഒക്ടോബർ 2023

28-31 അയർലന്റ് ഡബ്ലിനിൽവച്ച് സീറോമലബാർ കമ്മ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ധ്യാനം നയിച്ചു.

### നവംബർ 2023

02 ഉച്ചയ്ക്കുശേഷം ചരൾ ഇടവകയിലെത്തി പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിനുള്ള സ്ഥലം സന്ദർശിച്ചു. തുടർന്ന് മാടത്തിൽ ഇടവകയിലെത്തി നവീകരിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

03 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ആലോചനാ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പന്തൊട്ടി ദൈവാലയത്തിലെത്തി ദൈവസന്നിധിയിലായിരിക്കുന്ന ബഹു. പന്നിയാംമാക്കൽ അച്ചനുവേണ്ടി ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

04 വിളക്കന്നൂർ ഇടവകാ ദൈവലായത്തിൽവച്ച് ബഹു. ഡീക്കൻ ജോസഫ് മണ്ണിപ്ലാക്കലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം നിർമ്മലഗിരി കോളേജിൽവച്ച് ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിന്റെ രജത ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ഇരിട്ടി ദൈവാലയത്തിൽവച്ച് കുടുംബ കൂട്ടായ്മകളുടെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

05 രാവിലെ ബർണ്ണശ്ശേരിയിൽവച്ച് സംഘടിപ്പിച്ച കണ്ണൂർ രൂപതയുടെ ജൂബിലി സമ്മേളനത്തിൽ വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം നെല്ലിക്കാംപൊയിലിൽ ഫാ. മനോജ് കൊച്ചുപുരയുടെ ഭവനം സന്ദർശിച്ചു. തുടർന്ന് നെല്ലിക്കാംപൊയിൽ ഇടവക പുതുതായി നിർമ്മിച്ച പള്ളിമുറിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കുന്നോത്ത് പുതുതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

06 രാവിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് ഭീമനടിയിൽവച്ച് ത്രേസ്യാമ്മ

അബ്രാഹം വാരണത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചയോടെ കൂത്തുപറമ്പിലെത്തി സി. റാണി മരിയയുടെ ജീവചരിത്രകഥ പറയുന്ന ഫെയ്സ് ഓഫ് ദ ഫെയ്സ്‌ലെസ് സിനിമ കണ്ടു. ഉച്ചയ്ക്കുശേഷം നെല്ലിക്കാംപൊയിൽ ഫൊറോനാ ദൈവാലയത്തിൽവച്ച് മരങ്ങാട്ടുമ്യാലിൽ അജിത്തിന്റെയും ഒറ്റപ്ലാക്കൽ ഡാലിയയുടെയും വിവാഹം ആശീർവ്വദിച്ചു.

07 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. ആന്റണി പരതേപ്പതിക്കൽ അച്ചന്റെ അമ്മയെ സന്ദർശിച്ചു. രാത്രിയോടെ കാനഡയിലേക്കു യാത്രതിരിച്ചു.

09–12 കാനഡ മിസ്സിസാഗ രൂപതയുടെ എപ്പാർക്കിക്കൽ അസംബ്ലിയുടെ മോഡറേറ്റർ പദവി വഹിച്ചു.

13–18 മിസ്സിസാഗ രൂപതയിലെ വൈദികർക്കുവേണ്ടിയുള്ള ധ്യാനം നയിച്ചു.

19 അതിരൂപതാകേന്ദ്രത്തിൽവച്ച് ചേർന്ന സാങ്താ മാതാ നഴ്സിംങ് കോളേജ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

20 അതിരൂപതാകേന്ദ്രത്തിൽവച്ച് ചേർന്ന വിമൽജ്യാതി എഞ്ചിനീയറിംഗ് കോളേജ് ട്രസ്റ്റ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പേരി ഇടവകാംഗമായ ടോണി മുണ്ടക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ജൂബിലി വർഷത്തിലായിരിക്കുന്ന ബഹു. വൈദികർക്കൊപ്പം ദിവ്യബലിയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയും ചെയ്തു.

**DECEMBER 2023**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 10.00 am | - | Inter Curia Meeting |
| | 05.30 pm | - | Thalassery : Sanjose School |
| 02 | 09.00 am | - | Deacons Meet |
| | 02.00 pm | - | Thalipparamba: Mathruvedi General Body Meeting |
| 03 | | - | Chepparamba : Pastoral Visit |
| 04 | 09.00 am | - | Pala |
| 04-06 | | - | KCBC |
| 07 | 09-12 pm | - | Visitors Day |
| | 04.00 pm | - | Kunnoth Forane Retreat |
| 08 | 02.00 pm | - | Iritty : KAS Meeting |
| | 04.00 pm | - | Kunnoth Forane Retreat |
| 09 | 10.00 am | - | Pastoral Council |
| | 04.00 pm | - | Kunnoth Forane Retreat |
| 10 | | - | Keezhpally : Pastoral Visit |
| 10-14 | | - | GSMS Kunnoth : Deacons Retreat |
| 15 | 09.00 am | - | Auditors Meet |
| | 04.00 pm | - | Edoor Forane Retreat |
| 16 | 09.30 am | - | Thalassery : Alpha Convocation |
| | 04.00 pm | - | Edoor Forane Retreat |
| 17-20 | | - | Punjab Mission |
| 21 | 09.12 pm | - | Visitors Day |

| | | | |
|---|---|---|---|
| | 05.00 pm | - | Thalassery : Town Carol |
| 22 | 10.30 am | - | Cathedral : Deaconate |
| | 06.00 pm | - | Kannur : Ecumenical Christmas Celebration |
| 23 | 03.00 pm | - | Boun Nathale Christmas Celebration |
| 25 | | - | Cathedral |
| 26 | 09.00 am | - | Udayagiri : Ordination |
| | 03.00 pm | - | Thalipparamba : Parish Co-ordinators Meet |
| 27 | 09.00 am | - | Paduppu : Ordination |
| | 02.30 pm | - | Sreekandapuram : Ordination |
| 28 | 09.00 am | - | Naduvil : Ordination |
| | 02.00 pm | - | Pariyaram : Ordination |
| 29 | 09.00 am | - | Chemperi : Ordination |
| | 03.30 pm | - | Mandalam : Ordination |
| 30 | 09.00 am | - | Manippara : Ordination |
| | 04.00 pm | - | Maruthomkara : Jubilee |
| 31 | | - | Anara : Pastoral Visit |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

# മാർ ജോർജ് ഞറളക്കാട്ട്

## നവംബർ 2023

01 രാവിലെ ഇരിട്ടിയിൽ സഖറിയാസ് കൺവെൻഷന്റെ സമാപനത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകുകയും തുടർന്ന് നടന്ന മീറ്റിംഗിന് അധ്യക്ഷത വഹിക്കുകയും ചെയ്തു.

05 ഉച്ചകഴിഞ്ഞ് കണ്ണൂർ രൂപതയുടെ കത്തീഡ്രലിൽ വച്ച് നടന്ന രജത ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം കുന്നോത്ത് പുതിയതായി നിർമ്മിച്ച പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മത്തിൽ പങ്കെടുക്കുകയും ശേഷം നടന്ന അനുമോദന ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു.

06 ഭീമനടിയിൽ, നിര്യാതയായ വാരണത്ത് ത്രേസ്യാമ്മയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. രാവിലെ വെള്ളരിക്കുണ്ടിൽ വച്ച് ചെമ്പരത്തിക്കൽ എബിൻ - റോസ്മി ദമ്പതികളുടെ വിവാഹം ആശീർവദിച്ചു. വൈകുന്നേരം മാനന്തവാടി കുറുമണിയിൽ കാവാലം ബിജു - ലാലി ദമ്പതികളുടെ മകൻ വിൻസെന്റിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

10 രാവിലെ ശ്രീകണ്ഠാപുരം നെടുവാലൂരിൽ വച്ച് തൻവീ നെടുമ്പള്ളി ആരംഭിച്ച ഏ. എൻ. ടി ആർക്കിടെക്ച്ചുറൽ സ്റ്റുഡിയോയുടെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. വൈകുന്നേരം മാടത്തിൽ ഹോം മിഷന്റെ സമാപനത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

11 രാവിലെ കുന്നോത്ത് സെമിനാരിയിൽ നടത്തപ്പെട്ട പേരന്റ്സ് ഡേയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകുകയും ശേഷം നടന്ന മീറ്റിങ്ങിന് അധ്യക്ഷത വഹിക്കുകയും ചെയ്തു.

13 രാവിലെ കിളിയന്തറയിൽ നിര്യാതയായ സി. എലിസബത്ത് ഉള്ളോപ്പള്ളിൽ എസ്.ഏ.ബി.എസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

14 ഉച്ചകഴിഞ്ഞ് മഞ്ഞളാംപുറം യുപി സ്കൂളിൽ നടന്ന ശിശുദിന ആഘോഷ പരിപാടിയിൽ പങ്കെടുത്തു.

16 വൈകുന്നേരം തളിപ്പറമ്പ് പുഷ്പഗിരിയിൽ വി. യൂദാതദേവൂസിന്റെ നവനാളിന് ആരംഭം കുറിച്ചുകൊണ്ട് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

17 ഉച്ചകഴിഞ്ഞ് ആലക്കോട് വച്ച് പുതിയതായി റിലീസ് ചെയ്ത ഫേസ് ഓഫ് ദി ഫേസ്ലെസ്സ് എന്ന ചലച്ചിത്രം കണ്ടു. വൈകുന്നേരം വെള്ളരിക്കുണ്ട് മാവുള്ളാലിൽ വി. യൂദാതദേവൂസിന്റെ നവനാളിന് ആരംഭമായി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

20 വൈകുന്നേരം തലശ്ശേരിയിൽ നടന്ന വൈദികരുടെ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

21 രാവിലെ പെരുമ്പുന്ന പ്രസന്റേഷൻ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് വിമലശ്ശേരിയിൽ നിര്യാതയായ ക്ലാരമ്മ ഡൊമിനിക് എളൂക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

22 രാവിലെ പുറവയലിൽ ബഹു. ജോർജ് കിഴക്കുംപുറം (മാനന്തവാടി രൂപത) അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

23 രാവിലെ കീഴ്പ്പള്ളിയിൽ തെക്കേകാരയ്ക്കാട്ട് ഷാജി - ജോയ്സി ദമ്പതികളുടെ നാലാമത്തെ കൊച്ചിന്റെ മാമ്മോദീസ നടത്തി.

25 രാവിലെ മേരി ഞറളക്കാട്ടിന്റെ 32-ാം ചരമവാർഷിക ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് സെമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

26 വൈകുന്നേരം നെടുംപുറംചാൽ ഇടവകയിലെ സകല മരിച്ച വിശ്വാസികൾക്കും വേണ്ടി വി. കുർബാനയും, ചാത്തവും നടത്തി.

27 വൈകുന്നേരം ഇരിട്ടിയിൽ വച്ച് മൂലയിൽ ജിബിൻ - പൂജാ ദമ്പതികളുടെ വിവാഹം ആശീർവദിച്ചു.

28 എറണാകുളത്ത് നടന്ന ബാച്ച് ഗാതറിംഗിൽ പങ്കെടുത്തു.

29 വൈകുന്നേരം സുവർണ്ണ ജൂബിലിയുടെ നിറവിൽ ആയിരിക്കുന്ന പരിയാരം സെന്റ് സേവിയേഴ്സ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

30 രാവിലെ മണിപ്പാറയിൽ പഥാപറമ്പിൽ റിജോ - ഷീബ ദമ്പതികളുടെ നാലാമത്തെ കൊച്ചിന്റെ മാമ്മോദീസയും ഷിയാ ആഗ്നസ് പഥാപറമ്പിലിന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണവും നടത്തി.

**DECEMBER 2023**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | 6:45 am | - | Holy Mass : SABS Palaparamba |
| 03 | 03:00pm | - | Swanthanam Trust Meeting : Karuvanchal |
| 07- 14 | | - | Pulpally |
| 15 | 10:30 am | - | Holy Mass : Kurumani |
| 25 | 12:00 am | - | Christmas : Cheekad |
| 26 | 09:00 am | - | Ordination of Dn. Mundackal : Pathanpara |
| | 05:30 pm | - | Meeting Dialysis Center : Iritty |
| 27 | 09:30 am | - | Baptism and First Communion : Aryaparamba |
| 28 | 09:00 am | - | Ordination of Dn. Karingalikattil : Cherupuzha |
| | 05:00 pm | - | Betrothal : Mananthavady |
| 29 | 09:00 am | - | Ordination of Dn. Savio Palakuzhy : Pottemplavu |
| 30 | 09:00 am | - | Ordination of Dn. Chempakasseril : Palathinkadavu |
| | 04:30 pm | - | Marriage : Marakkadavu |
| 31 | 09:30 am | - | Holy Mass : Palavayal |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**നവംബർ 2023**

05 കണ്ണൂർ രൂപത രജത ജൂബിലിയുടെയും ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെയും സമാപനത്തോടനുബന്ധിച്ച് ബർണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിയിൽ പങ്കെടുത്തു. വൈകുന്നേരം കുന്നോത്ത് ഇടവകയിലെ പാരീഷ് ഹാളിന്റെ വെഞ്ചരിപ്പു കർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു.

06 ഭീമനടി ഇടവകയിൽ നിര്യാതയായ ബഹു. ജോസഫ് വാരണത്ത് അച്ചന്റെ മാതാവ് ത്രേസ്യാമ്മ അബ്രാഹാം വാരണത്തിന്റെ ഭവനം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും തുടർന്ന് മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

12 കണ്ണൂർ കൊയ്‌ലി ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. ജോസഫ് ചാത്തനാട്ടച്ചനെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

13 കിളിയന്തറ പ്രൊവിൻഷ്യൽ ഹൗസ്സിൽ നിര്യാതയായ തലശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻസ് അംഗമായ സി. എലിസബത്ത് ഉള്ളോപ്പള്ളിലിന്റെ ഭൗതികശരീരം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

19 കണ്ണൂർ മിംസ് ആശുപത്രിയിൽ ഓപ്പറേഷനുശേഷം വിശ്രമിക്കുന്ന സി. ട്രീസ MSMI യെ സന്ദർശിച്ച് പ്രാർത്ഥിച്ചു. തുടർന്ന് കരുണാപുരത്ത് നിര്യാതയായ പൊന്നാട്ട് ബെന്നിയുടെ (പ്രതീക്ഷ, തലശ്ശേരി) അമ്മ ഏലമ്മ പൊന്നാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. മോൺ. തോമസ് മണ്ണൂരാംപറമ്പിൽ അച്ചനെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

# DECEMBER 2023 ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 26 | 11:00 am | - | Holy Communion : Kakkavayal, Thamarassery |
| 27 | 09:00 am | - | Ordination : Thirumeni |
| 28 | 09:00 am | - | Ordination : Balal |
| 29 | 04:00 pm | - | Choorapadavu : Holy Mass |
| 30 | 09:00 am | - | Ordination : Kanjirakkolly |
| 31 | | - | Nellikkampoil : Golden Jubilee |

**Secretary to the Archbishop Emeritus**

# CONGRATULATIONS...

## Silver Jubilerians



Rev. Fr. James **Chellamkottu**

Rev. Fr. Thomas **Edattu**

Rev. Fr. Mathew **Mulayolil**



Rev. Fr. Scaria **Nirappel**

Rev. Fr. Abraham **Puthussery**

Rev. Fr. Johnson **Thottathil**

Rev. Fr. George **Thykunnumpuram**




ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ
ഓവറോൾ ചാമ്പ്യൻഷിപ്പ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ
തലശ്ശേരി അതിരൂപത മിഷൻലീഗിന്

**അഭിനന്ദനങ്ങൾ**

RNI Reg. No. 5910 Date of Publication: 28/11/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 06 ലക്കം : 12 വില : ₹10

## ഡിസംബർ 08
## പരി. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ





Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.